# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 28 | Issue 4 | Fortnightly | October 15, 2016 | Page 24 | ₹ 10


## കോഴിക്കോട് ഓൺലൈൻ പരീക്ഷാകേന്ദ്രം നാടിന് സമർപ്പിച്ചു




കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു



## 2016 ഒക്ടോബർ 6 ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ഓൺലൈൻ പരീക്ഷാകേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം

സഹോദരി സഹോദരന്മാരേ,

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ഓൺലൈൻ പരീക്ഷാകേന്ദ്രത്തിന്റെ ഉദ്ഘാടനം ഔപചാരികമായി നിർവ്വഹിച്ചതായി ആദ്യമായി അറിയിക്കുന്നു.

ഇവിടെ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ പ്രസ്താവിച്ചതുപോലെ നമ്മുടെ പി.എസ്.സി വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ്. നമ്മുടെ രാജ്യത്തുതന്നെ ഏറ്റവും മാതൃകാപരവും അഴിമതിരഹിതവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്ന കമ്മീഷൻ, കേരളത്തിലെ കമ്മീഷനാണ് എന്നതാണ് വസ്തുത. ഇതിന് പി.എസ്.സിക്ക് പൊതുവിൽ അഭിമാനിക്കാൻ വലിയ തോതിൽ വകയുണ്ട്. കാരണം നമ്മുടെ സമൂഹത്തിൽ പലവിധത്തിലുള്ള ജീർണ്ണതകൾ ബാധിക്കുകയാണ്. അത്തരത്തിലുള്ള ഒരു ഘട്ടത്തിൽ അതൊന്നും കാര്യമായി ബാധിക്കാതെ ഒരു സവിശേഷ സംവിധാനമായി ഈ ഭരണഘടനാ സ്ഥാപനം കേരളത്തിൽ തലയുയർത്തി നിൽക്കുന്നു എന്നത് അഭിമാനകരമായ കാര്യമാണ്. ഇത് കളങ്കരഹിതമായി നിലനിൽക്കുക എന്നത് ഏറ്റവും പ്രധാനമാണ്. കാരണം, തൊഴിൽ രഹിതരായ, ഇവിടെ ചെയർമാൻ പ്രസ്താവിച്ചതുപോലെ, കോടിക്കണക്കിന് യുവതീയുവാക്കൾ അർപ്പിക്കുന്ന വിശ്വാസമാണ് ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിന് ഏറ്റവും വലിയ അടിസ്ഥാനം. അപ്പോളതിൽ ഇളക്കം തട്ടാൻ പാടില്ല. അതിൽ ഇളക്കം തട്ടാതെ മുന്നോട്ട് പോകാൻ പി.എസ്.സിയ്ക്ക് കഴിയട്ടെ എന്നാണ് ആദ്യമായി ആശംസിക്കാനുള്ളത്. ഇവിടെ അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം ശരിയാണ്. ഇതുപോലെ ഇത്രയധികം പരീക്ഷകൾ നടത്തി നിയമനശിപാർശകൾ നൽകുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ നമ്മുടെ രാജ്യത്ത് വേറെ കാണാനാ


(ശേഷം പേജ് 24ൽ)


## റെക്കോർഡ് പരീക്ഷയ്ക്കൊരുങ്ങി പി.എസ്.സി.


പേജ് 2



website: www.keralapsc.gov.in E-mail: kpscbulletin@gmail.com Circulation : 0471-2546270

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി അധ്യക്ഷൻ**

**ശ്രീ. അശോകൻ ചരുവിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

**ഫോൺ :** *0471 2546368 OR 9446412483*
**സർക്കുലേഷൻ (പി.ആർ.യൂണിറ്റ്):** *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**
മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാ തല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **കാലാവധി തീരാറാകുന്ന വരിക്കാർക്ക് അതു സംബന്ധമായ അറിയിപ്പ് ആറു ലക്കം മുമ്പ് മുതൽ റാപ്പറിലെ വിലാസത്തിൽ ഉൾപ്പെടുത്തുണ്ട്.**
- **വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പി.എസ്.സി. അറിയിപ്പുകൾ

## റെക്കോർഡ് പരീക്ഷയ്ക്കൊരുങ്ങി പി.എസ്.സി.

കേരള സ്റ്റേറ്റ് ബിവറേജസിൽ (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ് കോർപ്പറേഷൻ ലിമിറ്റഡ്) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് (നേരിട്ടും തസ്തികമാറ്റം വഴിയും) 2016 ഒക്ടോബർ 22 ന് നടത്തുന്ന ഒ.എം.ആർ. പരീക്ഷയിലൂടെ ഏറ്റവും കൂടുതൽ എണ്ണം ഉദ്യോഗാർത്ഥികളെ പരീക്ഷയ്ക്കിരുത്തി റെക്കോർഡ് നേട്ടം കൈവരിക്കുവാൻ ഒരുങ്ങുകയാണ് കേരള പി.എസ്.സി. 6,36,634 ഉദ്യോഗാർത്ഥികളെയാണ് ഈ പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ളത്. 2016 മെയ് 24 ന് നടന്ന വിവിധ യൂണിവേഴ്സിറ്റികളിലെ അസിസ്റ്റന്റ് തസ്തികയ്ക്കാണ് ഇതിന് മുൻപ് കൂടുതൽ ഉദ്യോഗാർത്ഥിക്കായി പി.എസ്.സി. പരീക്ഷ ഒരുക്കിയിരുന്നത്. 5,41,823 ഉദ്യോഗാർത്ഥികൾക്കാണ് അന്ന് പരീക്ഷാ ക്രമീകരണങ്ങൾ നടത്തിയിരുന്നത്.

## പരീക്ഷാ കേന്ദ്രങ്ങൾക്കായി അപേക്ഷ ക്ഷണിക്കുന്നു

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തു പരീക്ഷകൾ/ഒ.എം.ആർ. പരീക്ഷകൾ എന്നിവ നടത്താൻ താൽപര്യപ്പെടുന്ന പരീക്ഷാ സൗഹൃദവും, ഉദ്യോഗാർത്ഥി സൗഹൃദവും ആയ കേരളത്തിലെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ മേധാവികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാ ഫോമുകൾ ഓൺലൈനായി ലഭിക്കുന്നതിന് asexam.psc.kerala.gov.in എന്ന ഇ.മെയിലിൽ കത്തുകൾ അയക്കേണ്ടതാണ്. കത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷാ ഫാറങ്ങൾ ഇ–മെയിലിലൂടെ ലഭ്യമാക്കുന്നതും ആയത് പൂരിപ്പിച്ച് പ്രസ്തുത ഇ–മെയിൽ വിലാ ത്തിലേയ്ക്ക് എത്രയും വേഗം ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ കേന്ദ്രങ്ങളായി അനുവദിക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ മേധാവികൾ സ്ഥാപനത്തിന്റെ ഫോൺ നമ്പർ, ഇ–മെയിൽ വിലാസം എന്നിവ കത്തിനോടൊപ്പം സൂചിപ്പിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അവകാശം കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും.

## തപാൽ വരിക്കാരുടെ എണ്ണത്തിൽ വർധനവ്

ബുള്ളറ്റിന്റെ തപാൽ വരിസംഖ്യ ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതോടെ വരിക്കാരുടെ എണ്ണം വർധിച്ചു. അപ്പോൾത്തന്നെ സബ്സ്ക്രൈബർ ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ തൊട്ടടുത്ത ലക്കം മുതൽ ബുള്ളറ്റിൻ തപാലിൽ ലഭിക്കുമെന്നത് ഓൺലൈൻ സംവിധാനത്തിന്റെ മെച്ചമാണ്. ജില്ലാതല സോർട്ടിങ്ങിന് പുറമേ, വിതരണത്തിന് വേഗം കൂട്ടുന്നതിനായി പ്രീ–പോസ്റ്റിങ് ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബുള്ളറ്റിനുകൾ തപാൽ ഓഫീസിൽ എത്തിക്കുന്നതിനുള്ള ക്രമീകരണം സെപ്തംബർ 15 ലക്കം മുതൽ നടപ്പിൽവരുത്തിയിട്ടുണ്ട്. ഉദ്യോഗാർഥികൾക്ക് ഏജൻസികൾമുഖേന ബുള്ളറ്റിൻവാങ്ങുന്നതിന് സൗകര്യമൊരുക്കുന്നതിന് ഏജൻസിയെടുക്കാൻ സന്നദ്ധരാകുന്നവർക്ക് പരിപൂർണ പിന്തുണയും സഹകരണവും പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ നിന്ന് നൽകിവരുന്നുണ്ട്. 300 രൂപ മാത്രമാണ് മിനിമം ഡിപ്പോസിറ്റ്. ഡി.ഡി./ട്രഷറി ചെലാൻ/മണിയോർഡർ മുഖേനയോ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടോ ഏജൻസികൾക്ക് പണം അടയ്ക്കാം. ഉദ്യോഗാർത്ഥികൾക്ക് ബുള്ളറ്റിൻ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, വായനശാലകൾ, യൂത്ത് ക്ലബുകൾ, ഉദ്യോഗാർത്ഥി കൂട്ടായ്മകൾ മുതലായവ ഇപ്പോൾ സജീവമായി രംഗത്തുണ്ട്. പിഎസ്‌സിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെയും വ്യവസ്ഥകളെയുംക്കുറിച്ച് മെച്ചപ്പെട്ട അവബോധം ഉദ്യോഗാർഥികളിൽ സൃഷ്ടിച്ച് അതുവഴി ഓഫീസ് പ്രവർത്തനം സുഗമമാകത്തക്കതരത്തിൽ ബുള്ളറ്റിനിന്റെ ഉള്ളടക്കം ക്രമീകരിച്ചിട്ടുണ്ട്.

# തിരുത്ത്

**സെപ്തംബർ 1** ലക്കത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം ആരംഭിച്ചത് 2013–ൽ എന്ന് ചേർത്തിരുന്നത് 2005 എന്ന് തിരുത്തിവായിക്കേണ്ടതാണ്.

**സെപ്തംബർ 15** ലക്കത്തിൽ പതിനൊന്നാം പേജിൽ കേരളചരിത്രവും വ്യക്തികളും എന്ന പംക്തിയിൽ 1758ൽ മാർത്താണ്ഡവർമ നാടുനീങ്ങിയപ്പോൾ രാജാവായ കാർത്തിക തിരുനാൾ ബാലരാമവർമ(ധർമരാജാവ്)യുടെ കാലത്തും അയ്യപ്പൻ മാർത്താണ്ഡപിള്ള ദളവാസ്ഥാനത്തുതുടർന്നു എന്ന് കൊടുത്തിരുന്നു. അത് കാർത്തിക തിരുനാൾ രാമവർമ എന്ന് തിരുത്തിവായിക്കേണ്ടതാണ്.

**ഒക്ടോബർ 1** ലക്കത്തിൽ 24–ാം പേജിൽ എ.ജെ. ജോണിനെക്കുറിച്ചുള്ള വിവരണത്തിൽ തിരുവിതാംകൂറിൽ ഭരണഘടനാ നിർമാണസമിതി രൂപംകൊണ്ടത് 1920 മാർച്ച് 20 എന്ന് ചേർത്തിരുന്നത് 1948 മാർച്ച് 20 എന്ന് തിരുത്തിവായിക്കേണ്ടതാണ്.

ഐ.എൻ.എസ്. വിക്രാന്ത് (**ഒക്ടോബർ 1**, പേജ് 22)

ഡീകമ്മീഷൻ ചെയ്ത ഇന്ത്യയുടെ എയർക്രാഫ്റ്റ്കാരിയറായ ഐ.എൻ.എസ്. വിക്രാന്ത് ഫ്ളോട്ടിംഗ് മ്യൂസിയമായി നിലനിർത്തിയത് മുംബൈയിലാണ് (1997–2012). 2012–ൽ സുരക്ഷാ കാരണങ്ങളാൽ മ്യൂസിയം അടച്ചു. 2014–ൽ കപ്പൽ പൊളിച്ച് ലോഹം എടുക്കുന്നതിനായി ഓൺലൈൻ ലേലത്തിൽ നൽകി.

(ശരിയായ വസ്തുത അറിയിച്ചത് ധന്യ ശ്രീനാരായണപുരം, ശ്യാംകൃഷ്ണ വെഞ്ഞാറമൂട്. തെറ്റ് പ്രസിദ്ധീകരിച്ചതിൽ ഖേദിക്കുന്നു)

**ഒക്ടോബർ 1** ലക്കത്തിൽ 12–ാം പേജിൽ **സിവിൽ എക്സൈസ് ഓഫീസർ** (കാറ്റഗറി നമ്പർ 307/2016 മുതൽ 309/2016 വരെ) തസ്തികയുടെ വിജ്ഞാപനത്തിൽ ഒഴിവുകളുടെ എണ്ണം എന്ന വിഭാഗത്തിൽ കാറ്റഗറി നമ്പർ 307/2017, 308/2017, 309/2017 എന്നത് 307/2016, 308/2016, 309/2016 എന്ന് തിരുത്തി വായിക്കാൻ അഭ്യർത്ഥിക്കുന്നു.

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ



കെ.പി തങ്കമണി അമ്മ
ജോയിന്റ് സെക്രട്ടറി

# കഴിഞ്ഞ അഞ്ചു വർഷങ്ങൾ (2011–2016) ഒരു അവലോകനം

കഴിഞ്ഞ അഞ്ച് വർഷക്കാലം കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സമൂലവും ഗുണപരവുമായ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചു. പതിറ്റാണ്ടുകളായി തുടർന്നു പോന്ന പല പ്രാചീനരീതികളെയും കാലോചിതമായി പരിഷ്കരിച്ച് പി. എസ്. സി. പരീക്ഷകൾക്കും ഫലപ്രഖ്യാപനങ്ങൾക്കും കൂടുതൽ വേഗതയും സ്വീകാര്യതയും നൽകി. അക്കാദമിക് – പരീക്ഷാ– അടിസ്ഥാന സൗകര്യവികസന മേഖലയിൽ ഒട്ടേറെ മാറ്റങ്ങളാണ് പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഇക്കാലയളവിൽ ഉണ്ടായത്.

## റാങ്ക്‌ലിസ്റ്റുകൾ വേഗത്തിൽ

കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ വിവിധ തസ്തികകളിലായി 4546 വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുവാൻ കഴിഞ്ഞു. തൊട്ട്മുമ്പുള്ള അഞ്ച് വർഷങ്ങളിൽ ഇത് 3753 മാത്രമായിരുന്നു. 4546 വിജ്ഞാപനങ്ങൾ പ്രകാരം 2,21,92,654 ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചു. 2006 – 2011 ൽ അപേക്ഷകരുടെ എണ്ണം 1,47,70,941 ആയിരുന്നു. 50% ശതമാനത്തിൽക്കൂടുതൽ വർദ്ധനവാണ് ഇക്കാലയളവിൽ ഉണ്ടായത്.

2852 പരീക്ഷകൾ നടത്തി. 2006 – 11 ൽ 1019 പരീക്ഷകൾ മാത്രമാണ് നടന്നത്. 180 ശതമാനത്തോളം വർദ്ധനവാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. 2,23, 98,941 ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതിയപ്പോൾ 2006–11 ൽ 1,29,47,405 പേർ പരീക്ഷയ്ക്ക് ഹാജരായി. 75% വർദ്ധനവാണ് ഇക്കാലയളവിൽ ഉണ്ടായിരിക്കുന്നത്.

കഴിഞ്ഞ അഞ്ച് വർഷം 3566 റാങ്ക്‌ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. 2006–11 ൽ 2472 റാങ്ക്‌ലിസ്റ്റുകൾ മാത്രമേ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞുള്ളൂ. 6,58,044 ഉദ്യോഗാർത്ഥികൾ കഴിഞ്ഞ അഞ്ച് വർഷക്കാലം വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടപ്പോൾ 4,82,375 ഉദ്യോഗാർത്ഥികൾക്ക് മാത്രമാണ് 2006–11 ൽ വിവിധ റാങ്ക്‌ലിസ്റ്റുകളിൽ ഇടംപിടിക്കുവാൻ സാധിച്ചത്.

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ 2848 ഇന്റർവ്യൂകൾ നടത്തി. എന്നാൽ 2006–11 ൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് 1761 ഇന്റർവ്യൂകൾ സംഘടിപ്പിക്കുവാനെ സാധിച്ചുള്ളൂ. 70% വർദ്ധനവാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. 1, 61,496 ഉദ്യോഗാർത്ഥികൾ വിവിധ ഇന്റർവ്യൂകളിൽ പങ്കെടുത്തു.

1,57,096 ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചു. 2011–16 ൽ 2, 40,62,325 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചപ്പോൾ 2006 –11 ൽ കേവലം 1,22,82, 997 അപേക്ഷകളിൽ മാത്രമാണ് തീർപ്പ് കല്പിക്കാനായത്. 90% വർദ്ധനവാണ് ഇക്കാലയളവിൽ ഉണ്ടായിരിക്കുന്നത്.

## സ്വന്തമായി സിലബസ്

ചരിത്രത്തിലാദ്യമായി പി. എസ്. സി. പരീക്ഷകൾക്ക് സമഗ്രമായ സ്വന്തം സിലബസ് ഉണ്ടായത് 2013 ലാണ്. പി. എസ്. സി. യുടെ എല്ലാ പരീക്ഷകളിലും കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളും ദേശീയസമര ചരിത്രവും നിർബന്ധിത വിഷയങ്ങളാക്കി. 20 ചോദ്യങ്ങൾ ഈ വിഭാഗങ്ങളിൽ നിന്നായിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തി. മലയാളം ഒരു വിഷയമായി സാധ്യമായ എല്ലാ പരീക്ഷകളിലും ഉൾപ്പെടുത്തി.

## 3146 എസ്. സി. / എസ്. ടി. നിയമനങ്ങളിൽ നടപടി

27 വർഷങ്ങളായി യാതൊരുവിധത്തിലുള്ള നടപടികളും സ്വീകരിക്കാതെ അനാഥമായി കിടന്ന 2015 വരെയുള്ള 3146 എസ്. സി. / എസ്. ടി. ഒഴിവുകൾ പൂർണമായി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു. ഇതിൽ 2040 പേർക്ക് അഡ്വൈസ് അയച്ചു. 1106 ഒഴിവുകൾ നികത്തുന്നത് സംബന്ധിയായ നടപടികൾ അവസാനഘട്ടത്തിലാണ്.

## 609 വനവാസികൾക്ക് ട്രൈബൽ വാച്ചർ ജോലി

വനവാസികൾക്ക് വേണ്ടി വനം വകുപ്പ് സൃഷ്ടിച്ച 609 ട്രൈബൽ വാച്ചർ തസ്തികളിലേക്കുള്ള തെരഞ്ഞെടുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. പി. എസ്. സി. യുടെ ചരിത്രത്തിലാദ്യമായി ചെയർമാന്റെ നേതൃത്വത്തിൽ കമ്മീഷൻ അംഗങ്ങൾ വനത്തിലെത്തി അപേക്ഷകരെ കണ്ടെത്തി അവരിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിച്ച് ഇന്റർവ്യൂ നടത്തിയാണ് നിയമനങ്ങൾ നടത്തിയത്. ആകെ 9749 അപേക്ഷകൾ ലഭിച്ചു. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ആയ, സിവിൽ പോലീസ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിൽ എസ്. ടി. വിഭാഗക്കാർക്ക് സംവരണം ചെയ്തിരിക്കുന്ന ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## 2714 പിന്നോക്ക ഒഴിവുകൾ നികത്തി

വർഷങ്ങളായി വിജ്ഞാപനം നടത്താതെ കിടന്നിരുന്ന പിന്നോക്ക വിഭാഗക്കാർക്കു വേണ്ടിയുള്ള 4273 എൻ. സി. എ. ഒഴിവുകളിലേക്ക് വിജ്ഞാപനം നടത്തി. ഇതിൽ 2714 നിയമനങ്ങൾക്ക് അഡ്വൈസ് അയച്ചു. ബാക്കിയുള്ള 1559 ഒഴിവുകളിൽ 963 ഒഴിവുകൾ നികത്തണമെങ്കിൽ സർക്കാർ എന്തെങ്കിലും യുക്തമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. 596 തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ നിർവ്വഹണഘട്ടത്തിലാണ്.

## നാല് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ

ഭാരത ചരിത്രത്തിൽ പരീക്ഷകൾ ഓൺലൈനാക്കുന്ന ആദ്യ പി.എസ്. സി. യായി കേരള പി.എസ്. സി. മാറിയത് ഇക്കാലത്താണ്. പരീക്ഷാതീയതി മുതൽ 30 ദിവസത്തിനകം ചുരുക്കപ്പട്ടിക, റാങ്ക്പട്ടിക എന്ന ലക്ഷ്യവുമായി ആസ്ഥാന, മേഖലാ, ജില്ലാ ആഫീസുകളോടനുബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വന്തം ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സ്ഥാപിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

2013ലെ പി.എസ്.സി ചെയർമാന്മാരുടെ സമ്മേളനത്തിലാണ് യു.പി.എസ്.സി ചെയർമാൻ ഓൺലൈൻ മാതൃകയിലേയ്ക്ക് പരീക്ഷകൾ മാറ്റണം എന്ന് നിർദ്ദേശിച്ചതും അത് അംഗീകരിച്ചതും. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങൾ ഓൺലൈൻ പരീക്ഷയുടെ ഉത്തരവാദിത്തം TCS പോലുള്ള സ്വകാര്യ സംരംഭകരെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ കേരളത്തിൽ ഈ രീതി നടപ്പിലാക്കുവാൻ സാധ്യമല്ല. കാരണം ഒരു ഉദ്യോഗാർത്ഥിക്ക് 5001000 രൂപയാണ് ഈ സംരഭകർ വസൂലാക്കുന്നത്. മാത്രമല്ല ചോദ്യക്കടലാസ് തയ്യാറാക്കുന്നതും പരീക്ഷയും മൂല്യനിർണ്ണയവും നടത്തുന്നതും റാങ്ക് പട്ടിക തയ്യാറാക്കുന്നതും ഈ സ്വകാര്യ സംരഭകരാണ്. പി. എസ്.സി ക്ക് നേരിട്ട് നിയന്ത്രണമില്ലാത്ത അത്തരം ഒരു പരീക്ഷാ സമ്പ്രദായം കേരളാ പി.എസ്. സിക്ക് അസ്വീകര്യമാണ്. അതുകൊണ്ടാണ് സ്വന്തമായ ഓൺലൈൻ പരീക്ഷാകേന്ദ്രം നിർമ്മിച്ച് റിക്രൂട്ട്മെന്റ് നടപടികൾ ത്വരിതഗതിയിലാക്കാൻ കമ്മിഷൻ തീരുമാനിച്ചതും സർക്കാർ അതിന് വേണ്ട ധനസഹായം നൽകുന്നതും. ഇതിന്റെ പ്രധാന്യം മനസ്സിലാക്കിയാണ് 5 കോടി രൂപ അധിക കേന്ദ്ര സഹായമായും രണ്ടര കോടി രൂപ കമ്പ്യൂട്ടർവൽക്കരണത്തിന് സംസ്ഥാന വിഹിതമായും കൂടാതെ മുൻ സർക്കാർ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ (201617) 10 കോടി രൂപ വകയിരുത്തിയതും ഇപ്പോഴത്തെ സർക്കാർ അനുവദിച്ച് തന്നിട്ടുള്ളതും.

2014 ആഗസ്റ്റ് 28–ന് തിരുവനന്തപുരത്ത് ബഹു. മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്ത ഓൺലൈൻ പരീക്ഷാകേന്ദ്രം 'ഭാരതത്തിൽ സർക്കാർ മേഖലയിലെ ആദ്യത്തേത് ' എന്ന ഖ്യാതിയോടെ ചരിത്രത്തിൽ ഇടം പിടിച്ചു. രണ്ടാമത്തെ ഓൺലൈൻ പരീക്ഷാകേന്ദ്രം 2014 സെപ്റ്റംബർ 29–ന് ബഹു. മുൻ റവന്യൂ & കയർ വകുപ്പ് മന്ത്രി ശ്രീ. അടൂർ പ്രകാശ് പത്തനംതിട്ടയിലും മൂന്നാമത്തേത് ഡിസംബർ 14ന് ബഹു. കേരള ഗവർണർ ശ്രീ. ജസ്റ്റിസ് (റിട്ട.) പി. സദാശിവം എറണാകുളത്തും തുടർന്ന് നാലാമത്തേത് 2016 ഒക്ടോബർ 6ാം തീയതി ബഹു. മുഖ്യമന്ത്രി. ശ്രീ. പിണറായി വിജയൻ കോഴിക്കോടും ഉദ്ഘാടനം ചെയ്തു. ഈ കേന്ദ്രങ്ങളുടെ ഇരിപ്പിട ശേഷി യഥാക്രമം 480, 210, 420, 640 എന്നിങ്ങനെയാണ്.

കോഴിക്കോട് സിവിൽ സ്റ്റേഷന്റെ 'എ' ബ്ലോക്കിന് മുകളിൽ ഉപയോഗശൂന്യമായി കിടന്ന ഓപ്പൺ ടെറസിലാണ് വിപുലമായ സൗകര്യങ്ങളുള്ള നാലാമത്തെ ഓൺലൈൻ പരീക്ഷാകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. കേരള ഇലക്ട്രിക്കൽസ് & അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് (KEL) എന്ന സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിച്ചത്. നിലവിൽ ഒരേ സെറ്റ് ചോദ്യങ്ങളുപയോഗിച്ച് 1750 ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ പരീക്ഷ സാദ്ധ്യമാകും. ഇപ്രകാരം പൂർത്തിയാക്കിയ നാല് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ പ്രസക്ത വിവരങ്ങൾ പട്ടികാ രൂപത്തിൽ ചുവടെ:

| ക്രമ നമ്പർ | സ്ഥലം | ചെലവായ തുക | പണി ചെയ്ത സ്ഥാപനങ്ങൾ | ഇരിപ്പിട ശേഷി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | ₹4,56,06,698 | KEL, KELTRON | 480 | 27.08.2014 |
| 2 | പത്തനംതിട്ട | ₹1,45,11,415 | -do- | 210 | 28.09.2014 |
| 3 | എറണാകുളം | ₹3,29,76,202 | BSNL, KEL & KELTRON | 420 | 04.12.2014 |
| 4 | കോഴിക്കോട് | ₹8,12,42,920 | KEL | 640 | 31.08.2016 |
| | **ആകെ** | **₹17,43,37,235** | | **1750** # | |

# ഒരേ ചോദ്യക്കടലാസിനെ ആസ്പദമാക്കി പരീക്ഷയ്ക്കിരുത്താവുന്ന ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം.

## അപേക്ഷകൾ ഓൺലൈനിൽ

എല്ലാ വിജ്ഞാപനങ്ങൾക്കുമുള്ള അപേക്ഷകൾ ഓൺലൈനാക്കി മാറ്റി.വൺ ടൈം രജിസ്ട്രേഷനും വൺ ടൈം വെരിഫിക്കേഷനും സമഗ്രമാക്കി. യൂണിഫോം അധിഷ്ഠിത സേനകളിലേയ്ക്ക് എല്ലാ വർഷവും തെരഞ്ഞെടുപ്പ് ഏർപ്പെടുത്തി. ലാസ്റ്റ് ഗ്രേഡ്, എൽ. ഡി. ക്ലർക്ക്, സെക്രട്ടേറിയറ്റ്, പിഎസ്സി മുതലായവയിൽ അസിസ്റ്റന്റ്, കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്ന് വർഷമാക്കി.

## പരീക്ഷകളിൽ കൃത്യത

പി. എസ്. സി. പരീക്ഷകളിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കാനുള്ള നവീന രീതികൾ സൃഷ്ടിച്ച് വിശ്വാസ്യത വർദ്ധിപ്പിച്ചു. അപേക്ഷകരായ സ്ത്രീകൾക്ക് അവരവരുടെ താലൂക്കുകളിൽ പി. എസ്. സി. പരീക്ഷയെഴുതുവാനുള്ള അവസരം നൽകി. അതത് ജില്ലകളിൽ സർട്ടിഫിക്കറ്റ് പരിശോധന നടത്താനുള്ള സംവിധാനം ഏർപ്പെടുത്തി. ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ തിരുവനന്തപുരത്ത് എത്തണമെന്ന രീതി മാറ്റി അതത് ജില്ലകളിലോ അടുത്തടുത്ത ജില്ലകളിലോ റീജിയനുകളിലോ അവസരം നൽകിയത് വടക്കൻ ജില്ലകളിലെ അപേക്ഷകർക്ക് ഏറെ സൗകര്യം നൽകി. വെരിഫിക്കേഷനും ഇന്റർവ്യൂവും ഒരു ദിവസമാക്കി.

## ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ നവീകരിച്ചു

ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗത്തെ സമ്പൂർണ്ണമായി ഓട്ടോമേഷൻ സംവിധാനത്തിലാക്കി, ഇ–പേയ്മെന്റ് രീതി ഏർപ്പെടുത്തി. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ ഒബ്ജക്ടീവ് രീതിയിലുള്ള പരീക്ഷാ സംവിധാനത്തിലാക്കി, ഒ. എം. ആർ. മൂല്യനിർണ്ണയം നടപ്പിലാക്കി. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ ഓൺലൈനാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

## കമ്പ്യൂട്ടറൈസേഷൻ

പി.എസ്.സി. പരീക്ഷകളും അനുബന്ധ ജോലികളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. ഉദ്യോഗാർത്ഥികൾക്ക് എസ്. എം. എസ്. അലർട്ടുകൾ, ഇ–വേക്കൻസി റിപ്പോർട്ടിങ്, എം – ഗവേർണൻസ്, വ്യവഹാര പെൻഡൻസി മോണിട്ടറിംഗ് സംവിധാനങ്ങൾ, പെറ്റീഷൻസ് മാനേജ്മെന്റ് സിസ്റ്റം, കമ്പ്യൂട്ടർ നെറ്റ്‌വർക്കിങ്ങ് നവീകരണം, ഓൺലൈൻ പരീക്ഷാ സംവിധാനം, തുളസി, ഇ– റിസൾട്ട് പ്രോ–സോഫ്റ്റ്‌വെയറുകൾ, ഒപ്റ്റിക്കൽ ഫൈബർ സംവിധാനത്തിലൂടെ നെറ്റ്‌വർക്കിങ്ങ് നവീകരണം എന്നിവ ഏർപ്പെടുത്തി. പരീക്ഷകൾക്കും അനുബന്ധ ജോലികൾക്കും വേഗത നൽകി. കാസറഗോഡ് ജില്ലാ ഓഫീസിനെ സമ്പൂർണ്ണ ഓട്ടോമേഷൻ ഓഫീസാക്കി ഉയർത്തി.

## ജീവനക്കാർക്ക് പരിശീലനം

പി. എസ്. സിയുടെ ചരിത്രത്തിലാദ്യമായി സ്വന്തം ജീവനക്കാർക്ക് സമ്പൂർണ്ണ പരിശീലന പദ്ധതി ഏർപ്പെടുത്തി. അസിസ്റ്റന്റ് മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ളവർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനക്ലാസ്സുകൾ നൽകി മോട്ടിവേറ്റ് ചെയ്തത് കമ്മീഷന്റെ സമഗ്രമായ പുരോഗതിക്ക് കാരണമായി.

## ക്ഷേമ പദ്ധതികൾ

എല്ലാ പി. എസ്. സി. അംഗങ്ങൾക്കും ഔദ്യോഗിക വാഹനത്തിൽ ഫ്ളാഗ്, ബീക്കൺ ലാമ്പ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പ്രോട്ടോക്കോൾ പ്രകാരം ലഭ്യമാക്കി. പി. എസ്. സി. അംഗങ്ങൾക്ക് സ്വതന്ത്ര ചുമതലകൾ നൽകി അധികാരവികേന്ദ്രീകരണം നടപ്പിലാക്കി.

## പി.എസ്. സി. ബുള്ളറ്റിൻ

പി. എസ്. സി. ബുള്ളറ്റിനിന്റെ സർക്കുലേഷൻ വർദ്ധിപ്പിച്ചു. ഗോൾഡൻ ജൂബിലി പ്രത്യേക പതിപ്പ്, വജ്രജൂബിലി പ്രത്യേക പതിപ്പ് പ്രസിദ്ധീകരിച്ചു. കെ. പി. എസ്. സി. മാനുവലിന്റെ മൂന്നാം പതിപ്പ്, റൊട്ടേഷൻ, തുളസി സോഫ്റ്റ്‌വെയർ എന്നിവയ്ക്കായി കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

## അവാർഡ്

2015 –ലെ സി. എസ്. ഐ. – ഗോൾഡൻ ജൂബിലി ഇ– ഗവേർണൻസ് അവാർഡ് കരസ്ഥമാക്കി.

## നിർമ്മാണ പ്രവർത്തനങ്ങൾ

പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാനത്തെ മുഖ്യ കവാടം പുനരുദ്ധരിച്ചു. അന്വേഷണ വിഭാഗത്തിന് മുകളിൽ ഒറ്റത്തവണ വെരിഫിക്കേഷൻ കേന്ദ്രം സ്ഥാപിച്ചു. കമ്മീഷൻ ഹാൾ, ഗതാഗത സംവിധാനം എന്നിവ പരിഷ്കരിച്ചു. ജീവനക്കാർക്ക് ആരോഗ്യകരമായ പരിതസ്ഥിതിയിൽ ജോലിചെയ്യുന്നതിനും കമ്പ്യൂട്ടറുകൾ ശരിയായരീതിയിൽ വിന്യസിക്കുന്നതിനുമായി നൂതന വർക്ക്സ്റ്റേഷനുകൾ സ്ഥാപിച്ചു. ആസ്ഥാന ഓഫീസ് വളപ്പ് സാമൂഹ്യ വനവൽക്കരണത്തിലൂടെ ഹരിതാഭവും പരിസ്ഥിതി സൗഹൃദവുമാക്കി. എറണാകുളം മേഖലാകേന്ദ്രത്തിന് പൂർണ്ണമായി ശീതീകരിച്ച പുതിയ ഓഫീസും പാലക്കാട്, കാസർഗോഡ് എന്നീ ജില്ലാ ആഫീസുകൾക്ക് സ്വന്തമായി ഭൂമിയും ലഭ്യമാക്കി.

പരമ്പരാഗത പരീക്ഷാരീതിക്ക് വേണ്ടി വരുന്ന അധിക അധികചെലവ്, അമിതാധ്വാനം, കാലതാമസം എന്നീ ഘടകങ്ങളും ചോദ്യക്കടലാസുകളുടെ നിർമ്മാണം, അച്ചടി, മുദ്രണാലയത്തിൽ നിന്നുള്ള എത്തിച്ചുതരൽ, വിതരണം, പരീക്ഷാകേന്ദ്രങ്ങൾ സജ്ജമാക്കൽ, ഉദ്യോഗസ്ഥവിന്യാസം, പരീക്ഷാനടത്തിപ്പ്, ഉത്തരക്കടലാസിന്റെ തിരികെ ഏല്പിക്കൽ, മൂല്യനിർണ്ണയം...... എന്നീ ഘട്ടങ്ങളും ഓൺലൈൻ പരീക്ഷാരീതിയിൽ ആവശ്യമില്ലെന്നത് ശ്രദ്ധേയമാണ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശരാശരി 600 പരീക്ഷകളാണ് പ്രതിവർഷം നടത്താറുള്ളത്. ഇവയിൽത്തന്നെ 400 എണ്ണത്തോളം 1000–1500 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന എൻ.സി.എ വിജ്ഞാപന പ്രകാരമുള്ളവയും സാങ്കേതിക യോഗ്യതകൾ വേണ്ട തസ്തികകൾക്കുള്ള പരീക്ഷകളുമാണ്. ഇവയെല്ലാം ഓൺലൈൻ രീതിയിലേക്കു മാറ്റുമ്പോൾ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൃത്യതയും സുതാര്യതയും പ്രവേഗവും കൈവരും.

സർവ്വസജ്ജമായ ഓൺലൈൻ പരീക്ഷകേന്ദ്രങ്ങളിൽ രാപ്പകൽ പരീക്ഷാനടത്തിപ്പ് വിഭാവനം ചെയ്തുകൊണ്ടുള്ള ചോദ്യബാങ്കിന്റെ നിർമ്മിതി നടന്നു വരികയാണ്. ഇതു പൂർത്തീകരിക്കുന്നതോടെ തുളസി സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള വൺടൈം രജിസ്ട്രേഷൻ/വൺടൈം വെരിഫിക്കേഷൻ/ഓൺലൈൻ പരീക്ഷ/ ഇ–റിസൾട്ട് പ്രോ/ ഇ–വേക്കൻസി റിപ്പോർട്ടിംഗ് എന്നിവ ഏകോപിപ്പിച്ച് ഇനിയും ഗതിവേഗം വർദ്ധിപ്പിക്കാം.

സർക്കാരിന്റെ സ്മാർട്ട് ക്ലാസ്സുകളിൽ പഠിച്ചിറങ്ങുന്ന ഭാവിതലമുറയിലെ ഉദ്യോഗാർത്ഥികൾക്ക് ഉതകുംവിധം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ച് ദീർഘവീക്ഷണത്തോടെ മുന്നേറുകയാണ്. നിലവിലെ പരമ്പരാഗത പരീക്ഷാരീതി കാലികമായി പരിഷ്കരിക്കുന്നതോടെ കൂടുതൽ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകളും ഓൺലൈൻ ആക്കാനുള്ള മുന്നൊരുക്കത്തിലാണ്. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ കാലേകൂട്ടിയുള്ള നിർമ്മാണം ഇതിന് ആക്കം കൂട്ടുമെന്ന് പ്രത്യാശിക്കുന്നു.

2013–14 ൽ ഒറ്റത്തവണ കേന്ദ്രസഹായമായി 5 കോടിയും കമ്പ്യൂട്ടർവൽക്കരണത്തിന് രണ്ടര കോടിയും കൂടാതെ മുൻ വർഷത്തെ ബജറ്റിൽ 10 കോടി അനുവദിക്കുകയും ഈ വർഷത്തെ ബജറ്റിൽ പ്രസ്തുത തുക വകയിരുത്തുകയും ചെയ്ത കേന്ദ്ര, സംസ്ഥാന സർക്കാരുകളോടുള്ള കടപ്പാട് ഇത്തരുണത്തിൽ സ്മരിക്കുന്നു.

അവലംബിത സ്ഥിതിവിവരക്കണക്കുകൾ പട്ടികാരൂപത്തിൽ ഉള്ളടക്കം ചെയ്യുന്നു. ●


# പിഎസ്‌സി വജ്ര ജൂബിലി പതിപ്പ് ജനപ്രിയമായിത്തീർന്നിരിക്കുന്നു......

ബുള്ളറ്റിൻ
**രജത ജൂബിലി വിശേഷാൽ പതിപ്പി**നെപ്പോലെ
**പിഎസ്‌സി വജ്ര ജൂബിലി പതിപ്പും**
വായനക്കാരുടെ ഇഷ്ട പുസ്തകമായി മാറിയിരിക്കുന്നു.

*പ്രത്യേകതകൾ*

- വർഷങ്ങളോളം സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന തരത്തിൽ ഗുണമേന്മയുള്ള കടലാസിൽ ഏറ്റവും ആധുനിക സംവിധാനത്തിലുള്ള അച്ചടി.
- പിഎസ്‌സി സംബന്ധമായ സാങ്കേതിക നടപടിക്രമങ്ങളായ പ്രൊഫൈൽ ക്രിയേഷൻ, സർട്ടിഫിക്കറ്റ് അപ്‌ലോഡിങ്, വൺ ടൈം വെരിഫിക്കേഷൻ, ഓൺലൈൻ പരീക്ഷ തുടങ്ങിയവയെക്കുറിച്ച് പ്രതിപാദിക്കുന്ന ആധികാരിക ലേഖനങ്ങൾ.
- രജത ജൂബിലി പതിപ്പിൽനിന്ന് വ്യത്യസ്തമായ ഉള്ളടക്കവും അവതരണശൈലിയും. കേരളത്തെ സംബന്ധിച്ച അടിസ്ഥാന വസ്തുതകൾ, കേരളത്തിലെ ജില്ലകൾ, കേരള നവോത്ഥാന നായകർ, കേരളത്തിലെ ദേശീയ പ്രസ്ഥാനം, സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ, പ്രക്ഷോഭങ്ങൾ, ഭൂപരിഷ്കരണം, വിദ്യാഭ്യാസമേഖല, സാഹിത്യരംഗം എന്നിവയെക്കുറിച്ച് ആഴത്തിലുള്ള അപഗ്രഥനം.
- അനായാസം പഠിക്കാനും ഓർത്തിരിക്കാനും കഴിയുന്നതിനായി ആദ്യത്തേത്, അപരനാമങ്ങൾ, സൂപ്പർലേറ്റീവുകൾ, കുഴപ്പിക്കുന്ന വസ്തുതകൾ, അപൂർവ വസ്തുതകൾ എന്നിങ്ങനെ വിവിധ ശീർഷകങ്ങളിൽ കേരളത്തെ സംബന്ധിക്കുന്ന വസ്തുതകളുടെ വേറിട്ട അവതരണരീതി.
- മുന്നൂറിലധികം പിഎസ്‌സി ചോദ്യപേപ്പറുകളിൽനിന്നുള്ള കേരള നവോത്ഥാനം സംബന്ധിച്ച കഴിഞ്ഞ അഞ്ചുവർഷത്തെ 600 ചോദ്യങ്ങൾ. ഇതുപോലൊരു ശേഖരം മലയാളത്തിൽ ആദ്യം.
- പൊതുവിജ്ഞാന നിലവാരം സ്വയം വിലയിരുത്തുന്നതിന് 100 ചോദ്യങ്ങൾ വീതമുള്ള മൂന്ന് സെറ്റ് പരിശീലന ചോദ്യപേപ്പറുകൾ. ഇവ തയ്യാറാക്കിയിരിക്കുന്നത് മുൻപരീക്ഷാചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ്.
- ലോകം, ഇന്ത്യ, കേരളം എന്നിവ സംബന്ധമായി 1900 മുതൽ 2015 വരെയുള്ള വർഷങ്ങൾ ഉത്തരമായി വരുന്ന ആയിരത്തോളം ചോദ്യങ്ങൾ. വർഷങ്ങൾ കൃത്യമായി ഓർക്കാൻ കഴിയുന്ന തരത്തിൽ വസ്തുതകളെ പരസ്പരം ബന്ധിപ്പിച്ച് പഠിക്കാൻ സഹായകം.
- മത്സരപരീക്ഷകളിൽ റാങ്ക് നിർണയിക്കുന്ന സുപ്രധാന മേഖലയായ കേരള നവോത്ഥാനം ആഴത്തിൽ പഠിക്കാനും ദേശീയ പ്രസ്ഥാനം സംബന്ധമായി ആവർത്തിക്കുന്ന പ്രധാന ചോദ്യങ്ങൾ പരിചയപ്പെടാനും അതുവഴി മികച്ച പ്രകടനം പരീക്ഷകളിൽ കാഴ്ച വയ്ക്കാനും വായനക്കാരെ പ്രാപ്തരാക്കുന്ന ഈ പുസ്തകത്തിന്റെ കോപ്പികൾ പരിമിതമാണ് എന്നതിൽ അടുത്തുള്ള ബുള്ളറ്റിൻ ഏജൻസിയിൽനിന്നോ പിഎസ്‌സി ഓഫീസിൽനിന്നോ വിശേഷാൽ പതിപ്പ് എത്രയും വേഗം വാങ്ങുക.
- ഇനി പ്രസിദ്ധീകരിച്ചേക്കാവുന്ന വിശേഷാൽ പതിപ്പുകൾക്ക് പൂരകമായിരിക്കും 15000 –ൽ അധികം വസ്തുതകൾ അടങ്ങിയ ഈ പുസ്തകം എന്നതിനാൽ ഇത് സ്വന്തമാക്കി നിങ്ങളുടെ വിജ്ഞാനശേഖരം സമഗ്രമാക്കാൻ ശ്രദ്ധിക്കുക.

**വില 150 രൂപ.**
**പിഎസ്‌സി ഓഫീസുകളിലും പ്രമുഖ ബുക്ക് സ്റ്റാളുകളിലും വിശേഷാൽ പതിപ്പ് ലഭ്യമാണ്.**



# സംശയങ്ങൾക്ക് മറുപടി

# നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്

**കേന്ദ്ര സർക്കാർ സർവീസിലും സംസ്ഥാന സർക്കാർ സർവ്വീസിലും മറ്റ് പിന്നാക്ക വിഭാഗക്കാർക്കായി അനുവദിച്ചിരിക്കുന്ന സംവരണം ലഭിക്കുന്നതിനായി ഉദ്യോഗാർത്ഥി ഹാജരാക്കേണ്ട സാക്ഷ്യപത്രമാണ് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്.ഉദ്യോഗാർത്ഥി ഉൾപ്പെടുന്ന ജാതി പിന്നാക്ക വിഭാഗത്തിലാണെന്നും അയാൾ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്നുമാണ് ഈ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തേണ്ടത്.**

**മണ്ഡൽ കേസ് എന്ന് പരക്കെ അറിയപ്പെടുന്ന** Indra Sawhney Vs. Union of India & others (AIR 1993 SC 477) **എന്ന കേസിലെ ബഹു. സുപ്രീംകോടതി വിധിയെ തുടർന്നാണ് പിന്നാക്കവിഭാഗങ്ങളുടെ സംവരണത്തിന് ക്രീമിലെയർ വ്യവസ്ഥവരികയും പിന്നാക്ക വിഭാഗങ്ങളിലെ ക്രീമിലെയറിനെ തരംതിരിക്കാൻ വ്യക്തമായ മാനദണ്ഡങ്ങൾ രൂപം കൊള്ളുകയും ചെയ്തത്. നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് റവന്യൂ വകുപ്പിൽ നിലവിലുള്ള വ്യവസ്ഥകളെക്കുറിച്ച് ഈ ലക്കത്തിൽ വിശദമായി മനസ്സിലാക്കാം.**

### പൊതു നിർദ്ദേശങ്ങൾ

1. ഉദ്യോഗാർത്ഥിയുടെ മാതാപിതാക്കളെ സംബന്ധിച്ച മാനദണ്ഡങ്ങൾ മാത്രമേ സർട്ടിഫിക്കറ്റ് നൽകാൻ വിലയിരുത്താൻ പാടുള്ളു.
2. ഉദ്യോഗാർത്ഥിയുടെ വരുമാനം, പദവി, ഭാര്യ/ഭർത്താവിന്റെ വരുമാനം, കുടുംബ വരുമാനം, സഹോദരങ്ങളുടെ വരുമാനം തുടങ്ങിയവയൊന്നും യാതൊരു കാരണവശാലും പരിഗണിക്കാൻ പാടില്ല.
3. സംവരണാർത്ഥിയുടെ മാതാപിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ അവർ സർവ്വീസിൽ നേരിട്ട് പ്രവേശിച്ച പദവിയെയാണ് (റിട്ടയർ ആയാലും) പരിഗണിക്കേണ്ടത്. അവരുടെ സർവ്വീസിൽ പ്രവേശിച്ച കാലത്തെ വരുമാനമോ, നിലവിലെ വരുമാനമോ നിലവിലെ പദവിയോ പരിഗണിക്കാൻ പാടില്ല. ആയതുകൊണ്ടു തന്നെ അവരുടെ നിലവിലെ ശമ്പള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന രീതി ശരിയല്ല.
4. മാതാപിക്കൾ സർക്കാർ സർവ്വീസിൽ പ്രവേശിച്ചത് ക്ലാസ് 1/ക്ലാസ് 2 ഓഫീസറായി നേരിട്ട് അല്ലെങ്കിൽ അവരുടെ മക്കൾ സംവരണത്തിന് അർഹരാണ്. (Classification of state government employees G.O.(MS) 95/09/SCSTDD dated 10-11-99)
5. ക്ലാസ് 3 വഴി പ്രവേശിച്ചാൽ പ്രമോഷൻ വഴി ക്ലാസ് 1/ക്ലാസ് 2 ആയാലും അവരുടെ മക്കൾ സംവരണത്തിന് അർഹരാണ്.
6. സംവരാണാർത്ഥിയുടെ മാതാപിതാക്കൾ കൃഷിക്കാർ ആണെങ്കിൽ ഭൂമിയിൽ നിന്നുള്ള വരുമാനമല്ല, ഭൂപരിധി നിയമപ്രകാരമുള്ള വിസ്തൃതിയാണ് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. അവർക്ക് സ്വന്തമായി 5 ഹെക്ടറോ അതിൽ കൂടുതലോ ഭൂമിയുണ്ടെങ്കിൽ സംവരണാർത്ഥിക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല.
7. സർക്കാർ ഉദ്യോഗസ്ഥർ, കൃഷിക്കാർ, ഭൂവുടമകൾ, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളിലെ തത്തുല്യ ഉദ്യോഗസ്ഥർ, പ്രതിരോധമേഖലയിലെ ഉദ്യോഗസ്ഥർ എന്നിവരൊഴിച്ചുള്ള ആളുകളുടെ കാര്യത്തിലാണ് വരുമാനം മാനദണ്ഡമാക്കേണ്ടത്. ബിസിനസ്, വ്യവസായം, പ്രൊഫഷണലുകൾ, നഗരപ്രദേശങ്ങളിലെ വസ്തുവും കെട്ടിടവും വഴി വരുമാനമുള്ളവർ തുടങ്ങിയവരുടെ കാര്യത്തിലാണ് വാർഷിക വരുമാനം കണക്കിലെടുക്കേണ്ടത്. അങ്ങനെയുള്ള വരുമാനം തുടർച്ചയായി 3 വർഷം ഉണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്.

   **ഉദാ:** മാതാപിതാക്കളുടെ ശമ്പളവരുമാനം 6 ലക്ഷത്തിൽ കൂടുതൽ, അവരുടെ കാർഷിക വരുമാനം 6 ലക്ഷത്തിൽ കൂടുതൽ, മറ്റ് രീതിയിലുള്ള വരുമാനം 6 ലക്ഷത്തിൽ കുറവ്, ഇത്തരത്തിലുള്ളവരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കും.
8. പൊതുമേഖലാ സ്ഥാപനങ്ങളിലും ബാങ്കുകളിലും ഇൻഷ്വറൻസ് കമ്പനികളിലും യൂണിവേഴ്സിറ്റികളിലും കൂടാതെ സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളിലെ ജോലിക്കാരുടെ കാര്യത്തിലും തത്തുല്യമായ സർക്കാർ ജീവനക്കാർക്കുള്ള മാനദണ്ഡങ്ങൾ ബാധകമായിരിക്കും.
9. ജസ്റ്റിസ് രാജേന്ദ്രബാബു. കമ്മിഷൻ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ലിസ്റ്റാണ് കേരളത്തിലെ നോൺക്രീമിലെയറിന് മാനദണ്ഡമാക്കേണ്ടത്. പ്രസ്തുത ലിസ്റ്റിൽ അനുബന്ധം ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന (പരമ്പരാഗത തൊഴിൽ ചെയ്യുന്ന) സമുദായങ്ങളുടെയും അനുബന്ധം സിയിൽ ഉൾപ്പെടുത്തിയിരുന്ന (മത്സ്യത്തൊഴിലാളി) സമുദായങ്ങളെയും ക്രീമിലെയറിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. (ജി.ഒ. (പി) നം.81/09/എസ്.സി. എസ്.റ്റി.ഡി.ഡി., തീയതി 26-10-2009) കേരള സ്റ്റേറ്റ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി പരിഗണിക്കേണ്ടതാണെന്ന് സർക്കുലർ നം. 27396/എഫ്3/07/എസ്.സി. എസ്.റ്റി.ഡി.ഡി. തീയതി 14-06-2010 ൽ പ്രതിപാദിച്ചിട്ടുണ്ട്.
10. പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന നിരക്ഷരരായ (നാലാം ക്ലാസ് പാസ്സാകാത്ത) മാതാപിതാക്കളുടെ മക്കളെയെല്ലാം നോൺ ക്രീമിലെയർ ആയിട്ടാണ് പരിഗണിക്കേണ്ടത്.
11. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ സർട്ടിഫിക്കറ്റ് നൽകാവുന്നതാണെങ്കിലും അല്ലെങ്കിലും 7 ദിവസത്തിനുള്ളിൽ തീരുമാനമെടുത്തിരിക്കണം.
12. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് തഹസീൽദാർ നൽകുന്ന നോൺക്രീമിലെയർ സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള പിന്നാക്ക ലിസ്റ്റാണ് മാനദണ്ഡമാക്കേണ്ടത് (9784/F3/2010/SCSTDD dated 18-05-2010)
13. കേന്ദ്ര ഉദ്യോഗത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണത്തിനും ക്രീമിലെയർ വ്യവസ്ഥയാണ് മാനദണ്ഡം. കേരളത്തിൽ ഉദ്യോഗത്തിന് മാത്രമാണ് ക്രീമിലെയർ വ്യവസ്ഥ. വിദ്യാഭ്യാസ സംവരണത്തിന് വരുമാനമാണ് മാനദണ്ഡം.
14. ജി.ഒ.(പി) നം. 81/09/SCSTDD തീയതി 26-09-2009 എന്ന ഉത്തരവാണ് കേരളത്തിൽ ക്രീമിലെയർ വിഭാഗങ്ങളെ തരംതിരിക്കുന്നത് സംബന്ധിച്ച് നിലവിലുള്ളത്.
15. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് എസ്.സി.ബി.സി. വിഭാഗങ്ങൾക്കും ഒ.ഇ.സി. വിഭാഗങ്ങൾക്കും, മിശ്രവിവാഹിതരുടെ മക്കൾക്കും നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. (ജി.ഒ.(പി) നം. 1/15/ബി.സി.ഡി.ഡി. തീയതി 01-01-2015). ഈ ആവശ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ട് റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കും. (സ.ഉ.(പി) നം.3/2015/പി.സ വിവ തീയതി 23-01-2015)
16. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കാണ് സർട്ടിഫിക്കറ്റിന് പ്രാബല്യമുണ്ടാവുക. ഏതെങ്കിലും കോഴ്സുകൾക്ക് ചേരുന്നവർക്ക് പ്രസ്തുത കോഴ്സ് കഴിയുന്നവതുവരെ സർട്ടിഫിക്കറ്റിന് പ്രാബല്യമുണ്ടായിരിക്കും. (സ.ഉ. (കൈ) നം.81/2008/പജ.പവ.വി.വ. തീയതി 25-07-2008)

ഒ.ബി.സി. പദവി സംബന്ധിച്ചും, ക്രീമിലെയർ വിഭാഗത്തിൽപ്പെടാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നവർ (ജി.ഒ.(പി) നം.81/09/SCSTDD തീയതി 26-09-2009)

(a) ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്/ഡെപ്യൂട്ടി കമ്മീഷണർ/കളക്ടർ/ഡെപ്യൂട്ടി കളക്ടർ/ഫസ്റ്റ് ക്ലാസ് സ്റ്റൈപ്പന്ററി മജിസ്ട്രേറ്റ്/സബ് ഡിവിഷണൽ മജിസ്ട്രേറ്റ്/താലൂക്ക് മജിസ്ട്രേറ്റ്/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്/എക്സ്ട്രാ അസിസ്റ്റന്റ് മജിസ്ട്രേറ്റ്.

(b) ചീഫ് പ്രസിഡൻസി മജിസ്റേറ്റ്/അഡീഷണൽ ചീഫ് മജിസ്ട്രേറ്റ്/പ്രസിഡൻസി മജിസ്ട്രേറ്റ്

(c) തഹസീൽദാരിൽ കുറയാത്ത പദവിയുള്ള റവന്യൂ ഉദ്യോഗസ്ഥൻ.

(d) സാധാരണയായി ഉദ്യോഗാർത്ഥിയും കുടുംബവും താമസിക്കുന്ന സ്ഥലത്തെ സബ് ഡിവിഷണൽ ഓഫീസർ.

### ക്രീമിലെയർ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

ചുവടെ ചേർത്തിരിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരെയെല്ലാം നോൺ ക്രീമിലെയർ വിഭാഗങ്ങളായിട്ടാണ് പരിഗണിക്കേണ്ടത്. (ജി.ഒ. (പി) നം.81/09/SCSTDD തീയതി 26-09-2009) Annexure B, Annexure C

**Annexure B** 1. Blacksmith, 2. mason, 3. Carpenter, 4. Goldsmith, 5. Pottery maker, 6. Cobbler, 7. Copper & Bronze Smith, 8. Kudumbi

**Annexure C** 1. Arayan, 2. Aravathi, 3. Mukkuvan, 4. Mukkaya, 5. Mogaveera, 6. Valan, 7. Bovis, 8. Valinjiar, 9. Paniakel, 10. Nulayan, 11. Latin Catholic Mukkuva, 12. Latin Catholic Anjutikar, 13. District Sections of Muslim Community who are traditionally engaged in fishing operations, as certified by the competent authority.

### മറ്റുള്ളവർ

സംവരണാർത്ഥിയുടെ മാതാപിതാക്കളുടെ വിശദാംശങ്ങളാണ് പരിഗണിക്കേണ്ടത്. ആറ് വിഭാഗങ്ങളായിട്ടാണ് മാനദണ്ഡങ്ങൾ രൂപീകരിച്ചിരിക്കുന്നത് (ജി.ഒ.(പി) നം.81/09/SCSTDD തീയതി 26-09-2009)

### ഒന്നാം വിഭാഗം - ഭരണഘടനാ തസ്തികകൾ

ഇന്ത്യൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സുപ്രീംകോടതിയിലേയും ഹൈക്കോടതിലേയും ജഡ്ജി മാർ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെയും ചെയർമാൻമാർ/മെമ്പർമാർ/ഇലക്ഷൻ കമ്മീഷണർമാർ/കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, ഗവർണ്ണർമാർ, മേൽ



സൂചിപ്പിച്ചതും തുല്യനിലയിലുള്ളതുമായ ഭരണഘടനാ പദവികൾ വഹിക്കുന്നതുമായ വ്യക്തികളുടെ മക്കൾ സംവരണത്തിന് അർഹരല്ല.

## രണ്ടാം വിഭാഗം-സേവന വിഭാഗം (സർക്കാർ ഉദ്യോഗസ്ഥർ)

ഗ്രൂപ്പ് എ ഇൻഡ്യാ ഗവൺമെന്റ് സർവ്വീസിലെയും സംസ്ഥാന സർവ്വീസിലെയും നേരിട്ട് നിയമനം ലഭിച്ച ക്ലാസ് 1 ഓഫീസർമാർ

1. മാതാപിതാക്കൾ സർവ്വീസിൽ പ്രവേശിച്ചത് നേരിട്ട് ക്ലാസ് 1 ഓഫീസർ ആയിട്ടില്ലെങ്കിൽ മക്കൾ സംവരണത്തിന് അർഹരാണ്.
2. അച്ഛനും അമ്മയും ക്ലാസ് 1 ഓഫീസർമാർ ആണെങ്കിൽ അവരുടെ മക്കൾ സംവരണത്തിന് അർഹരല്ല. എന്നാൽ സർവ്വീസിൽ ഇരിക്കെ അവർ രണ്ടുപേരും മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ അവരുടെ മക്കൾക്ക് സംവരണം ലഭിക്കും. അപ്രകാരം സംഭവിക്കുന്നതിന് മുൻപ് അവരിലൊരാൾ യു.എൻ, ഐ.എം.എഫ്, വേൾഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചാൽ അവരുടെ മക്കൾക്ക് സംവരണം ലഭിക്കുകയില്ല. മാതാപിതാക്കളിൽ ഒരാൾ മാത്രം മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയതാൽ മക്കൾക്ക് സംവരണം ലഭിക്കുകയില്ല.
3. മാതാപിതാക്കളിൽ ഒരാൾ മാത്രം ക്ലാസ് 1 ഓഫീസർ ആയിരുന്നാലും അവരുടെ മക്കൾ സംവരണത്തിന് അർഹരല്ല. എന്നാൽ സർവ്വീസിൽ ഇരിക്കെ ആ വ്യക്തി മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ മക്കൾക്ക് സംവരണം ലഭിക്കും. എന്നാൽ അപ്രകാരം സംഭവിക്കുന്നതിന് മുമ്പ് ആ വ്യക്തി യു.എൻ, ഐ.എം.എഫ്, വേൾഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചാൽ അവരുടെ മക്കൾക്ക് സംവരണം ലഭിക്കുകയില്ല.

ഗ്രൂപ്പ് ബി ഇൻഡ്യാ ഗവൺമെന്റ് സർവ്വീസിലെയും സംസ്ഥാന സർവ്വീസിലെയും നേരിട്ട് നിമനം ലഭിച്ച ക്ലാസ്സ് 2 ഓഫീസർമാർ

1. മാതാപിതാക്കൾ സർവ്വീസിൽ പ്രവേശിച്ചത് നേരിട്ട് ക്ലാസ്സ് 2 ഓഫീസർ ആയിട്ടില്ലെങ്കിൽ മക്കൾ സംവരണത്തിന് അർഹരാണ്.
2. മാപിതാക്കൾ രണ്ടുപേരും ക്ലാസ്സ് 2 ഓഫീസർമാരായിരുന്നാൽ അവരുടെ മക്കൾ സംവരണത്തിന് അർഹരല്ല. എന്നാൽ സർവ്വീസിൽ ഇരിക്കെ അവരിലൊരാൾ മരിക്കുകയോ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ മക്കൾ സംവരണത്തിന് അർഹരാണ്. അപ്രകാരം സംഭവിക്കുന്നതിന് മുൻപ് അവരിലൊരാൾ യു.എൻ, ഐ.എം.എഫ്, വേൾഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തില കുറയാതെ സേവനമനുഷ്ഠിച്ചാൽ അവരുടെ മക്കൾക്ക് സംവരണം ലഭിക്കുകയില്ല.
3. മാതാപിതാക്കൾ രണ്ടുപേരും ക്ലാസ്സ് 2 ഓഫീസർമാരായിരിക്കാൽ അവരടെ മക്കൾ സംവരണത്തിന് അർഹരല്ല. എന്നാൽ സർവ്വീസിൽ ഇരിക്കെ അവർ രണ്ടുപേരും മരിക്കുകയോ അല്ലെങ്കിൽ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയതാൽ മക്കൾ സംവരണത്തിന് അർഹരാണ്. അവരിലൊരാൾ യു.എൻ., ഐ.എം.എഫ്, വേൾഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിൽ കുറയാതെ സേവനമുനഷ്ഠിച്ചിരുന്നവരായാലും അവരുടെ മക്കൾക്ക് സംവരണം ലഭിക്കും.
4. പിതാവ് മാത്രം ക്ലാസ് 2 ഓഫീസർ ആയിരിക്കുകയും 35 വയസ്സിന് മുമ്പ് ക്ലാസ് 1 ഓഫീസർ ആവുകയും ചെയ്തിട്ടുണ്ടെങ്കിൽ മക്കൾ സംവരണത്തിന് അർഹരല്ല.
5. മാതാപിതാക്കളിൽ ഒരാൾ നേരിട്ട് ക്ലാസ് 1 ഓഫീസറായി നിയമനം ലഭിച്ച ആളോ അല്ലെങ്കിൽ 35 വയസ്സിന് മുമ്പോ ക്ലാസ് 1 ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ആളോ ആയിരിക്കുകയും മറ്റേയാൾ ക്ലാസ് 2 ഓഫീസർ ആയിരിക്കുമ്പോൾ മരിക്കുകയോ അല്ലെങ്കിൽ സ്ഥിരമയ അംഗവൈകല്യം വന്നയാളോ ആണെങ്കിലും അവരുടെ മക്കൾക്ക് സംവരണം ലഭിക്കുകയില്ല.

06-10-2009 ലെ ജി.ഒ. (എ.എസ്) നം.430/2009/ഫിൻ പ്രകാരം ക്രീമിലെയർ സർട്ടിഫിക്കറ്റിനായി 8 ാം ശമ്പളക്കമ്മീഷന്റെ അടിസ്ഥാനത്തിൽ 01-07-2004 പ്രാബല്യത്തിൽ സർക്കാർ ജീവനക്കാരെ ചുവടെ ചേർക്കും പ്രകാരം വർഗ്ഗീകരിച്ചിരിക്കുന്നു.

| ഗ്രൂപ്പ് എ | ഗ്രൂപ്പ് ബി | ഗ്രൂപ്പ് സി | ഗ്രൂപ്പ് ഡി |
|---|---|---|---|
| 16650-23200 | 10790-18000 | 4630-7000 | 4750-7820 4510-6230 |
| 20700-26600 | 11070-18450 | 5250-8390 | 5650-8790 |
| 23200-31150 | 11910-19350 | 6080-9830 | 6680-10790 |
| 25400-33100 | 12250-19800 | 7480-11910 | 7990-12930 |
| 26600-33750 | 12930-20250 | 8390-13270 | 8790-13610 |
| | 13610-20700 | 9190-15510 | 9590-16650 |

**കുറിപ്പ്:** സ്ഥിരമായ അംഗവൈകല്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതായ ശാരീരിക വൈകല്യം എന്നർത്ഥമാക്കുന്നു. സർവീസ് പൂർത്തിയാക്കിയതിനു ശേഷമാണ് മരണമോ അംഗവൈകല്യമോ ഉണ്ടാകുന്നതെങ്കിൽ ആയതിന്റെ ഇളവ് മക്കൾക്ക് ലഭിക്കുകയില്ല.

ഗ്രൂപ്പ് സി പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ, യൂണിവേഴ്സിറ്റികൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ രണ്ടാം വിഭാഗത്തിലെ എ.ബി. ഉപവിഭാഗങ്ങളുടെ മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

**കുറിപ്പ്:** സർക്കാരിതര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആളുകളുടെ കാര്യത്തിൽ തത്തുല്യ സർക്കാർ ഉദ്യോഗസ്ഥരുടെ സ്റ്റാറ്റസ് കണക്കാക്കാൻ കഴിയാതെ വന്നാൽ അവരെ വരുമാനം/ധനസ്ഥിതി കണക്കാക്കുന്ന ആറാം വിഭാഗത്തിൽ ഉൾപ്പെടുത്തി പരിഗണിക്കാവുന്നതാണ്. കാർഷിക വരുമാനം പരിഗണിക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവരുടെ ശമ്പള വരുമാനവും, മറ്റ് രീതിയിലുള്ള വരുമാനവും പരസ്പരം കൂട്ടാനും പാടില്ല. ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമേ പരിഗണിക്കാൻ പാടുള്ളു. (27396/എഫ്3/07/ SCSTDD തീയതി 14-06-2010)

## മൂന്നാം വിഭാഗം-പാരമിലിറ്ററി ഉൾപ്പെടെയുള്ള സായുധസേനാവിഭാഗം

(ഇവയിൽ സിവിൽവിഭാഗത്തിൽപ്പെടുന്നവർ ഒഴിച്ച്)

മാതാപിതാക്കൾ രണ്ടുപേരുമോ ഒരാളോ ആർമിയിൽ കേണലോ, നേവി, എയർ ഫോഴ്സ്, പാരാമിലിട്ടറി വിഭാഗങ്ങളിൽ തത്തുല്യ റാങ്കോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥരാണെങ്കിൽ അവരുടെ മക്കൾ സംവരണത്തിന് അർഹരല്ല.

പിതാവ് കേണലോ അതിനു മുകളിൽ റാങ്കുള്ള ആളോ, മാതാവ് അതിന് താഴ്ന്ന റാങ്കുള്ള മിലിട്ടറി ഉദ്യോഗസ്ഥയുമായിരുന്നാൽ ഭാര്യ കേണലിന്റെ റാങ്കിൽ എത്തുന്നതുവരെ മക്കൾക്ക് സംവരണത്തിന്അർഹതയുണ്ടായിരിക്കും.

പ്രതിരോധ സേവനയിൽപ്പെട്ട ഓഫീസറുടെ ഭാര്യ സർവ്വീസ് ക്ലാസ് രണ്ടാം വിഭാഗത്തിൽ ഉൾപ്പെടുകയാണെങ്കിൽ അവരുടെ മക്കൾക്ക് സംവരണം ലഭിക്കുകയില്ല.

## നാലാം വിഭാഗം-പ്രൊഫഷണൽ വിഭാഗത്തിലും (തൊഴിൽ മേഖലയിലും) വാണിജ്യത്തിലും വ്യവസായത്തിലും ഉൾപ്പെടുന്നവരുമായവരുടെ വിഭാഗം

**എ) പ്രൊഫഷണൽ വിഭാഗം**

(സർക്കാർ മേഖലയിലും തത്തുല്യ മേഖലകളിലും ജോലി ചെയ്യുന്ന പ്രൊഫഷണലുകൾ ഒഴികെ. അവരെ രണ്ടാം വിഭാഗത്തിലാണ് ഉൾപ്പെടുത്തേണ്ടത്) ഡോക്ടർ, വക്കീൽ, ചാർട്ടേഡ് അക്കൗണ്ടന്റ്/ഇൻകംടാക്സ് കൺസൽട്ടന്റ്, ഫൈനാൻഷ്യൽ അല്ലെങ്കിൽ മാനേജ്മെന്റ് കൺസൽട്ടന്റ്, സവിൽ സർജൻ, എഞ്ചിനീയർ, ആർക്കിടെക്ട്, കമ്പ്യൂട്ടർ സ്പെഷ്യലിസ്റ്റ്, സിനിമ ആർട്ടിസ്റ്റുകൾ, സിനിമ പ്രൊഫഷണലുകൾ, എഴുത്തുകാർ, സ്പോർട്ട്സ് താരങ്ങൾ, വാർത്താ വിതരണ രംഗത്തെ പ്രൊഫഷണലുകൾ, ജീവനക്കാർ കൂടാതെ അതുപോലെ തുല്യപദവിയിലുള്ള മറ്റു തൊഴിൽ മേഖലയിൽ പണി എടുക്കുന്നവർ)

മാനദണ്ഡം: വരുമാനം/ധനസ്ഥിതിയെയാണ് മാനദണ്ഡമാക്കേണ്ടത്. വിശദാംശങ്ങൾ ആറാം വിഭാഗത്തിൽ വിവരിക്കുന്നു.

ബി) വാണിജ്യത്തിലും, വ്യവസായത്തിലും, കച്ചവടത്തിലും ഏർപ്പെട്ടിരിക്കുന്നവർ

മാദണ്ഡം - വരുമാനം/ധനസ്ഥിതിയെയാണ് മാനദണ്ഡമാക്കേണ്ടത്. വിശദാംശങ്ങൾ ആറാം വിഭാഗത്തിൽ വിവരിക്കുന്നു.

(ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ തൊഴിൽ ചെയ്യുന്ന ആളും മറ്റേയാൾ ക്ലാസ്സ് 2 ഓഫീസറോ അതിൽ താഴ്ന്ന പദവിയുള്ള ഉദ്യോഗമോ വഹിക്കുന്ന ആളോ ആയിരുന്നാലും വരുമാനം കണക്കാക്കുമ്പോൾ തൊഴിൽ ചെയ്യുന്ന ആളിന്റെ വരുമാനം മാത്രമേ കണക്കാക്കാൻ പാടുള്ളു)

## അഞ്ചാം വിഭാഗം-വസ്തു ഉടമകൾ

**A. കൃഷി/തോട്ടഭൂമി ഉടമകൾ**

ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമിയിൽ നിന്നുള്ള വരുമാനം കണക്കാക്കാൻ പാടില്ല. ഭൂപരിധിയാണ് മാനദണ്ഡമാക്കേണ്ടത്. 5 ഹെക്ടറോ അതിൽ കൂടുതലോ കൃഷി/തോട്ട ഭൂമി കൈവശമുള്ള വ്യക്തി/വ്യക്തികൾ/കുടുംബം ഇവരുടെ മകനും മകൾക്കും സംവരണത്തിന് അർഹതയില്ല. (കുടുംബം എന്നാൽ പിതാവ്, മാതാവ്, പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടും)

**B. ഒഴിഞ്ഞുകിടക്കുന്ന ഭൂമി/നഗരപ്രദേശത്തെ കെട്ടിട ഉടമകൾ**

മാനദണ്ഡം-ആറാം വിഭാഗത്തിൽ വിവരിക്കുന്ന മാനദണ്ഡങ്ങൾ എല്ലാ ഈ വിഭാഗത്തിൽപ്പെടുന്നവരുടെ മക്കൾക്ക് ബാധകമായിരിക്കും. (കെട്ടിടം താമസ ആവശ്യത്തിനോ, വാണിജ്യ-വ്യവസായ ആവശ്യത്തിനോ അല്ലെങ്കിൽ എല്ലാം ചേർന്നതോ ആകാം.)

## ആറാം വിഭാഗം-വരുമാനം-ധനസ്ഥിതി

(1) നാലാം വിഭാഗം, അഞ്ചാം വിഭാഗത്തിലെ ബി. ഉപ വിഭാഗം, ആറാം വിഭാഗം എന്നിവരെ സംബന്ധിച്ച് മാത്രമാണ് വരുമാനം/ധനസ്ഥിതി പരിഗണിക്കേണ്ടത്. ഈ വിഭാഗത്തിൽപ്പെട്ടവരിൽ വാർഷിക വരുമാനം തുടർച്ചയായി 3 വർഷം 6 ലക്ഷം രൂപയിൽ (സ.ഉ(കൈ) നം.05/2014/ പി.സ.വി.വ തീയതി 31-01-2014) കൂടുതൽ ഉള്ളവരുടെ മക്കൾ സംവരണത്തിന് അർഹരല്ല. വരുമാനം കണക്കാക്കുമ്പോൾ കാർഷിക വരുമാനം പരിഗണിക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവരുടെ ശമ്പള വരുമാനവും, മറ്റ് രീതിയിലുള്ള വരുമാനവും പരസ്പരം കൂട്ടാനും പാടില്ല. ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമേ പരിഗണിക്കാൻ പാടുള്ളു. വെൽത്ത് ടാക്സ് ആക്ട് പ്രകാരമുള്ള പരിധിയിൽ കവിഞ്ഞ സ്വത്ത് തുടർച്ചയായി 3 വർഷം കൈവശം വയ്ക്കുന്നവരുടെ മക്കളും സംവരണത്തിന് അർഹരല്ല.

(2) 1, 2, 3, 5 (എ) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട് സംവരണാനുകൂല്യം ലഭിക്കാൻ അർഹതയുണ്ടെങ്കിലും മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റ് വഴികളിലൂടെ പരിധിയിൽ കവിഞ്ഞ വരുമാനം ഉള്ളവരുടെ മക്കൾ സംവരണത്തിന് അർഹരല്ല. എന്നാൽ ഇവരുടെ ശമ്പള വരുമാനവും, കാർഷിക വരുമാനവും മറ്റ് വഴികളിലൂടെയുള്ള വരുമാനത്തോടൊപ്പം കൂട്ടിച്ചേർക്കാൻ പാടില്ല.

(അവലംബം : റവന്യൂ ഗൈഡ്)



## വായനക്കാർ ആവശ്യപ്പെട്ട വിഷയം

# ഇന്ത്യയിലെ വനങ്ങൾ

**ഇന്ത്യയിലെ വനങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾ മത്സരപ്പരീക്ഷകളിൽ പതിവാണ്. സ്ഥിതിവിവരക്കണക്കുകൾ മാറുന്നതിനനുസരിച്ച് വസ്തുതകൾക്ക് വ്യത്യാസം വരുമെന്നതിനാൽ ജാഗ്രതയോടെ പഠിക്കേണ്ട ഒരു വിഷയമാണിത്. വായനക്കാർ ആവശ്യപ്പെട്ടതു പ്രകാരം ലഭ്യമായ ഏറ്റവും പുതിയ വിവരങ്ങൾ പ്രകാരമാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്.**

2015 ലെ ഫോറസ്റ്റ് സർവെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ വനഭൂമി 701,673 ചതുരശ്ര കിലോമീറ്ററാണ്. ഇത് രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 21.34 ശതമാനമാണ്. ആകെ വിസ്തൃതിയുടെ 85,904 ച.കി.മീ. (2.61%) പ്രദേശം നിബിഡവനം (വെരി ഡെൻസ് ഫോറസ്റ്റ്) ആണ്. 315,374 (9.59%) ച.കി.മീ. ഇടത്തരം നിബിഡവനം (മോഡറേറ്റ്ലി ഡെൻസ് ഫോറസ്റ്റ്) എന്ന വിഭാഗവും 300,395 ച.കി.മീ. (9.41%) തുറസ്സായ (ഓപ്പൺ ഫോറസ്റ്റ്) എന്ന വിഭാഗവുമാണ്.

രാജ്യ വിസ്തൃതിയുടെ 2,544,228 ച.കി.മീ. വനം ഇതരം (നോൺ ഫോറസ്റ്റ്) എന്ന വിഭാഗത്തിലും (77.4%) 41,363 ച.കി.മീ. പ്രദേശം കുറ്റിക്കാട് (സ്ക്രബ്) എന്ന വിഭാഗത്തിലും ഉൾപ്പെടുന്നു. (1.26%) വിസ്തീർണ്ണാടിസ്ഥാനത്തിൽ ഫോറസ്റ്റ് കവർ ഏറ്റവും കൂടുതലുള്ള സംസ്ഥാനം മധ്യപ്രദേശാണ് (77, 462 ച.കി.മീ) രണ്ടാം സ്ഥാനത്തുള്ള അരുണാചൽ പ്രദേശിന് (67,321 ച.കി.മീ) വടക്കു കിഴക്കൻ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വിസ്തീർണത്തിൽ വനമുള്ള സംസ്ഥാനം എന്ന പ്രത്യേകതയും സ്വന്തമാണ്. ഛത്തീസ്ഗഢ് (55,586 ച.കി.മീ) മഹാരാഷ്ട്ര (50,628 ച.കീ.മീ) ഒഡിഷ (50, 534) ച.കി.മീ) എന്നിവയാണ് വന വിസ്തൃതിയിൽ തൊട്ടടുത്ത സ്ഥാനങ്ങളിലുള്ള സംസ്ഥാനങ്ങൾ

സംസ്ഥാന വിസ്തൃതിയുടെ 88.93 ശതമാനം ഭാഗത്ത് വനമുള്ള മിസോറമിലാണ് ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനമുള്ളത്. അരുണാചൽ പ്രദേശ് (80.30%), നാഗാലാൻഡ് (78.21%) മണിപ്പൂർ (76.11%) ത്രിപുര (74.49%) എന്നീ സംസ്ഥാനങ്ങളാണ് ശതമാനാടിസ്ഥാനത്തിൽ വനം കൂടതലുള്ള സംസ്ഥാനങ്ങൾ.

വനഭൂമിയുടെ വിസ്തീർണം ഏറ്റവും കുറവുള്ള സംസ്ഥാനം ഹരിയാനയാണ് (1584 ച.കി.മീ) ഇത് സംസ്ഥാന വിസ്തൃതിയുടെ 35.8 ശതമാനമാണ്. ശതമാനാടിസ്ഥാനത്തിൽ വനം ഏറ്റവും കുറവ് പഞ്ചാബിലാണ് (3. 52%) ഇത് സംസ്ഥാന വിസ്തൃതിയിൽ 1771 ച.കി.മീറ്ററാണ്.

കേന്ദ്ര സംസ്ഥാന പ്രദേശങ്ങളിൽ വന വിസ്തീർണ്ണം ഏറ്റവും കൂടുതൽ ആന്തമാൻ നിക്കോബാർ ദ്വീപസമൂഹത്തിലാണ്. ആകെ വിസ്തീർണ്ണത്തിന്റെ 6,751 ച.കി.മീ പ്രദേശം (81.84%) ഇവിടെ വനമാണ്. ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനമുള്ള കേന്ദ്ര ഭരണപ്രദേശം ലക്ഷദ്വീപാണ് (84.56%) ഇവിടെ വനഭൂമിയുടെ വിസ്തീർണ്ണം 27.06 ച.കി.മീറ്ററാണ്.


കേന്ദ്ര ഭരണ പ്രദേശങ്ങളൽ വനവിസ്തീർണ്ണം ഏറ്റവും കുറവ് ദാമൻ-ദിയുവിലാണ് (19. 61ച.കി.മീ) ശതമാനാടിസ്ഥാനത്തിൽ വനം ഏറ്റവും കുറവുള്ള കേന്ദ്ര ഭരണപ്രദേശം പുതുച്ചേരിയാണ് (11.54%)


കേരളത്തിൽ 19,239 ച.കി.മീ വനമുണ്ട്. ശതമനാടിസ്ഥാനത്തിൽ ഇത് 49.50 ശതമാനമാണ്. ആകെ വനവിസ്തൃതിയിൽ 1,523 ച.കി.മീ പ്രദേശം വെരി ഡെൻസ് ഫോറസ്റ്റ് എന്ന വിഭാഗത്തിലും 9,301 ച.കി.മീ മോഡറേറ്റ്ലി ഡെൻസ് ഫോറസ്റ്റ് എന്ന വിഭാഗത്തിലും 8,415 ച.കി.മീ ഓപ്പൺ ഫോറസ്റ്റ് എന്ന വിഭാഗത്തിലും ഉൾപ്പെടുന്നു. തൊട്ടുമുമ്പത്തെ (2013) റിപ്പോർട്ടിനേക്കാൾ 1317 ച.കി.മീ വർധനവുണ്ട്. ഇന്ത്യയിൽ തമിഴ്നാട് കഴിഞ്ഞാൽ (2501ച.കി.മീ) വനവിസ്തീർണ്ണത്തിൽ ഏറ്റവും കൂടുതൽ വർധനവ് കേരളത്തിലാണ്.

## വിവിധ തരം വനങ്ങൾ

### ഇന്ത്യയിൽ അഞ്ചുതരം വനങ്ങളുണ്ട്

1. ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ (ട്രോപ്പിക്കൽ എവർഗ്രീൻ) അർധ നിത്യ ഹരിത വനങ്ങൾ (സെമി എവർ ഗ്രീൻ)
2. ഉഷ്ണമേഖല ഇലപെഴിയും വനങ്ങൾ (ട്രോപ്പിക്കൽ ഡെസിഡിയസ്)
3. വരണ്ട മുൾക്കാടുകൾ
4. ചതുപ്പുനിലങ്ങൾ അഥവാ തീരദേശ വനങ്ങൾ
5. ഹിമാലയൻ പ്രദേശത്തെ വനമേഖലകൾ





**ഇതുകൂടാതെ വനസാന്ദ്രതയ്ക്കനുസരിച്ച് ഇപ്രകാരവും വനങ്ങളെ തരം തിരിക്കാറുണ്ട്.**

**നിബിഡവനം** :(വനസാന്ദ്രത 70 ശതമാനത്തിലധികമുള്ളഭൂമി

**ഇടത്തരം നിബിഡ വനം:** വനസാന്ദ്രത 40 ശതമാനത്തിലും 70 നും ഇടയിൽ

**തുറസ്സായ വനം:** വനസാന്ദ്രത 10 ശതമാനത്തിലും 40 നും ഇടയിൽ

**കുറ്റിക്കാട്:** പത്തു ശതമാനത്തിൽ താഴെ മാത്രം വന സാന്ദ്രതയുള്ള പ്രദേശം

**ഉഷ്ണമേഖല നിത്യഹരിതവനങ്ങൾ:** വർഷത്തിൽ 200 സെന്റീമീറ്ററിലധികം മഴലഭിക്കുന്ന പ്രദേശങ്ങളാണിവ. ഉയർന്ന ആർദ്രതയും ഋജുവായ താപനിലയുമുള്ള കാലാവസ്ഥ ഇവിടെ അനുഭവപ്പെടുന്നു. ഈ മേഖലകളിൽ വിവിധയിനം വനങ്ങൾ കൂട്ടത്തോടെ വളരുന്നു. പശ്ചിമഘട്ടത്തിനു മുകളിലും വടക്കു കിഴക്കൻ ഇന്ത്യയുടെ മലയോര മേഖലകളിലും നിത്യഹരിത വനപ്രദേശങ്ങൾ കാണപ്പെടുന്നു.

**അർധ നിത്യഹരിതവനങ്ങൾ:** നിത്യഹരിത വനങ്ങൾ ധാരാളമായി ഉണ്ടെങ്കിലും അവയുടെ സാന്നിധ്യം പൂർണമല്ലാത്ത പ്രദേശങ്ങളാണ് ഇവ. പശ്ചിമഘട്ടത്തിന്റെ വരണ്ട ഭാഗങ്ങൾ, ബംഗാൾ, ഒഡിഷ, വടക്കുകിഴക്കൻ ഇന്ത്യ എന്നിവടങ്ങളിൽ അർധ നിത്യ ഹരിത വനങ്ങൾ കാണാം. വർഷത്തിൽ 200 സെന്റീമീറ്ററിലധികം മഴ കിട്ടുന്ന പ്രദേശങ്ങളിലാണ് ഇത്തരം വനങ്ങൾ കാണുന്നത്.

**ഉഷ്ണമേഖലാ ഇലപൊഴിയും വനങ്ങൾ:** വരണ്ട കാലാവസ്ഥയിലും തണുപ്പു കാലത്തും ഇലകളില്ലാതെ നിൽക്കുന്ന വന പ്രദേശങ്ങളാണിവ. ഇവിടെ വർഷത്തിൽ 100 സെന്റീമീറ്ററിനും 200 സെന്റീമീറ്ററിലും അധികം മഴ ലഭിക്കും. ഉത്തരഭാഗത്ത് സിവാലിക് മലനിരകൾ മുതൽ ഭക്ഷിണ ഭാഗത്ത് പശ്ചിമഘട്ടം വരെ ഇത് വ്യാപിച്ചു കിടക്കുന്നു. തേക്ക്, സാൽ, ചന്ദനം, തുടങ്ങിയ മരങ്ങൾ ഇവിടെ വളരുന്നു.

**മുൾക്കാടുകൾ:** ഊഷരവും വരണ്ടതുമായ മഴ ലഭ്യത 80 സെന്റീമീറ്ററിൽ താഴെയുള്ള പ്രദേശങ്ങളാണ് മുൾക്കാടുകൾ. പടിഞ്ഞാറൻ പഞ്ചാബ്, തെക്കുപടിഞ്ഞാറൻ ഹരിയാന, രാജസ്ഥാൻ, ഗുജറാത്ത്, മധ്യപ്രദേശ് എന്നിവിടങ്ങളിലും ഡക്കാൾ പ്രദേശത്തിന്റെ വരണ്ട മേഖലകളിലും ഇവ വ്യാപിച്ചുകിടക്കുന്നു.

**ചതുപ്പുനിലങ്ങൾ അഥവാ തീരദേശ വനങ്ങൾ:** ഇത്തരം വനങ്ങൾ നദീതടങ്ങളിലും തുരുത്തുകളിലും വ്യാപകമായി കാണപ്പെടുന്നു. ഗംഗയുടെയും മഹാനദിയിലെയും തുരുത്തുകൾ തീരദേശ വനങ്ങൾക്കുദാഹരണമാണ്.

**ഹിമാലയൻ മേഖലയിലെ വനങ്ങൾ:** ഹിമാലയൻ പ്രദേശത്തെ വനങ്ങൾ ഉയരത്തിനനുസരണമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ശിവാലിക് പ്രദേശങ്ങൾ ഉഷ്ണമേഖല ആർദ്ര ഇലപൊഴിയും വനങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. കുറച്ചുകൂടി ഉയർന്ന ഭാഗത്ത് അശോകം, ഓക്തുടങ്ങിവ കാണാം. ഏതാണ്ട് 1600-3300 മീറ്റർ ഉയരത്തിലെത്തുമ്പോൾ ദേവദാരു, പൈൻ എന്നിവയുടെ സാധ്യമുണ്ട്.

ലോകത്തിലെ ആകെ കണ്ടൽ വനങ്ങളുടെ മൂന്ന് ശതമാനം ഇന്ത്യയിലാണ്. ഇതിൽ പകുതിയും ഇന്ത്യയിലെ ഏറ്റവും വലിയകണ്ടൽ വനമായ ബംഗാളിലെ സുന്ദർബൻസിലാണുള്ളത്. ഗുജറാത്തിനാണ് രണ്ടാം സ്ഥാനം. കേരളത്തിലെ ജില്ലകളിൽ കണ്ടൽകാടുകൾ ഏറ്റവും കൂടുതലുള്ളത് കണ്ണൂരിലാണ്.

(ലേഖനം ആവശ്യപ്പെട്ടത്:
**പ്രശാന്ത്, കണ്ണൂർ)**

# ജൈനമതം




പ്രാചീന ഇന്ത്യ

* തങ്ങളുടെ പ്രധാന മതാചാര്യനായ മഹാവീരന് തീർഥങ്കരൻ എന്നു വിളിക്കപ്പെട്ട 23 മുൻഗാമികളുണ്ടെന്ന് ജൈനർ വിശ്വസിച്ചു. മഹാവീരൻ ഏറ്റവും ഒടുവിലത്തേതും 24മത്തേതുമായ തീർഥങ്കരനാണെന്നു കരുതിയാൽ ജൈനമതത്തിന്റെ തുടക്കം പിന്നിലേക്ക് പോയി ബി.സി. ഒൻപതാം നൂറ്റാണ്ടാകും.
* ഋഷഭദേവനാണ് (ആദിനാഥൻ) ആദ്യ ജൈനമതാചാര്യനെന്ന് ചിലർ വിശ്വസിക്കുന്നു. വർധമാന മഹാവീരൻ ജൈനമത സ്ഥാപകനായി കരുതപ്പെടുന്നുവെങ്കിലും ജൈനമതത്തിന്റെ ചിട്ടകൾ വ്യവസ്ഥ ചെയ്തത് 23മത്തെ തീർഥങ്കരനായ പാർശ്വനാഥനാണ്.
* ഇക്ഷ്വാകു വംശത്തിൽ ജനിച്ച പാർശ്വനാഥൻ വാരാണസിയിലെ രാജകുമാരനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് അശ്വസേനനും മാതാവ് വാമദേവിയുമായിരുന്നു. മുപ്പതാം വയസ്സിൽ ഭൗതികജീവിതമുപേക്ഷിച്ചു. 84 ദിവസത്തെ ധ്യാനത്തിനൊടുവിൽ കേവലജ്ഞാനം കൈവന്നു. മുപ്പത്തിയൊന്നാമത്തെ വയസ്സിൽത്തന്നെ അദ്ദേഹം ജൈനമത തത്ത്വങ്ങൾ ആവിഷ്കരിച്ചു.
* ക്രിസ്തുവിനുമുമ്പ് ഏകദേശം 877 നും 777–നും മധ്യേയാണ് പാർശ്വനാഥൻ ജീവിച്ചിരുന്നതെന്ന് കരുതപ്പെടുന്നു.
* അഹിംസ (Non-violence), സത്യം (Truthfulness), അസ്തേയം (Non-stealing), അപരിഗ്രഹ (Non-materialism) എന്നീ നാലു വ്രതങ്ങൾ അനുഷ്ഠിക്കുകയെന്നതാണ് അവയിൽ ഏറ്റവും പ്രധാനം. മഹാവീരൻ ഇതിനോടൊപ്പം ബ്രഹ്മചര്യം (Celibacy) എന്ന നിഷ്ഠ കൂടി കൂട്ടിച്ചേർത്തു.
* മഹാവീരൻ ജൈനമതത്തെ പരിഷ്കരിക്കുകയും അതിന്റെ പ്രചാരണത്തിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തു.

### വർധമാന മഹാവീരൻ

* വൈശാലിക്കു സമീപമുള്ള (ഇപ്പോൾ ബീഹാറിൽ) കുണ്ഡഗ്രാമത്തിൽ ബി.സി. 540–ൽ ജ്ഞാത്രിക കുലത്തിന്റെ മേധാവിയായിരുന്ന സിദ്ധാർഥന്റെയും ലിച്ഛാവികുലത്തിലെ രാജകുമാരിയായിരുന്ന ത്രിശാലയുടെയും മകനായി വർധമാനൻ ജനിച്ചു (വർധമാനൻ എന്ന വാക്കിനർഥം വർധിപ്പിക്കുന്നവൻ). അദ്ദേഹം യശോധയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു പുത്രി (അജോജ പ്രിയദർശന) ജനിച്ചു. തുടർന്ന് വർധമാനൻ തന്റെ മുപ്പതാം വയസ്സിൽ ലൗകിക സുഖങ്ങളെല്ലാം വെടിഞ്ഞ് സന്യാസിയായി.
* പന്ത്രണ്ടുകൊല്ലത്തെ സന്യാസത്തിനുശേഷം 42–മത്തെ വയസ്സിൽ ജ്രിംഭിക ഗ്രാമത്തിൽ ഒരു അശോകമരച്ചുവട്ടിൽ വച്ച് വർധമാനൻ പരമമായ ജ്ഞാനം നേടി. ഇതിനുശേഷം അദ്ദേഹം ജിനൻ, മഹാവീരൻ എന്നീ പേരുകളിൽ അറിയപ്പെട്ടുതുടങ്ങി.
* ജിനൻ എന്ന പേരിൽനിന്നാണ് ജൈനമതം എന്ന പേര് ഉദ്ഭവിച്ചത്. മുപ്പത് കൊല്ലത്തോളം തന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ നിരന്തരം പരിശ്രമിച്ച അദ്ദേഹം 468 ബി.സി. യിൽ 72–മത്തെ വയസ്സിൽ രാജഗൃഹത്തിനുസമീപം പാവ ( ബീഹാറിൽ)എന്ന സ്ഥലത്തുവച്ച് അന്തരിച്ചു.

### ജൈനമതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ

1. വേദവിധി പ്രകാരമുള്ള എല്ലാ മതാനുഷ്ഠാനങ്ങളും നിഷ്ഫലമാണ്.
2. ദൈവം ഒരു മിഥ്യയാണ്.
3. സുഖദു:ഖങ്ങൾക്കടിസ്ഥാനം കർമമാണ്. മോക്ഷപ്രാപ്തിക്ക് സത്കർമം അനുഷ്ഠിക്കണം.
4. കർമം കുറ്റമറ്റതും ശുദ്ധവുമാക്കാനുള്ള മാർഗമാണ് ത്രിരത്നങ്ങൾ (ശരിയായ വിശ്വാസം, ശരിയായ ജ്ഞാനം, ശരിയായ പെരുമാറ്റം).
5. സന്ന്യാസം, സ്വയംപീഢനം, നിരാഹാരവ്രതം എന്നിവയിലൂടെ നിർവാണം പ്രാപിക്കാം.
6. ജൈനമതത്തിന്റെ പരമ പ്രധാനമായ തത്ത്വം അഹിംസയാണ്.

### ജൈനമതത്തിന്റെ പുരോഗതി

* ജൈനമതത്തിന് രാജാക്കൻമാരുടെ പ്രോത്സാഹനം ലഭിച്ചത് അതിന്റെ പ്രചാരത്തിനു സഹായകമായി. അജാതശത്രു, ചന്ദ്രഗുപ്തമൗര്യൻ, സമ്പ്രാതി, ഖരവേലൻ, അമോഘവർഷൻ മുതലായവർ ജൈനമതത്തെ പ്രോത്സാഹിപ്പിച്ച പ്രമുഖ രാജാക്കൻമാരാണ്.
* ജൈനമതത്തെ പ്രോത്സാഹിപ്പിച്ച തെക്കേ ഇന്ത്യയിലെ രാജവംശങ്ങളാണ് കദംബ, ഗംഗ, ചാലൂക്യ, രാഷ്ട്രകൂട എന്നിവ.
* ബി.സി.രണ്ടാം ശതകത്തിൽ ജൈനമതം മധ്യേന്ത്യയിലും പശ്ചിമേന്ത്യയിലും വമ്പിച്ച തോതിൽ പുരോഗതി കൈവരിച്ചു.
* ജൈനമതം ഡക്കാണിൽ പുരോഗതി നേടിയത് എ.ഡി. ഒൻപതുമുതൽ 11 വരെയുള്ള ശതാബ്ദങ്ങളിലാണ്.
* ഗുജറാത്തിൽ ജൈനമതം പ്രചരിപ്പിച്ച സന്യാസിയാണ് ഹേമചന്ദ്രൻ (ജനനം എഡി 1087).

### ജൈനമതം ക്ഷയിക്കാനുണ്ടായ കാരണങ്ങൾ

1. സ്പർധ, അനൈക്യം, വിഭാഗീയത എന്നിവ ജൈനമതത്തിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടി.
2. ശ്വേതാംബരൻമാർ, ദിഗംബരൻമാർ എന്നിങ്ങനെ രണ്ടുവിഭാഗങ്ങളായി പിളർന്ന ജൈനമതത്തിന് സംഘടനാ പരമായ മേന്മയും ഐക്യദാർഢ്യവും നഷ്ടപ്പെട്ടു.



3. ശക്തിമത്തായ മതപ്രചാരണത്തിന്റെ അഭാവം
4. സാധാരണ ജനങ്ങളെ ആകർഷിക്കാൻ കഴിയാതെപോയി എന്ന പരിമിതി.
5. മികച്ച നേതൃത്വത്തിന്റെ അഭാവം
6. ഇതര മതങ്ങളിൽനിന്നുള്ള മത്സരത്തെ അതിജീവിക്കാൻ കഴിയാതെ പോയ സാഹചര്യം.

### ജൈനമതത്തിന്റെ സംഭാവനകൾ

* ജാതിരഹിത സമൂഹത്തിനുവേണ്ടി നിലകൊണ്ട ജൈനമതം ജാതിഭിന്നതകളെ ലഘൂകരിക്കാൻ സഹായകമായി.
* സദ്ഗുണങ്ങളുടെ പ്രചാരണത്തിന് ജൈനമതം പുലർത്തിയ ശ്രദ്ധ അതിന്റെ അനുയായികൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നേടിക്കൊടുത്തു.
* കല, സാഹിത്യം, ഭാഷ എന്നിവയുടെ വളർച്ചയ്ക്ക് സംഭാവന നൽകി. സംസ്കൃതത്തിനു പകരം പ്രാകൃത ഭാഷയാണ് ജൈനർ ആശയവിനിമയത്തിന് സ്വീകരിച്ചത്. ആ ഭാഷയുടെ വളർച്ചയ്ക്ക് അത് സഹായകമായി. മിക്ക ജൈമതകൃതികളും പ്രാകൃതഭാഷയിലാണ് രചിക്കപ്പെട്ടത്. മഹാവീരൻ തന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ഉപയോഗിച്ച ഭാഷ അർധമാഗധി എന്ന മിശ്രഭാഷയാണ്.
* തമിഴ്, കന്നട എന്നീ ദ്രാവിഡ ഭാഷകളുടെ ആദ്യകാല വളർച്ചയിലും ജൈനമതം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചിലപ്പതികാരം രചിച്ച ഇളങ്കോ അടികൾ ജൈനമതസ്ഥനായിരുന്നു.
* ശിൽപകല, വാസ്തുവിദ്യ എന്നീ മേഖലകളിലും ജൈനമതം ശ്രദ്ധേയമായ സംഭാവനകൾ അർപ്പിച്ചു. ഒറീസ്സയിലെ ഹാഥിഗുംഭ, ഖണ്ഡഗിരി, ഉദയഗിരി ഉത്തർപ്രദേശലെ മഥുര, രാജസ്ഥാനിലെ മൗണ്ട് അബു, മധ്യപ്രദേശിലെ ഖജുരാഹോ, കർണാടകത്തിലെ ശ്രാവണബലഗോള എന്നീ സ്ഥലങ്ങൾ ജൈനകലയുടെ പ്രശസ്ത കേന്ദ്രങ്ങളാണ്.

### ജൈനമത വിഭാഗങ്ങൾ

* ജൈനമതം ശ്വേതാംബരൻമാർ (literally means "white-clad"), ദിഗംബരൻമാർ (literally means "Sky-clad") എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. ശ്വേതാംബരൻമാർ വെളുത്ത വസ്ത്രം ധരിച്ചവരും ദിഗംബരൻമാർ വസ്ത്രം ധരിക്കാത്തവരുമായിരുന്നു. ആദ്യ വിഭാഗത്തെ സ്ഥൂലഭദ്രനും രണ്ടാമത്തേതിനെ ഭദ്രബാഹുവും നയിച്ചു. തെക്കേ ഇന്ത്യയിൽ ജൈനമതം പ്രചരിപ്പിച്ചത് ദിഗംബരൻമാരായിരുന്നു.

### ജൈനമത സമ്മേളനങ്ങൾ

* ആദ്യത്തെ ജൈനമത സമ്മേളനം ബി.സി. 300നോടടുത്ത് പാടലീപുത്രത്തുനടന്നു. സ്ഥൂലഭദ്രനാണ് നേതൃത്വം നൽകിയത്.
* രണ്ടാമത്തെ ജൈനമതസമ്മേളനം എഡി 512–ൽ ഗുജറാത്തിലെ വലഭിയിൽനടന്നു. ദേവരഥി ക്ഷമാശ്രമണനായിരുന്നു അധ്യക്ഷൻ.

### ജൈനമത സാഹിത്യം

* ആഗമ, അംഗ, പൂർവ എന്നിവയാണ് ജൈനരുടെ വിശുദ്ധ കൃതികൾ. തീർഥങ്കരൻമാരുടെ വചനങ്ങളാണ് അംഗ എന്ന പേരിൽ അർധ മാഗധി ഭാഷയിൽ സമാഹരിച്ചിരിക്കുന്നത്. ഇവ 12 എണ്ണമുണ്ട്. ജൈനമതധർമശാസ്ത്രങ്ങളെക്കുറിച്ചു പ്രതി പാദിക്കുന്ന പൂർവങ്ങൾ 14 എണ്ണമുണ്ട്.
* കൽപസൂത്രം രചിച്ചത് ഭദ്രബാഹുവാണ്. പാർശ്വനാഥൻ, മഹാവീരൻ മുതലായ ജൈനതീർങ്കരൻമാരുടെ ജീവ ചരിത്രമാണ് കൽപസൂത്രത്തിന്റെ പ്രതിപാദ്യം.
* ന്യായചന്ദ്രസൂരി എന്ന സന്യാസിയാണ് ഹമ്മിര മഹാകാവ്യത്തിന്റെ കർത്താവ്.

### പ്രധാനപ്പെട്ട ചില വസ്തുതകൾ

* ജൈനമതം മുന്നോട്ടുവച്ച തത്ത്വങ്ങളിൽ ഏറ്റവും ശാസ്ത്രീയം എല്ലാ വസ്തുകൾക്കും ജീവനുണ്ട് എന്നതാണ്. കൃഷി നിരോധിച്ചതാണ് ഏറ്റവും അശാസ്ത്രീയമായ തത്ത്വമായി വിലയിരുത്തപ്പെടുന്നത്. ജൈനമതത്തിന് ഏറ്റവും കൂടുതൽ അനുയായികളുണ്ടായിരുന്നത് വ്യാപാരി സമൂഹത്തിലാണ് (Mercantile community)
* 22 മത്തെ തീർഥങ്കരനായ നേമിനാഥന്റെ ചിഹ്നം ശംഖ് ആയിരുന്നു. പാർശ്വനാഥന്റേത് പാമ്പ്. മഹാവീരന്റേത് സിംഹം.
* മഹാവീരന്റെ പുത്രി അജോജ പ്രിയദർശനയെ വിവാഹം കഴിച്ച ജമാലിയാണ് മഹാവീരന്റെ ആദ്യ ശിഷ്യൻ.
* ജൈനമതം സ്വീകരിച്ച ആദ്യ മൗര്യ ചക്രവർത്തി ചന്ദ്രഗുപ്ത മൗര്യനാണ്.
* ജൈനമതാശ്രമങ്ങൾ ബസ്തികൾ (Basadis) എന്നറിയപ്പെട്ടു. ആരാധനാ കേന്ദ്രങ്ങൾ ക്ഷേത്രങ്ങളാണ്.
* മഹാവീരൻ അന്തരിക്കുന്ന സമയത്ത് മഗധ രാജാവ് അജാത ശത്രുവാണ്.

### അനുബന്ധവിവരങ്ങൾ

* *ബുദ്ധമതക്കാരുടെ പാലി ഭാഷയിലുള്ള രേഖകളിൽ മഹാവീരനെ പരാമർശിക്കുന്നത് Nigantha Nataputta എന്ന പേരിലാണ്.*
* *രാജസ്ഥാനിലെ മൗണ്ട് അബുവിലാണ് ദിൽവാരാ ജൈനക്ഷേത്രങ്ങൾ. പതിനൊന്നാം നൂറ്റാണ്ടിനും പതിമൂന്നാം നൂറ്റാണ്ടിനും ഇടയ്ക്ക് ചാലൂക്യവംശത്തിലെ രാജാക്കൻമാരാണ് ഈ ക്ഷേത്രങ്ങൾ മാർബിളിൽ നിർമിച്ചത്.*
* *ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാന ജൈനകേന്ദ്രം ശ്രാവണബലഗോളയാണ്. ഇവിടെ ഗോമതേശ്വരൻ അഥവാ ബാഹുബലിയുടെ ഭീമകാരമായ പ്രതിമയുണ്ട്. ഇതിന് 55 അടി (17 മീറ്റർ) ഉയരമുണ്ട്. ആദ്യത്തെ ജൈന തീർഥങ്കരനായ ഋഷഭദേവന്റെ നൂറുമക്കളിൽ രണ്ടാമനായിരുന്നു ബാഹുബലി. രാജപദവി ഉപേക്ഷിച്ച് സന്ന്യാസിയായിത്തീർന്നയാളാണ് ബാഹുബലി.*
* *ശ്രാവണബലഗോളയിലെ പ്രധാന ഉത്സവമായ മഹാമസ്തകാഭിഷേകം നടക്കുന്നത് 12 വർഷത്തിലൊരിക്കലാണ്.*
* *ഭഗവാൻ മഹാവീർ സാങ്ചരി ഗോവയിലാണ്.*
* *മഹാവീരന്റെ ജന്മദിനം മഹാവീർ ജയന്തിയായി ആഘോഷിക്കുന്നു. ചൈത്രമാസത്തിലെ 13 മത്തെ ദിവസമാണ് അദ്ദേഹം ജനിച്ചത്. ഇത് മാർച്ച് മാസത്തിലോ ഏപ്രിൽ ആദ്യമോ ആഘോഷിക്കുന്നു.*
* *മഹാവീരന്റെ മാതാവ് ത്രിശാല, വൈശാലിയിലെ രാജാവ് ചേതകന്റെ സഹോദരിയായിരുന്നു.*
* *മഹാവീരന്റെ മാതാപിതാക്കൾ പാർശ്വനാഥന്റെ അനുയായികളായിരുന്നു.*
* *ചന്ദ്രഗുപ്തമൗര്യൻ ജൈനമതത്തിലെ ദിഗംബര വിഭാഗത്തിന്റെ അനുയായിയായിരുന്നു.* ●

* In which country world's first three parent baby was born? Mexico
* What is the other name of the 'three-parent' technique ?- Mitochondrial donation (Mitochondrial Replacement Therapy)
* Who heads the committee constituted by the cntrl gov to study silt in the river ganga in Bihar?A.K sinha
* The first BRICS film festival was held in which indian city? New Delhi
* As per the statistics of the Central Government, which state was visited by most number of tourists in 2015? Tamil Nadu
* Who is the Goodwill Ambassador of Mritasanjivani, the organ donation project of Kerala Government? Mohanlal



* Which is the proposed first differently abled tourist destination in Kerala? Kochi
* India's first disabled-friendly luxury train-The Golden Chariot
* Which country cooperate with India in the Chandrayaan-2? Russia
* World Maritime Day- September 29
* International Day of Charity- September 5
* Whose death anniversary falls on September 5? Mother Theresa
* World Rabies Day? September 28
* Who has been re-appointed as President of World Bank for a second five-year term? Jim Yong Kim
* The nationality of Jim Yong Kim- South Korea
* Which has become Asia-Pacific's only and one of the world's few airports to achieve a carbon neutral status ? The Indira Gandhi International (IGI) Airport
* The new name of Gurgaon- Gurugram
* The theme of 2016 Tourism Day-'Tourism for all – promoting universal accessibility'
* India's largest civilian research and development agency that celebrated its platinum jubilee- Council of Scientific and Industrial Research (CSIR)
* Which country has built world's largest radio telescope nicknamed Tianyan (Heavenly Eye" or "The Eye of Heaven)? China
* In association with which country India conducted Joint Military Training Exercise Yudh Abhyas 2016 at the Chaubattia Military Station in Ranikhet, Uttarakhand? United States (US)
* Name the Tamil film that has been selected as the India's official entry to Oscars 2017 (89th Academy Awards) in the Foreign Language Film category? Visaranai
* Who was appointed as Ambassador to the United States? Navtej Sarna
* The new president of Indian News Paper Society-Somesh Sharama (Rashtradoot Saptahik)
* World Space Week- October 4 to 10
* International Day of Older Persons-October 1
* The prize money of Moorti Devi Award- 4 lakh
* The venue of 2016 BRICS Labour & Employment Ministerial Meet - New Delhi
* The noted Dalit voice, poet and Telugu writer who was conferred with the prestigious Moortidevi Award of Bharatiya Jnanpith for the year 2015- Prof.Kalakaluri Enoch




* The venue of Asian Beach Games 2016-Danang(Vietnam)
* Former Israeli Prime Minister and President who passed away on 28 September 2016- Shimon Peres
* In association with which country India has developed barak-8 missile -Israel
* Who has been elected as the chairman of the Audit bureau of circulation for 2016-17- I.Venkit
* Who ranks first in the list of wealthiest 100 millionaires in India, published by Forbes Magazine-Mukesh Ambani
* Which country was defeated by India at its 500th test Cricket match which was held in Kanpur-New Zealand
* National blood donation day-October 1
* World music day-October 1
* Name the place where the statue of Dr.K.B.Menon was unveiled recently- Vadakara
* Who got the first Jesse Owens Olympic Spirit Award-Muhammad Ali (posthumous)
* Autobiography of Muhammad Ali- The Soul of a Butterfly
* Who developed PRISMA-Alexi Alexey Moiseenkov(Russia)
* Who directed inaugural ceremony of 2016 Rio olympics-Fernando Ferreria Meirelles
* The scheduled venue of 19th South Asian Association for Regional Cooperation (SAARC) Summit that has been postponed after India and four other countries announced to boycott the Summit? Islamabad
* Who inaugurated India Sanitation conference (INDOSAN) in New Delhi? Narendra Modi
* Which company launched the messaging application Allo? Google
* Who directed the film"Visaranai"-Vetrimaran
* Which company constructed the Ramanathapuram soalr plant? Adani Group
* The new Director of Oushadhi- KR Viswambharan
* Who got P Bhaskaran Award of P Bhaskaran Foundation-ONV Kurup (posthumous)



* The newly inducted high tech missile destroyer warship of Indian Navy that was built indigenosly- Mormugao
* The venue of first tourism investors summit organised by India- New Delhi
* What is the prize money of Amrita Keerthi Puraskaram? Rs.1,23,456
* The new director of State Institute for Encyclopaedia-Dr A R Rajan
* The cleanest state as per the report of the National Sample Survey? Sikkim
* Which state ranks second in the list of the National Sample Survey on cleanliness? Kerala
* Which state ranks bottom in the list of the National Sample Survey on cleanliness? Jharkhand
* The newly elected president of the Union of European Football Associations (UEFA) -Alexander Cheferin
* Nationality of Alexander Cheferin -Slovania
* The American playwright who authored 'Who is afraid of Virginia Wolf' and passed away recently-Edward Albee
* In which Indian state the 43 MLAs of Indian National Congress including the Chief Minister left the party and joined another party-Arunachal Pradesh
* The Chief Minister of of Arunachal Pradesh- Pema Khandu
* In which Party Pema Khandu joined? People's Party of Arunachal Pradesh
* International Day for Democracy-September 15
* The first Indian woman to get a medal in Paralympics- Deepa Malik (shotput F-53, Silver Medal)
* The official mascot used for the SAF Games (2016 Feb)-Tikhor
* The British trio of physicists who have won the 2016 Nobel Prize in Physics-David Thouless, F Duncan M Haldane and Michael Kosterlitz
* The History writer who has won the prestigious 2016 John F. Richards Prize for her book Ashoka in Ancient India-Nayanjot Lahiri



* The chairman of Insolvency and Bankruptcy Board of India (IBBI)- MS Sahoo
* The Japanese Scientist who has won the 2016 Nobel Prize for physiology or Medicine for his pioneering work on autophagy- Yoshinori Ohsumi
* The Union Urban Development Ministry The state has declared urban areas of two Indian states open defecation free (ODF). These are the first states to become open defecation free in urban areas. Name these states- Gujarat, Andhra Pradesh
* Who was appointed as the Chairman of Kerla Youth Welfare Board- P.Biju
* Who was appointed as the Green Ambassador of Haritha Keralam Project-KJ Yesudas
* Name the second Novel of Arundhathy Roy-The Ministry of Utmost Happiness
* Who got Thirunelloor Award- Dr.Vellayani Arjunan
* Which was declared as the cleanest city in India by Tourism Department of India Government-Gangtok
* Who will be the chief guest of the 2017 Republic Day Celebrations of India- Sheikh Muhammad Bin Sayyid Al Nahyan
* Which cricketer was appointed as the brand ambassador of Punjab National Bank-Virat Kohli

# കേരളചരിത്രവും വ്യക്തികളും-4

## അമ്മു സ്വാമിനാഥൻ (1894-1978)

സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലി, കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി, ഇടക്കാല പാർലമെന്റ്, ലോക്സഭ, രാജ്യസഭ എന്നിങ്ങനെ ഇന്ത്യൻ പാർലമെന്റ് ചരിത്രത്തിലെ എല്ലാ സഭകളിലും അംഗമായ ഏക മലയാളി വനിതയാണ് അമ്മു സ്വാമിനാഥൻ.

പൊന്നാനിയിലെ ആനക്കര വടക്കത്തു കുടുംബത്തിൽ 1894 ഏപ്രിൽ 22-ന് അമ്മു ജനിച്ചു. സ്വാതന്ത്ര്യ സമരനായിക കുട്ടിമാളു അമ്മ അനുജത്തിയാണ്. പാലക്കാട് സ്വദേശി ഡോക്ടർ സ്വാമിനാഥനെ വിവാഹം കഴിച്ചതോടെ അമ്മു സ്വാമിനാഥനായി.



വീട്ടിലിരുന്നാണ് അമ്മു വിദ്യാഭ്യാസം നേടിയത്. സാമാന്യ വിദ്യാഭ്യാസമേ ആർജിക്കാൻ കഴിഞ്ഞുള്ളു. വിവാഹം കഴിഞ്ഞ് ഭർത്താവൊന്നിച്ച് ചെന്നൈയിൽ താമസമാക്കി. വീട്ടിൽ ഒതുങ്ങിക്കൂടാൻ അവർ ഇഷ്ടപ്പെട്ടില്ല. അമ്മു സ്വാമിനാഥൻ പൊതുപ്രവർത്തനരംഗത്ത് സജീവമായി. ഭർത്താവ് അത് പ്രോൽസാഹിപ്പിച്ചു.

ഡോ. സ്വാമിനാഥൻ 1930-ൽ അന്തരിച്ചു. നാലുമക്കളായിരുന്നു അവർക്ക്- ലക്ഷ്മി, മൃണാളിനി, ഗോവിന്ദൻ, സുബ്ബരാമൻ. ഭർത്താവിന്റെ വിയോഗം തളർത്തിയെങ്കിലും അവർ പ്രവർത്തന പാതയിൽനിന്ന് പിൻമാറിയില്ല. ഇന്ത്യയിലെ ആദ്യകാല വനിതാ സംഘടനകളിലൊന്നായ മദ്രാസ് വിമൻസ് അസോസിയേഷനിൽ അവർ അംഗമായി. പിന്നീടതിന്റെ വൈസ് പ്രസിഡന്റുമായി.

1936-ലെ പൊതുതിരഞ്ഞെടുപ്പുകാലത്ത് അമ്മു സ്വാമിനാഥൻ മൽസരിച്ചില്ലെങ്കിലും തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. അഖിലേന്ത്യാതലത്തിൽ വനിതകളെ സംഘടിപ്പിക്കുന്നതിനായി രൂപം നൽകിയ സംഘടനയുടെ സെക്രട്ടറിയായിരുന്നു അവർ. രാജ്കുമാരി അമൃത് കൗർ ആയിരുന്നു പ്രസിഡന്റ്. 1942-ൽ ക്വിറ്റിന്ത്യാ സമരകാലത്ത് അമ്മു സ്വാമിനാഥൻ അറസ്റ്റിലായി. രണ്ടുവർഷത്തെ തടവിനുശേഷം 1944-ൽ ആണ് അവർ മോചിതയായത്.

1945-ൽ നടന്ന തിരഞ്ഞെടുപ്പിൽ മദ്രാസ് സിറ്റി നിയോജക മണ്ഡലത്തിൽനിന്ന് അമ്മു സ്വാമിനാഥൻ സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലും ഇടക്കാല പാർലമെന്റിലും അംഗമായി. 1952-ലെ പൊതു തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിലെ ദിണ്ടിക്കൽ മണ്ഡലത്തിൽനിന്ന് ലോക്സഭാംഗമായി. 1957-ലെ തിരഞ്ഞെടുപ്പിൽ മൽസരിച്ചില്ല. പിന്നീട് രാജ്യസഭാംഗമായി.

ഇന്ത്യാ ഗവൺമെന്റ് സംഘടിപ്പിച്ച പല വിദഗ്ധസമിതികളിലും അമ്മു സ്വാമിനാഥൻ പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാന-ദേശീയ തല ഫിലിം സെൻസർ ബോർഡംഗമായും സേവനമനുഷ്ഠിച്ചു. 1960-63 കാലത്ത് ഭാരത് സ്കൗട്ട് ആന്റ് ഗൈഡിന്റെ പ്രസിഡന്റായി. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു. നിരവധി വിദേശ രാജ്യങ്ങളും സന്ദർശിച്ചു.


## സർദാർ കെ എം പണിക്കർ (1894- 1963)

ഒരു യാഥാസ്ഥിതിക നായർ തറവാട്ടിൽ ജനിച്ച് സ്ഥിരോൽസാഹവും കർമശേഷിയും കൊണ്ട് ഉന്നതപദവികളിലെത്തിച്ചേർന്ന മഹാനാണ് സർദാർ കെ എം പണിക്കർ. കേരള സാഹിത്യ അക്കാദമിയുടെ സ്ഥാപകാധ്യക്ഷൻ, ചൈനയിലേക്കുള്ള സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ സ്ഥാനപതി, സംസ്ഥാന പുനസംഘടനാ കമ്മീഷൻ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം കാശ്മീർ രാജാവിൻെറ ഉപദേഷ്ടാവ്, പട്യാല രാജാവിൻെറ വിദേശകാര്യമന്ത്രി, ബിക്കാനീറിലെ ദിവാൻ തുടങ്ങിയ പദവികളിലും തൻെറ കർമശേഷി തെളിയിച്ചിട്ടുണ്ട്. രാജ്യസഭാംഗം, വൈസ് ചാൻസലർ, പത്രാധിപർ, കേന്ദ്രസാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും തിളങ്ങിയ ഈ പ്രതിഭാധനൻ ഈജിപ്ത്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ സ്ഥാനപതിയും ആയിട്ടുണ്ട്. പട്യാല രാജാവ് ഭൂപേന്ദ്രസിംഗാണ് കെ എം പണിക്കർ എന്ന കാവാലം മാധവപ്പണിക്കർക്ക് 'സർദാർ ബഹുമതി നൽകിയത്.

1894 ജൂൺ മൂന്നിന് അമ്പലപ്പുഴ താലൂക്കിൽ കാവാലത്ത് ചാലയിൽ തറവാട്ടിൽ മാധവപ്പണിക്കർ ജനിച്ചു. തിരുവനന്തപുരം, തലവടി, കോട്ടയം, മദ്രാസ്, ലണ്ടൻ എന്നിവിടങ്ങളിലായിരുന്നു വിദ്യഭ്യാസം. അലിഗഢ് സർവ്വകലാശാലയിൽ ചരിത്രവിഭാഗം മേധാവിയായും 'സ്വരാജ്യ', 'ഹിന്ദുസ്ഥാൻ ടൈംസ്' പത്രങ്ങളിൽ പത്രാധിപരായും സേവനമനുഷ്ഠിച്ചു.

സ്വാതന്ത്ര്യലബ്ധിക്കുമുന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധിസംഘത്തിൻെറ നേതാവായി അദ്ദേഹം പ്രവർത്തിച്ചു.

ഭരണരംഗത്തും നയതന്ത്രമണ്ഡലത്തിലും ജ്വലിച്ചുനിൽക്കെത്തന്നെ മലയാള സാഹിത്യത്തിന് സർദാർ കെ എം എണിക്കർ അമൂല്യമായ സംഭാവനകൾ നൽകി. സാഹിത്യകാരൻ എന്നതിനെക്കാൾ ചരിത്രകാരൻ എന്ന നിലയിൽ അറിയപ്പെടത്തക്കവിധം ആഴവും വ്യാപ്തിയുമാർന്ന പ്രവർത്തനം അദ്ദേഹം നടത്തിയിട്ടുണ്ട്. ഗദ്യത്തിലും പദ്യത്തിലുമായി അദ്ദേഹം കൈകാര്യംചെയ്യാത്ത സാഹിത്യശാഖകൾ വിരളമാണ്. നോവൽ, നാടകം, ഉപന്യാസം, വിമർശനം, യാത്രാവിവരണം, ആത്മകഥ, ഖണ്ഡകാവ്യം, ഗീതകം, മുക്തകം, സന്ദേശകാവ്യം, ചമ്പു എന്നിങ്ങനെ വ്യത്യസ്ത സാഹിത്യരൂപങ്ങളിലായി അമ്പതോളം മലയാള കൃതികൾ അദ്ദേഹം രചിച്ചു.



അദ്ദേഹത്തിൻെറ ശ്രദ്ധേയമായ ചരിത്രനോവലാണ് 'കേരളസിംഹം'. പുണർകോട്ടു സ്വരൂപം (1928), ധൂമകേതുവിൻെറ ഉദയം (1929), പറങ്കിപ്പടയാളി അഥവാ സമുദ്രായ പ്രതികാരം (1932), കല്യാണമൽ (1937), ഝാൻസിറാണിയുടെ ആത്മകഥ (1957), ഉഗ്രശപഥം (1961) എന്നിവയും അദ്ദേഹത്തിൻെറ ചരിത്രാഖ്യായികകളാണ്. ആപൽക്കരമായ യാത്ര' (1944), 'ചൈനയിലെ ഒരു യാത്ര' (1954) എന്നിവ യാത്രാവിവരണങ്ങളാണ്.

അമ്പലപ്പുഴ രാജവംശം കീഴടക്കിയശേഷം ചെമ്പകശ്ശേരി രാജാവ് പുണർകോട്ടുസ്വരൂപം കൈക്കലാക്കുന്നതിനു ചെയ്യുന്ന ശ്രമങ്ങളാണ് 'പുണർകോട്ടു സ്വരൂപ'ത്തിൽ ആഖ്യാനം ചെയ്യുന്നത്. കേരളക്കര മുഴുവൻ വെട്ടിപ്പിടിക്കാൻവേണ്ടി തിരുവിതാംകൂറിലെ മാർത്താണ്ഡവർമ മറവപ്പടയുമായി വടക്കൻ ദിക്കുകളിലേക്ക് പുറപ്പെടുന്നതും തോട്ടപ്പള്ളി എന്ന സ്ഥലത്തുവച്ച് എതിരാളികളെ നേരിടുന്നതും ആ സംഘട്ടനത്തിൽ തോൽക്കുമെന്നായപ്പോൾ ഹൈദരാലിയുടെ സഹായം ആവശ്യപ്പെടുന്നതുമായ വസ്തുതകളാണ് 'ധൂമകേതുവിൻെറ ഉദയം' എന്ന നോവലിലെ ചരിത്രാംശങ്ങൾ. പോർച്ചുഗീസുകാർ തേവലക്കര ക്ഷേത്രം കവർന്ന ചരിത്രപ്രധാനമായ സംഭവം ആസ്പദമാക്കി രചിച്ച കൽപിതകഥയാണ് 'പറങ്കിപ്പടയാളി'. മലബാർ ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ മലയാളത്തിലുണ്ടായ ഏറ്റവും മികച്ച നോവലായി ' കേരളസിംഹം' വിലയിരുത്തപ്പെടുന്നു. പഴശ്ശിരാജാവ് ഈസ്റ്റിന്ത്യാകമ്പനിയുമായി നടത്തിയ ദീർഘസമരത്തിൻെറ ഒരു വശമാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. 'കല്യാണമൽ' മുഗൾ ചരിത്രം പശ്ചാത്തലമാക്കി രചിച്ചതാണ്. ഝാൻസിറാണിയുടെ ജീവിതകഥ അവലംബിച്ചാണ് 'ഝാൻസിറാണിയുടെ ആത്മകഥ' രചിച്ചത്. ഇവ രണ്ടും കേരള ചരിത്രം വിട്ട് അദ്ദേഹം രചിച്ച നോവലുകളാണ്. ഒമർഖയാമിൻെറ 'റുബായിയത്തി'ന് പണിക്കർ നൽകിയ തർജമയാണ് 'രസികരസായനം'. റുബായിയത്തിന് ഇംഗ്ലീഷിൽ ഫിറ്റ്സ്ജെറാൾഡ് നൽകിയ വിവർത്തനമാണ് പണിക്കർ മൂലമായി സ്വീകരിച്ചിരിക്കുന്നത്. സോഫോക്ലീസിൻെറ 'എലക്ട്രയും' കാളിദാസൻെറ 'കുമാരസംഭവ'വും അദ്ദേഹത്തിൻെറ തർജമകളിൽപെടുന്നു. കെ എം പണിക്കരിലെ ചരിത്രകാരനും കവിയും ഒന്നുചേർന്നപ്പോഴുണ്ടായ കാവ്യങ്ങളാണ് അംബപാലി, വേലുത്തമ്പി ദളവാ, ഹൈദർ നായിക്കൻ ചമ്പു തുടങ്ങിയ കൃതികൾ. 'ഭൂപസന്ദേശം' സന്ദേശകാവ്യമാണ്. ഭീഷ്മർ (1988), മണ്ഡോദരി (1941), ധ്രുവസ്വാമിനി (1945) എന്നിവ ഇതിഹാസം അവലംബിച്ച് രചിച്ച നാടകങ്ങളാണ്. 'നൂർജഹാൻ', 'നാട്ടുകാര്യസ്ഥൻ, എന്നീ നാടകങ്ങളും അദ്ദേഹം രചിച്ചു. പ്രേമഗീതി, ബാലികാമതം, സന്ധ്യാരാഗം എന്നിവ ഖണ്ഡകാവ്യങ്ങളാണ്. 'അപകഷഫലം', 'കവിതാകൗതുകം', 'കുരുക്ഷേത്രത്തിലെ ഗാന്ധാരി' എന്നിവ ലഘു കവിതകളുടെ സമാഹാരമാണ്. സ്വജീവിതാഖ്യാനമാണ് 'ആത്മകഥ'.

-മൈസൂർ സർവകലാശാലയുടെ ഒരു യോഗത്തിൽ പ്രസംഗിക്കുമ്പോൾ തളർന്നുവീണ പണിക്കർ1963 ഡിസംബർ പത്തിന് അന്തരിച്ചു.

## വി.പി.മേനോൻ (1894-1965)

1894 സെപ്തംബർ 30ന് പാലക്കാട്ട് ജനിച്ചു. മുഴുവൻ പേര് വാപ്പാൽ പങ്കുണ്ണി മേനോൻ. 1914ൽ ഡൽഹി സെക്രട്ടേറിയറ്റിൽ ക്ലാർക്കായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പിന്നീട് സെൻട്രൽ റെക്കോർഡ്സിൽ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി, ഗവർണർ ജനറലിന്റെ ഡെപ്യൂട്ടി സെക്രട്ടറി, റിഫോംസ് കമ്മീഷണർ എന്നീ നിലകളിൽ ജോലി നോക്കി. സ്വാതന്ത്ര്യാനന്തരം ആഭ്യന്തര മന്ത്രി സർദാർ പട്ടേലിനെ നാട്ടുരാജ്യവകുപ്പു സെക്രട്ടറിയെന്ന നിലയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനു വലംകൈയായി പ്രവർത്തിച്ചു. 1951ൽ ഒറീസ ഗവർണറായി നിയമിതനായി. ഗവർണർ പദവിയിലെത്തിയ ആദ്യ മലയാളിയാണ് വി.പി.മേനോൻ. Story of the Integration of Indian States, Transfer of Power in India എന്നീവ അദ്ദേഹം രചിച്ച പുസ്തകങ്ങളാണ്.



1965 ഡിസംബർ 31-ന് അന്തരിച്ചു.

## കെ.ബി.മേനോൻ (1897-1966)

1897-ൽ ചെറുതുരുത്തിയിലെ ഒരു പുരാതന തറവാടായ കോന്നനാത്ത് ജനിച്ചു. ഹാർവാർഡ് സർവകലാശാലയിൽ പ്രൊഫസറായി ജോലി നോക്കവെ, അവിടെ ഉപരിപഠനത്തിനെത്തിയ ജയപ്രകാശ് നാരായണിനെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ സ്വാധീനതയാൽ ജോലി ഉപേക്ഷിച്ച് ഇന്ത്യയിലെത്തി സ്വാതന്ത്ര്യസമരത്തിൽ അണിചേരുകയും ചെയ്തു. ജവാഹർലാൽ നെഹ്റു അധ്യക്ഷനായുള്ള പൗരസ്വാതന്ത്ര്യ സംഘടനയുടെ സെക്രട്ടറിയായി. നാട്ടുരാജ്യ പ്രജാസമ്മേളനത്തിന്റെ മുഖപത്രമായ 'സ്റ്റേറ്റ്സ് പീപ്പിള്'ന്റെ പത്രാധിപരായും പ്രവർത്തിച്ചു. ക്വിറ്റിന്ത്യാസമരകാലത്ത് മലബാറിലെ സമരപരിപാടികൾക്ക് നേതൃത്വംനൽകിയ അദ്ദേഹം കീഴരിയൂർ ബോംബ് കേസിൽ ഒന്നാംപ്രതിയായി. 1952-ൽ തൃത്താലയിൽ ജയിച്ച് മദ്രാസ് നിയമസഭാംഗമായി. 1957-ൽ വടകരയിൽ നിന്ന് ലോക്സഭാംഗം. 1965-ൽ കൊയിലാണ്ടിയിൽനിന്ന് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടെങ്കിലും അത്തവണ സഭ ചേർന്നില്ല.



1966-ൽ അന്തരിച്ചു.

Degree Level

# Test of Reasoning

1. In certain code 'SOLVED' is written as 'LOSVDE' . How 'WEIGHT' will be written in that code?
(a) EIGHTW (b) IEWGTH
(c) TIGHEW (d) WITHEG
2. Which one of the following does not belong to the group? Heavy, High,Short, Low,Tall
(a)Heavy (b) High
(c) Short (d) Low
3. Which one of the given responses would be a meaningful words in ascending order? (1) Patient (2) Diagnosis (3) Bill (4) Doctor (5) Treatment
(a) 4,1,2,3,5 (b) 1,4,2,3,5
(c) 1,4,3,2,5 (d) 1,4,2,5,3
4. Which is different from others?
(a) (48,6) (b) (21,7)
(c) (24,3) (d) (56,7)
5. Find next in the series: QPOS, RQPT, SRQU,?
(a) TRSU (b) TRWS
(c) TSRW (d) TSRV
6. Receptionist: Office:: Hostess:?
(a) Crew (b) Host
(c) Airport (d) Aircraft
7. If 3=6, 4=7, 5=8; then 6=?
(a) 4 (b) 8
(c) 9 (d) 12
8. EGIK: LJHF:: SUWY:?
(a) ZXVT (b) LNPR
(c) MOQS (d) TVXZ
9. Unscramble the following words and find the odd one out:
(a) RIEGT (b) IOLN
(c) RTOARP (d) BIBTRA
10. Bulb: Fuse:: Life:?
(a) Rebirth (b) Death
(c) Years (d) Longevity
11. A man starts from a point and walks 2kms towards north. He turns right and walks 3km. Then he turns left and travels 2km. The direction now he is facing is:
(a) East (b) West
(c) South (d) North
12. If CAT is coded as DEBCUV, then DOG is equivalent to:
(a) VUCBED (b) CBEDUV
(c) EFPQHI (d) EFIJKL
13. Girija was standing next to her friend in front of a woman's painting. She told her friends, "I have no brothers or sisters. This woman's mother is my mother's daughter". Who was on the painting?
(a)Her daughter (b) Her mother
(c) Herself (d) Her grand daughter
14. If '5' is related to '36' in the same way, '6' is related to:
(a) 48 (b) 50
(c) 49 (d) 56
15. Find the next term in the series: KPA,LQB,MRC,NSD,.......
(a) OET (b) OTE
(c) TOE (d) EOT
16. Minu in an evening was standing facing a pole. If her shadow is to her left, which direction she was facing?
(a) North (b) South
(c) West (d) East
17. P is Q's brother. R is Q's mother. S is R's father. T is S's mother. How is P related to T?
(a) Grand-daughter (b) Great-Grandson
(c) Grandson (d) Grandmother
18. Find out the odd set:
(a) ABZY (b) BCYX
(c) CDVW (d) DEWV
19. Peace: Chaos:: Creation:?
(a) Build (b) Construction
(c) Destruction (d) Manufacture
20. Life: Death:: Beginning: ?
(a) Era (b) End
(c) Time (d) Commerce
21. Which one of the given responses would be a meaningful words in ascending order? 1. Cure 2. Doctor 3. Disease 4. Diagnosis 5. Medicine
(a) 2,4,3,5,1 (b) 3,2,4,5,1
(c) 4,2,3,5,1 (d) 4,3,2,1,5
22. Select the one which is different from others:
(a) Carbon (b) Graphite
(c) Diamond (d) Gold
23. If SMART is coded as TNBSU then PENCIL is equivalent to:
(a) QRAMJ (b) TFORLM
(c) QICNEM (d) QFODJM
24. A man walks 30m towards south. Then turning to his right , he walks 30m. Then turning to his left, he walks 20m, again he turns to his left and walks 30m. How far is he from the initial position?
(a) 20m (b) 30m
(c) 60m (d) None of these
25. Find the odd one out from the given alternatives:
(a) Insurance (b) Provident Fund
(c) Salary (d) Shares

## Answers

1(b) 2(a) 3(d) 4(b) 5(d) 6(d) 7(c) 8(a) 9(c) 10(b) 11(d) 12(c) 13(a) 14(c) 15(b) 16(b) 17(b) 18(c) 19(c) 20(b) 21(b) 22(d) 23(d) 24(a) 25(c)

# Quantitative Aptitude

1. If 28 men can complete a work in 16 days, how many days will 8 men take to complete that work?
(a) 14 (b) 48
(c) 56 (d) 128
2. Jessy spent Rs.12000 on medical expenses , Rs.4600 on goods, Rs.8200 on air tickets and the remaining 20% on savings. What is her total income?
(a) Rs.28000 (b) Rs.24800
(c) Rs.31000 (d) Cannot be determined
3. The cost price of an article is Rs.450. If a shopkeeper gains 20% profit even after a discount of 10%, find the market price of the article:
(a) Rs.600 (b) Rs.585
(c) Rs.575 (d) Rs.540
4. The difference between a number and its two thirds is 78. What is the number?
(a) 156 (b) 117
(c) 234 (d) Data inadequate
5. Ten years ago, the ages of A and B were in the ratio 13:17 respectively. 17 years from now the respective ratio of their ages will be 10:11. What is the age of B at present?
(a) 23 (b) 40
(c) 27 (d) 44
6. The average age of a man and his son is 54 years. The ratio of their ages is 23:13 respectively. What will be the ratio of their ages after 6 years?
(a) 10:7 (b) 5:3
(c) 4:3 (d) 3:2
7. The average of 11 numbers is 10.8. If the average of first 6 numbers is 10.4 and the last six is 11.5, then the middle number is:
(a) 10.3 (b) 12.6
(c) 13.5 (d) 15.5
8. The difference in the simple interest and compound interest on a certain amount for 2 years at 6% per annum is Rs.3600. Find the amount:
(a) 10,00,000 (b)50,000
(c) 1,00,000 (d) 5,00,000
9. The cost price : selling price of an article is A:B. If B is 200% of A then the percentage of profit on cost price is:
(a) 75% (b) 125%
(c) 100% (d) 200%
10. A canteen requires 42 dozen bananas a week. How many dozen bananas it will require for 30 days?
(a) 2160 (b) 1800
(c) 180 (d) 1260
11. What is the compound interest accrued on an amount of Rs.8500 in two years @ interest 10 % per annum?
(a) Rs.1875 (b) Rs.1885
(c) Rs.1775 (d) Rs.1785
12. A mother is three times the age of the daughter. Four years back, the daughter was one fourth the age of the father. If the father is four years older than the mother, what is the age of the daughter?
(a) 15 (b) 16
(c) 17 (d) 118
13. A sum of money is divided among A,B,C and D in the ratio of 4:5:7:11 respectively. If the share of C is Rs.1351, then what is the total amount of money of A and D together?
(a) 2123 (b) 2316
(c) 2565 (d) 2895
14. The average age of 10 members of a cricket team is 30 years. If the age of the captain is included there is an increase of one year in the average. What is the age of the captain?
(a) 31 (b) 41
(c) 51 (d) 40
15. In a test a candidate attempted only 15 questions and secured full marks in all of them. If he obtains 60% marks in the test and all the questions in the test carried equal marks, the number of questions in the test is:
(a) 20 (b) 25
(c) 27 (d) 30
16. The average age of a woman and her daughter is 44 years. Their ages are in the ratio 5:3. What will be the respective ratio of their ages after 11 years?
(a) 2:1 (b) 4:3
(c) 2:3 (d) 3:2
17. A student needs 35% marks to pass an examination. He got 250 marks and failed by 30 marks. Then, what is the total marks?
(a) 800 (b) 1000
(c) 620 (d) 720
18. Of the three numbers , whose average is 60, the first is one fourth of the others. The first number is:
(a) 30 (b) 36
(c) 42 (d) 45
19. A and B started a business investing amounts of Rs.150000 and 250000 respectively. What will be B's share in the profit of Rs.160000?
(a) Rs.100000 (b) Rs.60000
(c) Rs.80000 (d) Rs.110000
20. The HCF and LCM of two numbers are 6 and 144 respectively. If one of the number is 18, what is the other number?
(a) 48 (b) 36
(c) 24 (d) 150
21. The cost of 10 chairs and 15 tables is Rs.15525. What is the cost of 8 chairs and 12 tables?
(a) Rs.13560 (b) Rs.12420
(c) Rs.14840 (d) Cannot be determined
22. A dealer allows 10% discount on a shelf with marked price of Rs.5000 and he earns a profit of 20%. What was the cost price of the shelf?
(a) 5625 (b) 4625
(c) 3750 (d) 4090
23. In a girl's hostel everyone possesses either cell phone or scooter or both. If 90% of the girls owns a cell phone and 15% owns a scooter, what is the percentage of cell owners who also own scooters?
(a) 10 (b) 5
(c) 15 (d) 20
24. What percent of a kilogram is 12 gram?
(a) 0.12% (b) 12%
(c) 1.2% (d) 0.012%
25. The average age of a woman and her daughter is 16 years. The ratio of their age is 7:1. What is the women's age?
(a) 28 (b) 6
(c) 4 (d) 32

## Answers

1 (c) 2(c) 3 (a) 4 (c) 5(c) 6(b) 7(b) 8(a) 9(c) 10(c) 11(d) 12(b) 13(d) 14(b) 15(b) 16(d) 17(a) 18(b) 19(a) 20(a) 21(b) 22(c) 23(b) 24(c) 25(a)

# പറവകളുടെ വിസ്മയലോകം



**ഭംഗിയുള്ള രൂപംകൊണ്ടും സ്വരമാധുരികൊണ്ടും അനുഗൃഹീതമായ ജീവിവർഗമാണ് പക്ഷികൾ. ചുറുചുറുക്കിന്റെയും സാമർഥ്യത്തിന്റെയും കഠിനപ്രയത്നത്തിന്റെയും കഥകൾ പക്ഷികൾക്കുമുണ്ട്. ദീർഘദൂര സഞ്ചാരികളെയും വിരുന്നുകാരെയും കൗശലക്കാരെയും മടിയൻമാരെയും ഇക്കൂട്ടത്തിൽ കാണാൻ സാധിക്കും. പറവകളുടെ വിസ്മയലോകമാണ് ഈ ലക്കത്തിൽ വിശദമായി പരിചയപ്പെടുന്നത്.**

**ആർ.സി.സുരേഷ്കുമാർ** rcsk1234@gmail.com

* പക്ഷികളെക്കുറിച്ചുള്ള പഠനം ഓർണിത്തോളജി.
* പക്ഷികളോടുള്ള പേടിയാണ് ഓർണിത്തോഫോബിയ.
* പക്ഷികളുടെ മുൻഗാമികളാണ് ആർക്കിയോപ്റ്ററിക്സ് (Archaeopteryx).
* പക്ഷികളിൽ ഏറ്റവും ക്ഷമത കുറഞ്ഞ ഇന്ദ്രിയം ഘ്രാണേന്ദ്രിയമാണ്.
* പക്ഷികളുടെ ഹൃദയത്തിലെ അറകളുടെ എണ്ണം നാല്.
* പക്ഷികളുടെ അസ്ഥികളുടെ ഉൾഭാഗം പൊള്ളയാണ്. ഇത് കാരണം ഭാരം കുറയുന്നതിനും അതുവഴി പറക്കുന്നതിന് സഹായകമാകുകയും ചെയ്യുന്നു.
* തെർപോഡ് ദിനോസറുകളിൽനിന്നാണ് പക്ഷികൾ ഉരുത്തിരിഞ്ഞതെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം.
* പക്ഷികളെ പാടാൻ സഹായിക്കുന്ന അവയവമാണ് സിറിൻക്സ് (Syrinx).
* ഏറ്റവും നീളം കൂടിയ കാലുകളുള്ള പക്ഷിയാണ് കരിഞ്ചിറകൻ പവിഴക്കാലി. ഇന്ത്യയിൽ കാണപ്പെടുന്ന പക്ഷികളിൽ ഏറ്റവും നീളംകൂടിയ കാലുള്ളത് സരസൻ കൊക്കിനാണ്.
* ഏറ്റവും നീളം കൂടിയ കൊക്കുള്ള (beak)പക്ഷി ഓസ്ട്രേലിയൻ പെലിക്കൻ ആണ് (18.5 ഇഞ്ച്).
* ഫോസിൽ റെക്കോർഡ് പ്രകാരം ഭൂമുഖത്ത് ഇന്നുവരെ ഉണ്ടായിട്ടുള്ള പക്ഷികളിൽ ഏറ്റവും വലുത് മഡഗാസ്കറിൽ ഉണ്ടായിരുന്ന വംശനാശം സംഭവിച്ച ആനപ്പക്ഷി അഥവാ എലിഫന്റ് ബേഡ് (Elephant Bird)ആണ്. 300 വർഷം മുമ്പാണ് അവസാനത്തെ പക്ഷി ജീവിച്ചിരുന്നത്.
* ന്യൂസിലന്റിൽ ജീവിച്ചിരുന്നതും 200 വർഷം മുമ്പ് വംശനാശം സംഭവിച്ചവയുമായ ജയന്റ് മോവ (Giant Moa) ആണ് ഇതുവരെ ജീവിച്ചിരുന്ന പക്ഷികളിൽ ഏറ്റവും ഉയരം കൂടിയത്.
* വേട്ടയാടുന്ന പക്ഷികളിൽ (birds of prey) ഏറ്റവും ഭാരം കൂടിയത് ആൻഡിയൻ കോണ്ടോറും (Andean Condor) ഏറ്റവും വലുപ്പമുള്ളത് യൂറേഷ്യൻ ബ്ലാക്ക് വൾച്ചറും (Eurasian Black Vulture) ആണ്. ഇതിന് 14 കിലോഗ്രാം വരെ ഭാരവും 100 മുതൽ 120 സെ.മീ.വരെ നീളവും എട്ടുമുതൽ പത്തടിവരെ ചിറകുവീതിയും ഉണ്ട്.
* ഏറ്റവും വീതിയിൽ (12 അടി) ചിറകുവിരിയ്ക്കാൻ കഴിവുള്ള പക്ഷിയാണ് ആൽബട്രോസ് (Albatross ). ഏറ്റവും സാവധാനത്തിൽ പ്രായപൂർത്തിയാകുന്ന പക്ഷിയാണ് റോയൽ വാൻഡറിങ് ആൽബട്രോസ് (Royal and Wandering Albatross).
* ഏറ്റവും വലുപ്പം കൂടിയ കടൽപ്പക്ഷിയുമാണ് വാൻഡറിങ് ആൽബട്രോസ് (Wandering Albatross).
* ആൽബട്രോസ് കപ്പലിനെ പിന്തുടരുന്നത് ശുഭസൂചകമാണെന്നും അതിനെ ഉപദ്രവിച്ചാൽ തങ്ങൾക്ക് ദുര്യോഗമുണ്ടാകുമെന്നും നാവികരുടെ ഇടയിൽ വിശ്വാസമുണ്ട്. കോളറിഡ്ജിന്റെ 'ആൻഷ്യന്റ് മറൈനർ' ഈ പ്രമേയം ആസ്പദമാക്കിയുള്ള കാവ്യമാണ്.
* ആൽബട്രോസിന് വളരെ ദൂരം അന്തരീക്ഷത്തിലൂടെ വിശ്രമമില്ലാതെ പറക്കാന് കഴിയും. ഇവ വെള്ളത്തിനു മുകളിലിരുന്നുറങ്ങുന്നു. ചെറിയ കടൽജീവികളാണ് ആഹാരം.
* ഏറ്റവും കൂടുതൽ ദൂരം ദേശാടനം നടത്താൻ കഴിവുള്ള പക്ഷിയാണ് ആർട്ടിക് ടേൺ (Artctic Tern).
* ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് ആർടിക് ടേൺ ഉത്തരധ്രുവമേഖലയിലെ ഗ്രീൻലാൻഡിൽനിന്ന് യാത്ര തുടങ്ങുന്നത്. ദക്ഷിണ ധ്രുവത്തിലെ വെഡൽ കടലാണ് ലക്ഷ്യം. നാലഞ്ചുമാസം ഇവിടെ ചെലവഴിച്ചശേഷം മടക്കയാത്ര തുടങ്ങും. മെയ്, ജൂൺ മാസങ്ങളിൽ സ്വദേശത്ത് തിരിച്ചെത്തുന്ന പക്ഷി ഇതിനകം 71000 കിലോമീറ്റർ പിന്നിട്ടിട്ടുണ്ടാകും.
* മരത്തിൽ ഏറ്റവും വലിയ കൂടുണ്ടാക്കുന്ന പക്ഷി ബാൾഡ് ഈഗിൾ (Bald Eagle). ഏറ്റവും കൂടുതൽ കരുത്തുള്ള പക്ഷിയാണിത്. അമേരിക്കയുടെ ദേശീയ പക്ഷിയാണ് ബാൾഡ് ഈഗിൾ.
* ഏറ്റവും ബുദ്ധിയുള്ള പക്ഷി ബ്ലൂ റ്റിറ്റ് (Blue Tit).
* പക്ഷികളിൽ 'പ്രകൃതിയുടെ തോട്ടി' എന്നറിയപ്പെടുന്നത് കാക്ക (Crow). കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന പക്ഷിയാണിത്. ഭൂട്ടാന്റെ ദേശീയ പക്ഷി കാക്കയാണ്. പക്ഷിവർഗത്തിൽ ശരീരവലുപ്പത്തെ അപേക്ഷിച്ച് ഏറ്റവും വലിയ സെറിബ്രൽ ഹെമിസ്ഫിയറുകൾ (മസ്തിഷ്കം) ഉള്ളത് കാക്കയ്ക്കാണ്.
* കാക്കയുടെ പ്രധാനശത്രു എന്നറിയപ്പെടുന്നത് ആനറാഞ്ചി.
* വംശനാശം സംഭവിച്ച ഡോഡോ പക്ഷിയുടെ സ്വദേശം മൗറീഷ്യസ്. ഈ പക്ഷിയെക്കുറിച്ച് 'ആലീസ് ഇൻ വണ്ടർലാൻഡ്' എന്ന ലൂയി കരോളിന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഡോഡോയ്ക്ക് പറക്കാൻ കഴിവില്ലായിരുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഇവയ്ക്ക് വംശനാശം സംഭവിച്ചത്.
* സന്ദേശവാഹകരായി ഉപയോഗിക്കുന്ന പക്ഷിയാണ് പ്രാവ് (Dove).
* സമാധാനത്തിന്റെ പ്രതീകമായി (Symbol of Peace) പ്രാവിനെ ആവിഷ്കരിച്ച ചിത്രകാരനാണ് പാബ്ലോ പിക്കാസോ.
* പ്രാവിനെ ഉപയോഗിച്ച് സന്ദേശങ്ങൾ കൈമാറുന്ന സംവിധാനം ഉണ്ടായിരുന്ന സംസ്ഥാനം ഒറീസ.
* പാലുൽപാദിപ്പിക്കുന്ന പക്ഷി എന്നു വിശേഷിക്കപ്പെടുന്നത് പ്രാവാണ്.
* ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് തപാലിന് ഉപയോഗിച്ച പക്ഷി പ്രാവാണ്.
* പ്രാവ് മുട്ട വിരിയാൻ 18 ദിവസം (Incubation Period)ആവശ്യമാണ്.
* 'പക്ഷികളുടെ രാജാവ്' എന്നറിയപ്പെടുന്നത് പരുന്ത് (Eagle). മഹാവിഷ്ണുവിന്റെ വാഹനമായി പുരാണങ്ങളിൽ ചിത്രീകരിച്ചിട്ടുള്ളത് ഗരുഡനെയാണ്.
* പരുന്തിനെ ഭക്ഷിക്കുന്ന മറ്റ് മൃഗങ്ങളില്ലാത്തതിനാൽ ഭക്ഷ്യശൃംഖലയുടെ (Food Chain) ഏറ്റവും മുകളിലാണ് ഇവയുടെ സ്ഥാനം.
* ഉയരത്തിൽ രണ്ടാം സ്ഥാനത്തുള്ള പക്ഷിയാണ് എമു (Emu). ശരീരവലുപ്പവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും വലിയ മുട്ട എമുവിന്റെതാണ്. പച്ച നിറമാണ് മുട്ടയ്ക്ക്. ഓസ്ട്രേലിയയുടെ ദേശീയ പക്ഷി എമുവാണ്. എമുവിന്റെ കാലുകളിൽ മൂന്ന് വിരൽ വീതമാണുള്ളത്.
* പ്രപഞ്ചനിയമത്തിൽ അനിവാര്യ പ്രക്രിയയായ പരിണാമത്തിന് (evolution)വിധേയരാകാത്ത ഏക പക്ഷിയാണ് എമു.
* ഓസ്ട്രേലിയയിലാണ് എമു കൂടുതലായി കാണപ്പെടുന്നത്. ആൺപക്ഷിയാണ് മുട്ടയ്ക്ക് അടയിരിക്കുന്നത്. ഇറച്ചി, മുട്ട, തുകൽ, എണ്ണ എന്നിവയ്ക്കായി ഇവയെ വളർത്തുന്നു. എമുവിന്റെ മുതുകിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ് ഉരുക്കിയാണ് എണ്ണ എടുക്കുന്നത്. ഇത് സൗന്ദര്യ വസ്തുക്കളിൽ ഉപയോഗിക്കുന്നു.
* ഭാരത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ വലിയ പക്ഷി സതേൺ കാസോവരിയാണ് (Southern Cassovary). എമു, ഒട്ടകപ്പക്ഷി എന്നിവയുമായി സാദൃശ്യം പുലർത്തുന്നു. കിഴക്കൻ ഓസ്ട്രേലിയ, ന്യൂഗിനിയ എന്നിവിടങ്ങളിൽ കണ്ടുവരുന്നു.



## മയിൽ

* ഏഷ്യയിലും ആഫ്രിക്കയിലുമാണ് മയിലുകളെ (Peafowl) പൊതുവേ കണ്ടുവരുന്നത്. ഏഷ്യൻ മയിലിന്റെ രണ്ടിനങ്ങളാണ് നീല മയിലും (ഇന്ത്യൻ മയിൽ) പച്ച മയിലും.
* ദേശീയ പക്ഷിയായ ഇന്ത്യൻ മയിലിന്റെ ശാസ്ത്രനാമം പാവോ ക്രിസ്റ്റാറ്റസ് ( Pavo chistatus). പച്ച മയിൽ (പാവോ മുറ്റികസ്) ഒരു അപൂർവ ഇനമാണ്. ഇത് അസമിലും ഇന്തോനിഷ്യയിലെ ജാവാ ദ്വീപിലും മ്യാൻമറിലും കാണപ്പെടുന്നു. ഡ്രാഗൺപക്ഷി എന്നും ഇത് അറിയപ്പെടുന്നു. മധ്യആഫ്രിക്കയിൽ കണ്ടുവരുന്ന ഇനമാണ് കോംഗോ മയിൽ (ആഫ്രോപാവോ കൊൺജെൻസിസ്).
* ആൺ മയിലാണ് നൃത്തം ചെയ്യാറുള്ളത്. ആൺമയിലും (പീകോക്ക്) പെൺമയിലും (പീഹെൻ) തമ്മിൽ രൂപത്തിൽ വളരെ വ്യത്യാസമുണ്ട്. ആൺമയിലുകൾക്ക് നീണ്ട വർണാഭമായ പീലികൾ ഉണ്ട്. ഇതാണ് വാലായി കാണപ്പെടുന്നത്. പെൺമയിലിന് നീണ്ട പീലി ഇല്ല. വളരെക്കുറച്ചു ദൂരം മാത്രമേ മയിലിനു പറക്കാനാവുള്ളു. കേൾവി-കാഴ്ച ശക്തി വളരെ സൂക്ഷ്മമാണ്. മയിലുകൾ മിശ്രഭുക്കുകളാണ്.
* കേരളത്തിൽ കാണപ്പെടുന്ന ഏറ്റവും വലിയ പക്ഷിയാണ് മയിൽ.
* ഇന്ത്യൻ മയിലിനെ കൊല്ലുന്നതും പീലി ശരീരത്തിൽ അണിയുന്നതും വന്യജീവി സംരക്ഷണനിയമപ്രകാരം കുറ്റകരമാണ്.
* ഭാരതീയ പുരാണങ്ങളിൽ സുബ്രമണ്യന്റെ വാഹനം മയിലാണ്. ശ്രീകൃഷ്ണന്റെ കിരീടത്തിലും മയിൽപ്പീലിയുണ്ട്.

## പെൻഗ്വിൻ

* ചിറകുകൾ നീന്താൻ ഉപയോഗിക്കുന്ന പക്ഷിയാണ് പെൻഗ്വിൻ. ആൺ പെൻഗ്വിനുകൾ കാൽപാദത്തിനുമുകളിൽവച്ച് മുട്ട വിരിയിക്കുന്നു.
* ഏറ്റവും താഴ്ന്ന ഊഷ്മാവിൽ ജീവിക്കാൻ കഴിവുള്ള പക്ഷി എമ്പറർ പെൻഗ്വിൻ. ഏറ്റവും ആഴത്തിൽ മുങ്ങാൻ കഴിവുള്ള പക്ഷിയും എമ്പറർ പെൻഗ്വിനാണ്. തൂവലിന്റെ സാന്ദ്രത ഏറ്റവും കൂടിയ പക്ഷിയാണിത്.
* പെൻഗ്വിന്റെ വാസസ്ഥലമാണ് 'റൂക്കറി' (Rookery).
* ഏറ്റവും നന്നായി നീന്തുന്ന പക്ഷി പെൻഗ്വിനാണ്. ഏറ്റവും വേഗത്തിൽ നീന്തുന്ന പക്ഷിയാണ് ഗെൻടൂ പെൻഗ്വിൻ (Gentoo Penguin).
* നീന്താൻ കഴിവുണ്ടെങ്കിലും പറക്കാൻ കഴിവില്ലാത്ത ഏക പക്ഷിയാണ് പെൻഗ്വിൻ.
* നിവർന്നുനടക്കാൻ കഴിവുള്ള ഒരേയൊരു പക്ഷി പെൻഗ്വിനാണ്.
* ദക്ഷിണാർധഗോളത്തിൽ, പ്രത്യേകിച്ച് അന്റാർട്ടിക്കയിൽ മാത്രം കാണുന്ന ജീവിയാണ് പെൻഗ്വിൻ.



* കോഴി കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വളർത്തുന്ന പക്ഷി താറാവ് (Duck)ആണ്. കരയിലും വെള്ളത്തിലും ഇരതേടാനും സഞ്ചരിക്കാനും ഇവയ്ക്ക് കഴിവുണ്ട്. പാട പോലുള്ള ചർമം വിരലുകൾ തമ്മിൽ യോജിപ്പിച്ചിരിക്കുന്നു. ഇത് വേഗത്തിൽ നീന്താൻ സഹായിക്കുന്നു. താറാവ് അടയിരിക്കാത്തതിനാൽ കോഴിമുട്ടയോടൊപ്പം വച്ചാണ് മുട്ടകൾ വിരിയിച്ചെടുക്കുന്നത്. താറാവിന്റെ മുട്ട വിരിയാൻ 28 ദിവസം വേണം. കേരളത്തിൽ താറാവ് വളർത്തൽ കേന്ദ്രം നിരണത്താണ്.
* സസ്യത്തിന്റെയും ജന്തുവിന്റെയും സ്വഭാവ വിശേഷങ്ങളുള്ള ജീവിയാണ് യൂഗ്ലിന (Euglina).
* കൂടുണ്ടാക്കാതെ മരക്കൊമ്പിൽ മുട്ടയിടുന്ന പക്ഷിയാണ് ഫെയറി ടേൺ. ദക്ഷിണ പശ്ചിമ പസഫിക് ആണ് ഇവയുടെ സ്വദേശം.
* ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ തുപ്പുന്ന പക്ഷിയാണ് ഫാൾമൾ.
* ഇന്ത്യയിൽ ഫ്ളാമിംഗോ (അരയന്നക്കൊക്ക്) പക്ഷികളെ കാണാൻ കഴിയുന്നത് ഗുജറാത്തിലെ റാൺ ഓഫ് കച്ചിലാണ്. ഇതിന്റെ കൊക്കുകൾ ചെറുതും താറാവിന്റേതുപോലെ പരന്നതുമാണ്. ഞണ്ട്, കക്ക തുടങ്ങിയ ജീവികളെ വെള്ളത്തിൽനിന്ന് അരിച്ചുപിടിക്കാനുതകുന്ന തരത്തിൽ ഇവയുടെ ചുണ്ടിൽ അരിപ്പ പോലെ പ്രവർത്തിക്കുന്ന പടലങ്ങളുണ്ട്. ആൺപക്ഷിയും പെൺപക്ഷിയും മാറിമാറി മുപ്പത് ദിവസം അടയിരുന്ന് മുട്ട വിരിക്കുന്നു. കാസ്പിയൻ കടൽ, പേർഷ്യൻ ഉൾക്കടൽ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലും ഇവ കാണപ്പെടുന്നു.
* മനുഷ്യൻ ഇണക്കി വളർത്തിയ ആദ്യത്തെ പക്ഷിയാണ് വാത്ത (Geese). ഇത് അരയന്നം. താറാവ് തുടങ്ങിയവയുടെ കുടുംബത്തിൽപ്പെടുന്നതാണ്.
* പറക്കാൻ കഴിവുള്ള പക്ഷികളിൽ ഏറ്റവും വലുത് ഗ്രേറ്റ് ബസ്റ്റാർഡ് (Great Bustard).
* കേരളത്തിന്റെ സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ (Hornbill). ഇത് മലേഷ്യയുടെ ദേശീയ പക്ഷിയാണ്.
* പിന്നിലോട്ട് പറക്കാൻ കഴിവുള്ള പക്ഷിയാണ് ഹമ്മിംഗ് പക്ഷി (Humming Bird). ഏറ്റവും വലുപ്പംകുറഞ്ഞ പക്ഷിയാണിത്. ഹമ്മിംഗ് പക്ഷികളുടെ നാട് എന്നറിയപ്പെടുന്നത് ട്രിനിഡാഡ്. ശരീരവലുപ്പവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും വലുപ്പമുള്ള മസ്തിഷ്കമുള്ള പക്ഷിയാണിത്.
* ഹമ്മിങ് പക്ഷിയുടെ ഹൃദയമിടിപ്പ് നിരക്ക് മിനിട്ടിൽ 1000 പ്രാവശ്യത്തിൽ കൂടുതലാണ്.
* തേനീച്ചക്കൂട്ടിൽ മുട്ടയിടുന്ന പക്ഷിയാണ് പൊൻമാൻ (Kingfisher).
* ഘ്രാണശക്തി (power of olefaction)ഏറ്റവും കൂടിയ പക്ഷിയാണ് കിവി (Kiwi). ഏറ്റവും കാഴ്ചശക്തി കുറഞ്ഞ പക്ഷിയും കിവിയാണ്. ന്യൂസിലാൻഡിലാണ് കിവി കാണപ്പെടുന്നത്. ആ രാജ്യത്തിന്റെ ദേശീയ പക്ഷിയാണിത്.
* ചിറകുകളില്ലാത്ത പക്ഷിയാണ് കിവി.
* രാത്രിയിലാണ് കിവി പ്രധാനമായും ഇര തേടുന്നത്. ഇരയെ മണത്താണ് കണ്ടെത്തുന്നത്. ഇതിനായി ചുണ്ടിന്റെ അറ്റത്തായി നാസാദ്വാരങ്ങൾ കാണപ്പെടുന്നു. ഈ രീതിയിൽ ഇര പിടിക്കുന്ന പക്ഷികൾ അപൂർവമാണ്. ആൺ കിളികൾ ഉണ്ടാക്കുന്ന ശബ്ദത്തിൽനിന്നാണ് കിവി എന്ന പേര് രൂപപ്പെട്ടത്. ആൺകിളിയും പെൺകിളിയും തമ്മിൽ കാര്യമായ വ്യത്യാസങ്ങളില്ല. പ്രത്യുൽപാദന കാലത്ത് മാത്രമേ ഇവ ഇണകളായി സഞ്ചരിക്കാറുള്ളൂ.
* കാക്കക്കൂട്ടിൽ മുട്ടയിടുന്ന പക്ഷിയാണ് കുയിൽ (Koel or Cuckoo). ഇന്ത്യൻ പക്ഷികളിൽ ഏറ്റവും സംഗീതപരമായി കണക്കാക്കുന്നത് കുയിലിനെയാണ്.
* കുയിലുകളിൽ പുള്ളിക്കുയിലാണ് പെൺപക്ഷി. കരിങ്കുയിലാണ് ആൺപക്ഷി.
* 'ചിരിക്കുന്ന പക്ഷി' എന്നറിയപ്പെടുന്നത് കുക്കാബുര (Kookaburra). ഓസ്ട്രേലിയയും ന്യൂ ഗിനിയയുമാണ് സ്വദേശം.
* 'വിജ്ഞാനത്തിന്റെ പ്രതീക'മായി കണക്കാക്കപ്പെടുന്ന പക്ഷിയാണ് മൂങ്ങ (Owl). ഏറ്റവും കൂടുതൽ കഴുത്ത് തിരിക്കാൻ കഴിവുള്ള പക്ഷിയാണിത് (270 ഡിഗ്രി). രണ്ടു കണ്ണുകളും മുഖത്തിന്റെ മുൻഭാഗത്തുള്ള പക്ഷിയാണിത്.
* മിക്ക മൂങ്ങകളും പകൽ വിശ്രമിച്ച് രാത്രി ഇര പിടിക്കുന്ന സ്വഭാവക്കാരാണ്. ചെറിയ സസ്തനികൾ, മറ്റ് പക്ഷികൾ തുടങ്ങിവയെയാണ് മൂങ്ങകൾ ആഹാരമാക്കുന്നത്.
* മൂങ്ങകൾ കാണപ്പെടാത്ത ഭൂഖണ്ഡമാണ് അന്റാർട്ടിക്ക. ഗ്രീൻലാൻഡിന്റെ മിക്ക ഭാഗങ്ങളിലും ചില വിദൂര ദ്വീപുകളിലും ഇവയുടെ സാന്നിധ്യമില്ല.
* ജെ.കെ. റൗളിങ്ങിന്റെ 'ഹാരി പോട്ടർ സീരിസി'ലൂടെ അനശ്വരമാക്കപ്പെട്ട പക്ഷി എന്നു വിശേഷിപ്പിക്കുന്നത് മൂങ്ങയെ ആണ്.
* ഏറ്റവും മികച്ച കേൾവിശക്തിയുള്ള ജീവി ബാൺ ഔൾ (Barn Owl). 'കാലങ്കോഴി' എന്നറിയപ്പെടുന്നത് ഒരിനം മൂങ്ങയാണ്. പ്രത്യേക സംരക്ഷണപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂങ്ങയിനമാണ് വെള്ളിമൂങ്ങ.
* കൊക്കിൽ സഞ്ചി പോലെ ഭാഗമുള്ള പക്ഷിയാണ് പെലിക്കൻ (Pelican).
* ഏറ്റവും വേഗത്തിൽ ചലിക്കാൻ കഴിവുള്ള പക്ഷിയാണ് പെരിഗ്രീൻ ഫാൽക്കൺ (Perigrine Falcon). ഭൂമിയിലെ ജീവികളിൽ ഏറ്റവും വേഗത്തിൽ ചലിക്കാൻ കഴിവുള്ളതും ഈ പക്ഷിക്കാണ്. മണിക്കൂറിൽ 200 കിലോമീറ്റർവരെ വേഗത്തിൽ ചലിക്കാൻ ഇവയ്ക്ക് കഴിയും. പറക്കലിന്റെ ശരാശരി വേഗം കണക്കിലെടുത്താൽ, ഏറ്റവും വേഗത്തിൽ പറക്കുന്ന പക്ഷി സ്വിഫ്റ്റ് (Swift) ആണ്.
* ലോകത്ത് ഏറ്റവും സാധാരണമായി കാണുന്ന പക്ഷി സ്പീഷീസാണ് കോഴി (Chicken).
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ വളർത്തപ്പെടുന്ന പക്ഷിയാണ് കോഴി.
* കോഴിയെ ബാധിക്കുന്ന രോഗമാണ് റാണിഖേത് (Ranikhet)രോഗം. ഇതൊരു വൈറസ് രോഗമാണ്. കോഴിമുട്ട വിരിയാൻ 21 ദിവസവും കാടമുട്ട വിരിയാൻ 18 ദിവസവും വേണം.
* കോഴികളെ തമ്മിൽ അങ്കം വെട്ടിക്കുന്നത് വിനോദവും വ്യവസായവും ആണ്. ഇതിനായി പരിശീലിപ്പിച്ചെടുക്കുന്ന കോഴികളെ അങ്കക്കോഴികൾ എന്നു വിളിക്കുന്നു. വൈറ്റ്ലഗോൺ, ഗിരിരാജൻ എന്നിവ കേരളത്തിൽ വളർത്തുന്ന സങ്കരയിനം കോഴികളാണ്.
* 'അമേരിക്കൻ ഒട്ടകപ്പക്ഷി' എന്നറിയപ്പെടുന്നത് റിയ (Rhea). എമുവിന്റെയും ഒട്ടകപ്പക്ഷിയുടെയും ബന്ധുവായ റിയയുടെ സ്വദേശം തെക്കേ അമേരിക്കയാണ്.
* ലോകത്തിലെ ഏറ്റവും വലിയ വാട്ടർ ഫൗൾ (Water fowl)എന്നറിയപ്പെടുന്നത് മ്യൂട്ട് സ്വാൻ (Mute Swan).
* ഏറ്റവും ഉയരത്തിൽ പറക്കുന്ന പക്ഷി കഴുകനാണ് (Vulture)
* കഴുകൻമാരില്ലാത്ത വൻകരകളാണ് ഓസ്ട്രേലിയയും അന്റാർട്ടിക്കയും.
* പറക്കുന്ന കഴുകൻമാരുടെ കൂട്ടത്തെ സൂചിപ്പിക്കുന്ന വാക്കാണ് 'കെറ്റിൽ' (kettle). മരങ്ങളിൽ വിശ്രമിക്കുന്ന കഴുകൻമാരുടെ കൂട്ടത്തെ സൂചിപ്പിക്കുന്ന വാക്കുകളാണ് കമ്മിറ്റി, വോൾട്ട്, വെന്യൂ (committee, volt, venue)എന്നിവ.
* സെപ്തംബറിലെ ആദ്യ ശനിയാഴ്ച 'ഇന്റർനാഷണൽ വൾച്ചർ അവയർനെസ് ഡേ' ആയി ആചരിക്കുന്നു.
* ഏറ്റവും കുറഞ്ഞ വേഗത്തിൽ പറക്കുന്ന പക്ഷി അമേരിക്കൻ വുഡ്കോക്ക് (American woodcock).
* 'കാട്ടിലെ മരപ്പണിക്കാരൻ' (Carpenter of Forest) എന്നറിയപ്പെടുന്ന പക്ഷിയാണ് മരംകൊത്തി. 'പ്രകൃതി ഷോക്ക് അബ്സോർബർ നൽകി അനുഗ്രഹിച്ച പക്ഷി' എന്നും ഇത് അറിയപ്പെടുന്നു.
* ഉറുമ്പിൻകൂട്ടിൽ മുട്ടയിടുന്നവയാണ് ചെമ്പൻ മരംകൊത്തികൾ •

## ഒട്ടകപ്പക്ഷി

* ഏറ്റവും വലുപ്പമുള്ളതും ഭാരം കൂടിയതുമായ പക്ഷിയാണ് ഒട്ടകപ്പക്ഷി (Ostrich). ഒട്ടകപ്പക്ഷിക്ക് പറക്കാൻ കഴിവില്ല. ഇതിന്റെ ശാസ്ത്രനാമം സ്ട്രുതിയോ കമേലസ് (Struthio camelus). മരുഭൂമിയിലാണ് ഒട്ടകപ്പക്ഷികൾ കൂടുതലായും ജീവിക്കുന്നത്. ആഫ്രിക്കയിൽ ഇവ കൂടുതലായി കാണപ്പെടുന്നു. ഇറച്ചിക്കും മുട്ടയ്ക്കുമായി ഒട്ടകപ്പക്ഷികളെ വളർത്താറുണ്ട്. ഇതിന്റെ തൂവലും ചർമവും അലങ്കാരപണികൾക്ക് ഉപയോഗിക്കാറുണ്ട്.
* ഏറ്റവും വേഗത്തിലോടാൻ കഴിവുള്ള പക്ഷിയായ ഒട്ടകപ്പക്ഷിയാണ് രണ്ടു കാലിൽ ഓടുന്ന ജീവികളിൽ ഏറ്റവും വേഗം കൂടിയത്. 'സ്പാരോ ക്യാമൽ' (Sparrow Camel) എന്നറിയപ്പെടുന്ന പക്ഷിയാണിത്. പക്ഷികളിൽ ഏറ്റവും ആയുസ്സുകൂടിയത് ഒട്ടകപ്പക്ഷിയാണ്.
* ഏറ്റവും വലുപ്പമുള്ള മുട്ടയിടുന്ന പക്ഷി ഒട്ടകപ്പക്ഷിയാണ്. എന്നാൽ, ശരീരവലുപ്പവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ചെറിയ മുട്ടയിടുന്ന പക്ഷിയാണിത്. ഒട്ടകപ്പക്ഷിയുടെ മുട്ടയ്ക്ക് ഒന്നര കിലോഗ്രാമോളം ഭാരമുണ്ടാകും.
* ഏറ്റവും കട്ടി കൂടിയ തോടുള്ള മുട്ട ഒട്ടകപ്പക്ഷിയുടേതാണ്. ആൺപക്ഷിയും പെൺപക്ഷിയും മാറിമാറി അടയിരിക്കും. 'അടയിരിക്കുന്ന അച്ഛൻ' എന്നറിയപ്പെടുന്ന പക്ഷി ഒട്ടകപ്പക്ഷിയാണ്.
* ഒട്ടകപ്പക്ഷിയുടെ കാലിൽ രണ്ടു വിരലുകളേയുള്ളൂ, ഏറ്റവും ശക്തിയായി തൊഴിക്കാൻ കഴിവുള്ള പക്ഷിയാണിത്.
* കരയിലെ കശേരുകികളിൽ (vertebrates) ഏറ്റവും വലിയ കണ്ണ് ഒട്ടകപ്പക്ഷിയുടേതാണ്. തലച്ചോറിനെക്കാൾ വലിയ കണ്ണുള്ള പക്ഷിയാണിത്.
* ഏറ്റവും കൂടുതൽ ആയുസ്സുള്ള പക്ഷി, , ഏറ്റവും ഉയരം കൂടിയ പക്ഷി, ഏറ്റവും വലിയ കൃഷ്ണമണിയുള്ള പക്ഷി എന്നീ പ്രത്യേകതകൾ ഒട്ടകപ്പക്ഷിക്കു സ്വന്തമാണ്.
* ഏറ്റവും വലിയ ഏകകോശം ഒട്ടകപ്പക്ഷിയുടെ മുട്ടയുടെ മഞ്ഞക്കരു (yolk) ആണ്. ഏറ്റവും വലുപ്പമുള്ള ചുവന്ന രക്താണു (red blood corpuscles) ഉള്ള പക്ഷി ഒട്ടകപ്പക്ഷിയാണ്.
* ഒട്ടകപ്പക്ഷിയുടെ മുട്ടത്തോട് കലഹാരി മരുഭൂമിയിലെ ബുഷ്മെൻ വിഭാഗക്കാർ ജലംസൂക്ഷിക്കുന്ന ജഗ്ഗുകളായി ഉപയോഗിക്കുന്നു.



# Indian Polity

# ഇന്ത്യൻ പ്രസിഡന്റിന്റെ അധികാരങ്ങൾ

### നിയമനിർമാണാധികാരങ്ങൾ

- പാർലമെന്റിന്റെ ഇരുസഭകളും വിളിച്ചുകൂട്ടുന്നതിനും പ്രോറോഗ് ചെയ്യുന്നതിനും രാഷ്ട്രപതിക്കാണ് അധികാരം. ഭരണഘടനാപരമായ വ്യവസ്ഥകൾക്കനുസരണമായി പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭയുടെ ഉപദേശ പ്രകാരം രാഷ്ട്രപതിക്ക് ലോക്സഭ പിരിച്ചുവിടാൻ അധികാരമുണ്ട്. ഏതെങ്കിലും വിഷയങ്ങളിൽ ആവശ്യമുള്ള പക്ഷം രാഷ്ട്രപതിക്ക് ആർട്ടിക്കിൾ 143 പ്രകാരം സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണ്.
- പൊതു തിരഞ്ഞെടുപ്പിനുശേഷം രാഷ്ട്രപതി പാർലമെന്റ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. എല്ലാ വർഷത്തെയും ആദ്യ സെഷന്റെ തുടക്കത്തിൽ രാഷ്ട്രപതി ഇപ്രകാരം സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിക്കും. ഗവൺമെന്റിന്റെ പുതിയ നയങ്ങളുടെ രൂപരേഖയാണ് തന്റെ പ്രസംഗത്തിലൂടെ രാഷ്ട്രപതി വിശദമാക്കുന്നത്.
- പാർലമെന്റ് പാസാക്കുന്ന എല്ലാ ബില്ലുകളും രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതോടെയാണ് നിയമമാകുന്നത്. രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന ബിൽ രാഷ്ട്രപതിക്ക് ഒപ്പിടുകയോ പാർലമെന്റിന്റെ പരിഗണനയ്ക്കായി തിരിച്ചയയ്ക്കുകയോ ചെയ്യാം. എന്നാൽ പ്രസ്തുത ബിൽ ഭേദഗതി സഹിതമോ അല്ലാതെയോ രാഷ്ട്രപതിക്ക് വീണ്ടും സമർപ്പിക്കുകയാണെങ്കിൽ അനുമതി നൽകാതെ അത് തടഞ്ഞുവയ്ക്കാൻ കഴിയില്ല. ബിൽ ആദ്യമായി സമർപ്പിക്കപ്പെടുന്ന അവസരത്തിൽ പ്രസിഡന്റിന് ബിൽ ഒപ്പിടാതെ കൈവശം സൂക്ഷിക്കാം. ഇതിനെയാണ് പോക്കറ്റ് വീറ്റോ എന്നു പറയുന്നത്.
- പാർലമെന്റ് സെഷനിൽ അല്ലാത്തപ്പോൾ അടിയന്തരസാഹചര്യം പരിഗണിച്ച് പ്രസിഡന്റ് ഗവൺമെന്റിനുവേണ്ടി നടത്തുന്ന നിയമ നിർമാണമാണ് ഓർഡിനൻസുകൾ (ആർട്ടിക്കിൾ 123). ഇതിന് പാർലമെന്റ് പാസാക്കുന്ന നിയമത്തിന്റെ അതേ സാധുത ഉണ്ടായിരിക്കും. ആറുമാസത്തേക്കോ പാർലമെന്റ് സമ്മേളനം ആരംഭിച്ച് ആറാഴ്ച വരെയോ ഓർഡിനൻസിന് പ്രാബല്യമുണ്ടായിരിക്കും. പാർലമെന്റ് അംഗീകരിക്കാത്ത പക്ഷം ഓർഡിനൻസ് ആറുമാസം തികയുന്ന മുറയ്ക്ക് സ്വമേധയാ റദ്ദാകും.

### എക്സിക്യുട്ടീവ് അധികാരങ്ങൾ

- ആർട്ടിക്കിൾ 53 പ്രകാരം രാജ്യത്തിന്റെ എക്സിക്യൂട്ടീവ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് പ്രസിഡന്റിലാണ്. പ്രസ്തുത അധികാരം ഭരണഘടനയ്ക്ക് അനുസരണമായി പ്രസിഡന്റിന് നേരിട്ടോ സബോർഡിനേറ്റായ ഉദ്യോഗസ്ഥരിലൂടെയോ വിനിയോഗിക്കാവുന്നതാണ്. പ്രധാനമന്ത്രി തലവനായിട്ടുള്ള യൂണിയൻ ക്യാബിനറ്റ് പ്രസിഡന്റിനെ അദ്ദേഹത്തിന്റെ കർത്തവ്യനിർവഹണത്തിൽ സഹായിക്കുകയും ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യണം.

### നിയമന അധികാരങ്ങൾ

- ലോക്സഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെയോ മുന്നണിയുടെയോ നേതാവിനെ പ്രധാനമന്ത്രിയായി നിയമിക്കുന്നത് പ്രസിഡന്റാണ്. പ്രധാനമന്ത്രിയുടെ ഉപദേശ പ്രകാരമാണ് പ്രസിഡന്റ് മന്ത്രിസഭാംഗങ്ങളെ നിയമിക്കുകയും അവർക്ക് വകുപ്പുകൾ അനുവദിക്കുകയും ചെയ്യുന്നത്. പ്രസിഡന്റിന്റെ പ്രീതിയുള്ള കാലത്തോളം മന്ത്രിസഭാംഗങ്ങൾ പദവിയിൽ തുടരും.
- സാഹിത്യം, ശാസ്ത്രം, കല, സാമൂഹിക സേവനം എന്നീ മേഖലകളിൽ നിപുണരായ 12 വ്യക്തികളെ അവരുടെ സവിശേഷ പരിജ്ഞാനവും പ്രായോഗിക പരിചയവും പരിഗണിച്ച് രാജ്യസഭാംഗങ്ങളായി നിയമിക്കുന്നത് പ്രസിഡന്റാണ്.
- സംസ്ഥാന ഗവർണർമാരെ നിയമിക്കുന്നത് പ്രസിഡന്റാണ്.
- അറ്റോർണി ജനറൽ, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, ചീഫ് ഇലക്ഷൻ കമ്മിഷണർ, ഇലക്ഷൻ കമ്മിഷണർമാർ, ദേശീയ മനുഷ്യാവകാശ കമ്മിഷൻ ചെയർമാൻ, അംഗങ്ങൾ, ചീഫ് ഇൻഫർമേഷൻ കമ്മിഷണർ, ഇൻഫർമേഷൻ കമ്മിഷണർമാർ, യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ ചെയർമാൻ, അംഗങ്ങൾ, കേന്ദ്ര സർവകലാശാലകളുടെ വൈസ് ചാൻസലർമാർ തുടങ്ങിയവരെ നിയമിക്കുന്നത് പ്രസിഡന്റാണ്.
- പ്രധാനമന്ത്രി നൽകുന്ന പട്ടിക പ്രകാരം വിവിധ രാജ്യങ്ങളിലേക്കുള്ള അംബാസഡർമാരെയും ഹൈക്കമ്മിഷണർമാരെയും നിയമിക്കുന്നത് പ്രസിഡന്റാണ്.
- ചീഫ് ഓഫ് ദി ആർമി സ്റ്റാഫിനെയും കര-നാവിക-വ്യോമ സേനാ മേധാവികളെയും നിയമിക്കുന്നത് പ്രസിഡന്റാണ്.

### ധനകാര്യ അധികാരങ്ങൾ

- പ്രസിഡന്റിന്റെ ശിപാർശയോടെ മാത്രമേ മണി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുവാൻ കഴിയുകയുള്ളു.
- പാർലമെന്റിൽ വാർഷിക സാമ്പത്തിക പ്രസ്താവന അഥവാ ബജറ്റ് സമർപ്പിക്കുന്നത് പ്രസിഡന്റിന്റെ പേരിലാണ്.
- അപ്രതീക്ഷിതമായ ചെലവുകൾക്കായി പ്രസിഡന്റിന് കണ്ടിജൻസി ഫണ്ടിൽനിന്ന് പണം പിൻവലിക്കാവുന്നതാണ്.
- കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ നികുതി വീതം വയ്ക്കുന്നതു സംബന്ധിമായ ശിപാർശകൾ സമർപ്പിക്കുന്നതിന് അഞ്ചുവർഷത്തിലൊരിക്കൽ ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നത് പ്രസിഡന്റാണ്.

### നീതിന്യായാധികാരങ്ങൾ

- സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ചീഫ് ജസ്റ്റിസുമാരെയും ജഡ്ജിമാരെയും നിയമിക്കുന്നത് പ്രസിഡന്റാണ്. ഒരു ഹൈക്കോടതിയിൽനിന്ന് മറ്റൊരു ഹൈക്കോടതിയിലേക്ക് ജഡ്ജിമാരെ മാറ്റി നിയമിക്കുന്നതും പ്രസിഡന്റാണ്. പാർലമെന്റിന്റെ ഇരുസഭകളും മൂന്നിൽരണ്ട് ഭൂരിപക്ഷത്തിൽ പ്രമേയം പാസാക്കിയാൽ ജഡ്ജിമാരെ ഡിസ്മിസ് ചെയ്യുന്നത് പ്രസിഡന്റാണ്.
- ആർട്ടിക്കിൾ 143 പ്രകാരം ആവശ്യമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ നിയമപ്രശ്നങ്ങളിൽമേലോ പൊതു താൽപര്യമുള്ള മറ്റ് വിഷയങ്ങളിലോ പ്രസിഡന്റിന് സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണ്.

### നയതന്ത്ര അധികാരങ്ങൾ

- എല്ലാ അന്താരാഷ്ട്ര ഉടമ്പടികളും കരാറുകളും ഒപ്പുവയ്ക്കുന്നത് പ്രസിഡന്റിന്റെ പേരിലാണ്. എന്നിരുന്നാലും, പ്രയോഗത്തിൽ, അതിനുള്ള കൂടിയാലോചനകൾ നടത്തുന്നത് പ്രധാനമന്ത്രിയും ക്യാബിനറ്റുമാണ് (പ്രത്യേകിച്ച് വിദേശകാര്യമന്ത്രി). മാത്രമല്ല, അത്തരം കരാറുകൾക്ക് പാർലമെന്റിന്റെ അംഗീകാരവും ആവശ്യമാണ്.
- ഔപചാരികമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചടങ്ങുകളിൽ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നത് പ്രസിഡന്റാണ്.
- ഇന്ത്യൻ വിദേശകാര്യ സർവീസിലെ ഉദ്യോഗസ്ഥരെ നയതന്ത്ര ദൗത്യങ്ങൾക്ക് നിയോഗിക്കുന്നതും വിദേശരാജ്യങ്ങളിൽനിന്നുള്ള നയതന്ത്ര പ്രതിനിധികളെ സ്വീകരിക്കുന്നതും പ്രസിഡന്റാണ്.

### സൈനിക അധികാരങ്ങൾ

- ഇന്ത്യയിലെ സായുധ സേനകളുടെ സർവസൈന്യാധിപൻ പ്രസിഡന്റാണ്. പ്രധാനമന്ത്രി തലവനായ യൂണിയൻ ക്യാബിനറ്റിന്റെ ഉപദേശ പ്രകാരം യുദ്ധം പ്രഖ്യാപിക്കാനും സമാധാന ഉടമ്പടികളിൽ ഏർപ്പെടുന്നതിനും പ്രസിഡന്റിന് അധികാരമുണ്ട്. വിവിധ സേനാവിഭാഗങ്ങളുടെ തലവൻമാരെ നിയമിക്കുന്നതും പ്രസിഡന്റാണ്.

### മാപ്പുനൽകുന്നതിനുള്ള അധികാരം

- യൂണിയൻ നിയമങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, മിലിട്ടറി കോടതിയുടെ ശിക്ഷകൾ, വധശിക്ഷ എന്നിവയ്ക്ക് മാപ്പു നൽകാൻ ആർട്ടിക്കിൾ 72 പ്രകാരം പ്രസിഡന്റിന് അധികാരമുണ്ട്. മാപ്പു നൽകുന്നതിനുള്ള പ്രസിഡന്റിന്റെ തീരുമാനവും മറ്റ് അവകാശങ്ങളും പ്രധാനമന്ത്രിയുടെയോ ലോക്സഭയിലെ ഭൂരിപക്ഷത്തിന്റെയോ അഭിപ്രായത്തിൽനിന്ന് സ്വതന്ത്രമാണ്. എന്നിരുന്നാലും, ഒട്ടുമിക്ക അവസരങ്ങളിലും പ്രധാനമന്ത്രിയുടെയും ക്യാബിനറ്റിന്റെയും ഉപദേശപ്രകാരമാണ് പ്രസിഡന്റ് എക്സിക്യൂട്ടീവ് അധികാരങ്ങൾ വിനിയോഗിക്കുന്നത്.

### അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം

- ആർട്ടിക്കിൾ 352 പ്രകാരം ദേശീയ അടിയന്തരാവസ്ഥ, 356 പ്രകാരം സംസ്ഥാനങ്ങളിൽ ഭരണ നിർവഹണത്തിന് പ്രതിസന്ധിയുണ്ടാകുമ്പോൾ സംസ്ഥാന അടിയന്തരാവസ്ഥ, 360 പ്രകാരമുള്ള സാമ്പത്തിക അടിയന്തരാവസ്ഥ എന്നിവ പ്രഖ്യാപിക്കാൻ പ്രസിഡന്ററിന് അധികാരമുണ്ട്.



## രാഷ്ട്രപതി നിലയം, രാഷ്ട്രപതി നിവാസ്

- ഹൈദരാബാദിലാണ് രാഷ്ട്രപതി നിലയം. രാഷ്ട്രപതിയുടെ ദക്ഷിണേന്ത്യയിലെ വസതിയാണിത്. രാജ്യതലസ്ഥാനമായ ന്യൂഡൽഹിയിൽനിന്ന് വളരെയധികം ദൂരത്തിലുള്ള ഈ മന്ദിരം, നാനാത്വ സ്വഭാവമുള്ള ഒരു രാജ്യത്തെ ഏകോപിപ്പിക്കുന്നതിൽ പ്രസിഡന്റു വഹിക്കുന്ന പങ്കിനെ സൂചിപ്പിക്കുന്നു. ഇവിടെ അദ്ദേഹം വർഷത്തിലൊരിക്കലെങ്കിലും താമസിച്ച് ഔദ്യോഗിക കൃത്യനിർവഹണം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.
- ഹൈദരാബാദിലെ ഭരണാധികാരിയായിരുന്ന നിസാമാണ് 1860-ൽ ഈ മന്ദിരം പണികഴിപ്പിച്ചത്. 90 ഏക്കർ വിസ്തൃതിയുള്ള എസ്റ്റേറ്റിലാണ് ഈ ഒറ്റനില മന്ദിരം. 150 പേർക്ക് താമസിക്കുന്നതിമുള്ള സൗകര്യമുണ്ട്. ഹൈദരാബാദിനെ 1948-ൽ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചതോടെ എസ്റ്റേറ്റിന്റെ നിയന്ത്രണം പ്രസിഡന്റിന്റെ സെക്രട്ടേറിയറ്റിനു കൈമാറി.
- ബ്രിട്ടീഷിന്ത്യയുടെ വേനൽക്കാല തലസ്ഥാനമായിരുന്ന ഷിംലയിൽ വൈസ്രോയിയുടെ വസതിയായി നിർമിച്ച വൈസ്റീഗൽ ലോഡ്ജ് ആണ് സ്വാതന്ത്ര്യാനന്തരം രാഷ്ട്രപതി നിവാസ് ആയത്. മന്ദിരത്തിന്റെ നിർമ്മാണം 1880-ൽ ആരംഭിച്ച് 1888-ൽ പൂർത്തിയായി. എലിസബത്തൻ ശൈലിയിൽ മന്ദിരം രൂപകൽപന ചെയ്തത് ബ്രിട്ടീഷ് വാസ്തുശിൽപിയായ ഹെൻറി ഇർവിനാണ്. വൈസ്രോയി ഡഫറിൻ പ്രഭുവാണ് ഇതിലെ ആദ്യ താമസക്കാരൻ (1888 ജൂലായ് 23).
- ഡോ. എസ്. രാധാകൃഷ്ണൻ രാഷ്ട്രപതിയായിരിക്കെ ഈ കെട്ടിടം മെച്ചപ്പെട്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ മന്ത്രാലയത്തിനു കൈമാറി. അവിടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്ഥാപനം പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

## കേരള ചരിത്രവും വർഷങ്ങളും–14

# വിവേകാനന്ദന്റെ കേരള സന്ദർശനവും മെമ്മോറിയലുകളുടെ സമർപ്പണവും



### കോൺഗ്രസിൽ ഒരു തിരുവിതാംകൂർ സ്വദേശി

1889 – കേസരി എ. ബാലകൃഷ്ണപിള്ള (1889–1960) ജനിച്ചു.
- മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ 'ഇന്ദുലേഖ', ഒ ചന്തുമേനോൻ രചിച്ചു. 1889 ജൂൺ 11 മുതൽ ആഗസ്ത് 17 വരെയുള്ള 67 ദിവസം കൊണ്ടാണ് നോവൽ രചിച്ചത്.
- 'ആയുർവേദ പാഠശാല' എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ ആയുർവേദ കോളേജ് തിരുവനന്തപുരത്ത് സ്ഥാപിതമായി. പിൽക്കാലത്ത് സംസ്കൃത കോളേജായ, സംസ്കൃത ഹൈസ്കൂളും പ്രവർത്തനമാരംഭിച്ചത് ഇതേ വർഷമാണ്.
- മലയാളത്തിലെ ആദ്യത്തെ സാഹിത്യ മാസികകളിലൊന്നായ 'വിദ്യാവിനോദിനി' സി.പി.അച്യുതമേനോൻ ആരംഭിച്ചു. മലയാളത്തിൽ സാഹിത്യ വിമർശനത്തിന് തുടക്കംകുറിച്ചവരിൽ പ്രമുഖൻ അച്യുതമേനോനാണ്.
- ബാരിസ്റ്റർ ജി.പി.പിള്ള ബോംബെയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്തു. കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത, കോൺഗ്രസിൽ അംഗത്വമെടുത്ത ആദ്യ തിരുവിതാംകൂറുകാരൻ എന്നീ വിശേഷണങ്ങൾ അദ്ദേഹത്തിനു സ്വന്തമാണ്.

### മനോരമ പത്രത്തിന്റെ ജനനം

1890 – കണ്ടത്തിൽ വറുഗീസ് മാപ്പിള പ്രതിവാരപത്രമായി കോട്ടയത്തുനിന്ന് മലയാള മനോരമ പ്രസിദ്ധീകരണമാരംഭിച്ചു (മാർച്ച് 22).
- കെ കേളപ്പൻ ജനിച്ചു (സെപ്തം 9).
- തിരുവിതാംകൂറിൽ വിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുകയും സ്കൂളുകളിൽ ആശാൻമാർക്ക് പകരം അധ്യാപകരെ നിയമിക്കുകയും ചെയ്തു.
- മലയാളത്തിലെ ആദ്യത്തെ കഥാമാസികയായ 'കഥാവാദിനി' തിരുവനന്തപുരത്തുനിന്ന് ആരംഭിച്ചു. മലയാളിയുടെ ആദ്യ പത്രാധിപരായിരുന്ന പേട്ടയിൽ രാമൻപിള്ള ആശാനായിരുന്നു പത്രാധിപർ. 11 ലക്കങ്ങളോടെ പ്രസിദ്ധീകരണം മുടങ്ങി.

### മലയാളി മെമ്മോറിയൽ

1891 – ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി നിരന്തര യാതനയനുഭവിച്ച വിപ്ലവകാരിയായ ചെമ്പകരാമൻപിള്ള (1891–1934) തിരുവനന്തപുരത്ത് ജനിച്ചു.
- തിരുവിതാംകൂറിൽ പുരാവസ്തുവകുപ്പ് ആരംഭിച്ചു.
- മലയാളി മെമ്മോറിയൽ പ്രക്ഷോഭണം. ''തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്'' എന്ന മുദ്രാവാക്യവുമായി, തദ്ദേശീയർക്ക് സർക്കാർ നിയമനങ്ങളിൽ അവസരം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ പി ശങ്കരമേനോനും നാനാജാതി മതസ്ഥരായ 10037 പൗരൻമാരും ഒപ്പിട്ട ഹർജി ശ്രീമൂലം തിരുനാൾ രാജാവിനു സമർപ്പിച്ചു (ജനുവരി). ജി പി പിള്ള, കെ പി ശങ്കരമേനോൻ എന്നിവരാണ് നേതൃത്വം നൽകിയത്. ഹർജിയിലെ ആദ്യ ഒപ്പുകാരൻ കെ പി ശങ്കരമേനോനായിരുന്നു. മലയാളി മെമ്മോറിയലിനെതിരെ കൊല്ലത്തെ ഇ. രാമ അയ്യരുടെ നേതൃത്വത്തിൽ എതിർ മെമ്മോറിയലും സമർപ്പിക്കപ്പെട്ടു.
- മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി പരിഗണിക്കുന്ന 'വാസനവികൃതി' വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ചു. രചിച്ചത് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.
- സി വി രാമൻപിള്ള മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായികയായ 'മാർത്താണ്ഡവർമ്മ' പ്രസിദ്ധീകരിച്ചു.
- കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ ഭാഷാപോഷിണിസഭ രൂപീകൃതമായി.

**അയ്യാ വൈകുണ്ഠർ തെളിയിച്ച നവോത്ഥാനത്തിന്റെ തിരിനാളം ശ്രീനാരായണഗുരുവിന്റെ കാലമായപ്പോൾ കാട്ടുതീ പോലെ ആളിപ്പടർന്നു. ആ അഗ്നിയേറ്റ് യാഥാസ്ഥിതിക കേന്ദ്രങ്ങൾ അസ്വസ്ഥമായി. ഭൃത്യജനബോധം വെടിഞ്ഞ് അവകാശബോധമുള്ള പൗരൻമാരിലേക്കുള്ള യാത്രയാരംഭിച്ചതിന്റെ പ്രതിഫലനമെന്നോണം ഭരണ പരിഷ്കാരങ്ങൾക്കും സാമൂഹിക നീതിക്കും വേണ്ടിയുള്ള ശബ്ദങ്ങൾ കേട്ടുതുടങ്ങി. മലയാളി മെമ്മോറിയലും ഈഴവമെമ്മോറിയലും ആ ദിശയിലെ ആദ്യ ചുവടുവയ്പുകളാണ്. കേരളകഥ തുടർന്നു വായിക്കുക.**

### കോഴിക്കോടൻ മനോരമ

- സാമൂതിരി രാജകുടുംബത്തിലെ ചിലരും മറ്റു ചില പൊതുകാര്യ പ്രസക്തരും ചേർന്നു രൂപവൽക്കരിച്ച കേരള മഹാജനസഭയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടുനിന്ന് 'മനോരമ' എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 'കോഴിക്കോടൻ മനോരമ' എന്ന് അറിയപ്പെട്ടിരുന്ന ഇത് അച്ചടിച്ചിരുന്നത് കോഴിക്കോട് വിക്ടോറിയ പ്രസിൽനിന്നായിരുന്നു. രണ്ടാംലോകമഹായുദ്ധംമൂലം കടലാസിനുക്ഷാമം നേരിട്ടപ്പോൾ 1940–ൽ ഇത് നിന്നുപോയി.

### കവിസമാജവും ഭാഷാപോഷിണിയും

1892 – ചന്തുമേനോൻെറ ശാരദ പ്രസിദ്ധീകരിച്ചു. കോട്ടയത്ത് 'കവിസമാജം' രൂപം കൊണ്ടു.
- കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ 'ഭാഷാപോഷിണി' പ്രസിദ്ധീകരണമാരംഭിച്ചു.
- സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചു. തീണ്ടലും തൊടീലും കണ്ട് 'ഇവിടം ഒരു ഭ്രാന്താലയം' എന്ന് അഭിപ്രായപ്പെട്ടു.

### രാജാരവിവർമയ്ക്ക് സമ്മാനം

1893 – ഡോ. ഹെർമൻ ഗുണ്ടർട്ട് അന്തരിച്ചു.
- ചിക്കാഗോയിൽ നടന്ന ലോക കലാപ്രദർശനത്തിൽ രാജാ രവിവർമയ്ക്ക് സമ്മാനം ലഭിച്ചു. ലോകപ്രശസ്തനായ ആദ്യത്തെ കേരളീയ ചിത്രകാരനാണ് രാജാ രവി വർമ.

### ടി.മാധവരായരുടെ പ്രതിമയും സ്റ്റാച്യു ജംഗ്ഷനും

1894 – പ്രൊഫ. സുന്ദരംപിള്ള കേരളത്തിലെ ശിലാലിഖിതങ്ങളെപ്പറ്റി ആദ്യമായി രേഖപ്പെടുത്തി.
- ദിവാൻ ശങ്കരസുബ്ബയ്യരുടെ 1069 മേടം 30ലെ വിജ്ഞാപനത്തോടെ തിരുവിതാംകൂറിൽ ഞായറാഴ്ച അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടു. പൗർണമി നാൾ ഉൾപ്പെടെ മാസത്തിൽ രണ്ട് അവധി ദിവസങ്ങളെ അതുവരെ ഉണ്ടായിരുന്നുള്ളു.
- കേരളവർമ വലിയകോയിത്തമ്പുരാൻ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുസമീപം മുൻദിവാൻ സർ ടി.മാധവരായരുടെ പ്രതിമ അനാച്ഛാദനം ചെയ്തു. ഇതോടെയാണ് അവിടം സ്റ്റാച്യു ജംഗ്ഷൻ എന്നറിയപ്പെട്ടുടങ്ങിയത്.തിരുവിതാംകൂറിൽ പൊതുജനങ്ങൾ സ്ഥാപിച്ച ആദ്യത്തെ പ്രതിമ മാധവറാവുവിന്റേതാണ്.
- പൂവാടൻ രാമൻ വക്കീൽ സ്പെക്ടേറ്റർ പ്രസ് കോഴിക്കോട്ട് സ്ഥാപിച്ചു. ഇവിടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ വാരികയാണ് 'വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ' എന്ന പേരിലും പിന്നീട് 'മലബാർ സ്പെക്ടേറ്റർ' എന്ന പേരിലും പ്രസിദ്ധിയാർജിച്ച പത്രിക.
- സെയ്യിദ് സനാഉള്ള മക്തി തങ്ങൾ പുറത്തിറക്കിയ 'തുഹ്ഫത്തുൽ അഖിയാർ–വ–ഹിദായത്തുൽ അസ്റാർ' എന്ന മാസികയാണ് കേരളത്തിൽ അറബി മലയാളത്തിലുള്ള ആദ്യത്തെ പ്രസിദ്ധീകരണം.

### ഈഴവ മെമ്മോറിയൽ

1896 – രാജ്യത്തിൻെറ മൊത്തം ജനസംഖ്യയുടെ അഞ്ചിലൊന്നുണ്ടായിരുന്നിട്ടും ഈഴവർക്ക് സർക്കാരുദ്യോഗങ്ങളിൽ നാമമാത്ര പ്രാതിനിധ്യം പോലുമില്ലായിരുന്നു. തങ്ങൾക്ക് വിദ്യാഭ്യാസ– ഉദ്യോഗകാര്യങ്ങളിൽ നീതി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. പൽപ്പുവിൻെറ നേതൃത്വത്തിൽ 13176 പേർ ഒപ്പിട്ട ഹർജി തയ്യാറാക്കി ശ്രീമൂലം തിരുനാൾ രാജാവിനു സമർപ്പിച്ചു (സെപ്തം 3) ഇതാണ് ഈഴവ മെമ്മോറിയൽ എന്നറിയപ്പെട്ടത്.
- വി.കെ. കൃഷ്ണമേനോൻ കോഴിക്കോട്ട് പന്നിയങ്കരയിൽ ജനിച്ചു (മെയ് 3). പത്മവിഭൂഷൺ നേടിയ ആദ്യ മലയാളികളിലൊരാൾ.
- തിരുവിതാംകൂറിൽ ജന്മി – കുടിയാൻ റെഗുലേഷൻ. അസംഘടിതമെങ്കിലും കുടിയാന്മാർ അങ്ങിങ്ങു നടത്തിവന്ന അവകാശ സമരങ്ങൾക്ക് ഒരംഗീകാരമായി. ജന്മിത്വത്തെ നിയന്ത്രിക്കാനുള്ള സർക്കാരിൻെറ ആദ്യത്തെ കാൽവെയ്പ്.

### സ്വാമി ആഗമാനന്ദന്റെ ജനനം

- സ്വാമി ആഗമാനന്ദൻ (പൂർവാശ്രമത്തിൽ കൃഷ്ണൻ നമ്പ്യാതിരി)കൊല്ലത്ത് ചവറയിൽ ജനിച്ചു (ആഗസ്ത് 27). മധ്യ തിരുവിതാംകൂർ മലയാള ബ്രാഹ്മണ സമാജത്തിൻെറ സ്ഥാപകൻ.

1897 – കേരളത്തിലെ ആദ്യത്തെ രാമകൃഷ്ണമിഷൻ സ്ഥാപിതമായി.


### കവനോദയവും ചന്ദ്രോൽസവവും

- വടക്കൻ കേരളത്തിൽനിന്നുള്ള ആദ്യത്തെ പ്രസിദ്ധീകരണമായ 'കവനോദയം' കടത്തനാട്ട് രാജാവായ ഉദയവർമയുടെ ഉടമസ്ഥതയിൽ ആരംഭിച്ചു. കെ.സി. നാരായണൻ നമ്പ്യാർ ആദ്യ പത്രാധിപർ. 16 വർഷം തുടർച്ചയായി പ്രസിദ്ധീകരിച്ചു. പ്രാചീന മണിപ്രവാളകൃതിയായ ചന്ദ്രോൽസവം ആദ്യമായി കണ്ടെടുത്തു പ്രസിദ്ധീകരിച്ചത് കവനോദയത്തിലാണ്.

SSLC/HSC Level

# Ancient India - 2

26. 'മാളവികാഗ്നി മിത്രം' രചിച്ചത്:
(എ) കാളിദാസൻ (ബി) അമരസിംഹൻ
(സി) വിശാഖദത്തൻ (ഡി) ഭാസൻ
27. ഉത്തരേന്ത്യയിലെ അവസാനത്തെ ഹിന്ദുചക്രവർത്തി
(എ) സ്കന്ദഗുപ്തൻ (ബി) ഹർഷവർദ്ധനൻ
(സി) ശശാങ്കൻ (ഡി) ഹാലൻ
28. ശ്രീബുദ്ധൻ ജനിച്ച സ്ഥലം:
(എ) സാരനാഥ് (ബി) ലുംബിനി
(സി) ബോധ്ഗയ (ഡി) കുശിനഗരം
29. ചേരരാജാക്കന്മാരിൽ ഏറ്റവും പ്രധാനി:
(എ) നെടുംചേഴിയൻ (ബി) ചെങ്കുട്ടുവൻ
(സി) കുലോത്തുംഗൻ (ഡി) കരികാലൻ
30. ജൈനമതത്തിലെ ആദ്യത്തെ തീർത്ഥങ്കരൻ:
(എ) ഋഷഭൻ (ബി) ഭദ്രബാഹു
(സി) മഹാവീരൻ (ഡി) പാർശ്വനാഥൻ
31. മാസിഡോണിയയിലെ രാജാവായ അലക്സാണ്ടർ ഏതു വർഷമാണ് ഇന്ത്യ ആക്രമിച്ചത്?
(എ) 326 ബി.സി (ബി) 516 ബി.സി
(സി) 72 ബി.സി (ഡി) എ.ഡി. 58
32. 'അമിത്രഘാത' എന്നറിയപ്പെട്ട മൗര്യ ഭരണാധികാരി:
(എ) അശോകൻ (ബി) ബിന്ദുസാരൻ
(സി) ചന്ദ്രഗുപ്തമൗര്യൻ (ഡി) ബൃഹദ്രഥൻ
33. സുംഗവംശ സ്ഥാപകൻ:
(എ) പുഷ്യമിത്രൻ (ബി) അഗ്നിമിത്രൻ
(സി) ദേവഭൂതി (ഡി) പുഷ്യഭൂതി
34. ശകവർഷം ആരംഭിച്ചത്:
(എ) മെനാൻഡർ (ബി) ഗോണ്ടോഫെർണസ്
(സി) കനിഷ്കൻ (ഡി) ഹർഷവർദ്ധനൻ
35. ഗാന്ധാരം എന്നറിയപ്പെട്ടിരുന്ന പ്രദേശം ഇപ്പോൾ ഏതു രാജ്യത്താണ്?
(എ) പാകിസ്താൻ (ബി) അഫ്ഗാനിസ്താൻ
(സി) ചൈന (ഡി) നേപ്പാൾ
36. അജന്ത ഗുഹകൾ സ്ഥിതിചെയ്യുന്നത് ഏത് സംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) തമിഴ്നാട്
(സി) ആന്ധ്രപ്രദേശ് (ഡി) മധ്യപ്രദേശ്
37. മൗര്യസാമ്രാജ്യം സ്ഥാപിതമായത് എന്നാണ്?
(എ) ബി.സി 321 (ബി) ബി.സി. 326
(സി) എ.ഡി. 78 (ഡി) ബി.സി.168
38. ഏത് രാജവംശത്തിന്റെ ഔദ്യോഗിക ചിഹ്നമായിരുന്നു 'ഗരുഡൻ'?
(എ) ശതവാഹനർ (ബി) ഗുപ്തൻ
(സി) കുഷാനൻമാർ (ഡി) രാഷ്ട്രകൂടർ
39. ഹർഷവർദ്ധനൻ ഉത്തരേന്ത്യ ഭരിച്ചകാലം ..........ആണ്:
(എ) എ.ഡി 2-ാം നൂറ്റാണ്ട്
(ബി) എ.ഡി 7-ാം നൂറ്റാണ്ട്
(സി) എ.ഡി 4-ാം നൂറ്റാണ്ട്
(ഡി) എ.ഡി 10-ാം നൂറ്റാണ്ട്
40. ആര്യഭട്ടൻ പ്രശസ്തനായ .............ആയിരുന്നു:
(എ) ഗുപ്തരാജാവ്
(ബി) ജ്യോതിശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും
(സി) കവി (ഡി) രാജ്യതന്ത്രജ്ഞൻ
41. ചന്ദ്രഗുപ്തന്റെ കാലത്തെ ഗ്രീക്ക് അംബാസഡർ:
(എ) മെഗസ്തനീസ് (ബി) സെല്യൂക്കസ്
(സി) ഫാഹിയാൻ (ഡി) ഹുയാൻസാങ്
42. 'തീർത്ഥങ്കരൻമാർ' എന്ന വാക്ക് ഏതുമതവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ബുദ്ധമതം (ബി) ജൈനമതം
(സി) വൈഷ്ണവം (ഡി) ഹിന്ദുമതം
43. ഹാരപ്പ, മൊഹൻജദാരോ സംസ്കാരം കണ്ടെത്തിയ പുരാവസ്തു ഗവേഷകൻ:



(എ) ജെയിൻ (ബി) വില്യം ബർട്ടൺ
(സി) ജോൺ മാർഷൽ (ഡി) ആർ.ഡി ബാനർജി
44. സിന്ധുനദീതട സസ്കാരം പ്രധാനമായും തകർന്നത് ആരുടെ ആക്രമണത്തോടുകൂടിയാണ്?
(എ) മുഗളർ (ബി) ആര്യൻമാർ
(സി) മൗര്യന്മാർ (ഡി) പോർച്ചുഗീസുകാർ
45. അശോകന്റെ പിതാവ് :
(എ) ബിന്ദുസാരൻ (ബി) ബിംബിസാരൻ
(സി) മഹേന്ദ്രൻ (ഡി) നന്ദൻ
46. 'രാജതരംഗിണി'യുടെ കർത്താവ്:
(എ) കൽഹണൻ (ബി) ബിൽഹണൻ
(സി) ബാണഭട്ടൻ (ഡി) കാളിദാസൻ
47. സിന്ധു നാഗരികർ പ്രധാനമായും ആരാധിച്ചിരുന്ന മൃഗം:
(എ) പൂച്ച (ബി) ഒട്ടകം



(സി) കാള (ഡി) ആന
48. 'തീർത്ഥാടകരിലെ രാജകുമാരൻ' എന്നറിയപ്പെടുന്നത്:
(എ) മെഗസ്തനീസ് (ബി) ഹുയാൻസാങ്
(സി) ഫാഹിയാൻ (ഡി) സെന്റ് തോമസ്
49. ആര്യഭട്ടൻ, ഭാസ്കരൻ, വരാഹമിഹിരൻ, അമരസിംഹൻ, ധന്വന്തരി-ഈ പ്രമുഖ വ്യക്തികൾ ജീവിച്ചിരുന്ന കാലം:
(എ) ഗുപ്ത സാമ്രാജ്യകാലം
(ബി) കുഷാൻ സാമ്രാജ്യകാലം
(സി) മൗര്യ സാമ്രാജ്യകാലം
(ഡി) മുഗൾ സാമ്രാജ്യകാലം
50. വേദങ്ങളിൽ ഏറ്റവും അവസാനത്തേത്:
(എ) ഋഗ്വേദം (ബി) സാമവേദം
(സി) യജുർവേദം (ഡി) അഥർവവേദം
51. ഗാന്ധാരകല ഏതൊക്കെ കലാശൈലികളുടെ സങ്കലനത്തിലൂടെ രൂപം പ്രാപിച്ചതാണ്?
(എ) പേർഷ്യൻ- ഭാരതം (ബി) ഗ്രീക്ക് - ഭാരതം
(സി) ഗ്രീക്ക് -പേർഷ്യൻ (ഡി) ഗ്രീക്ക് റോമൻ
52. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ വിദേശ സഞ്ചാരിയാര്?
(എ) മെഗസ്തനീസ് (ബി) ഫാഹിയാൻ
(സി) നിക്കോളോ കോണ്ടി (ഡി) ഹുയാൻസാങ്
53. കാളിദാസന്റെ ആദ്യ പ്രധാന കൃതി:
(എ) അഭിജ്ഞാന ശാകുന്തളം
(ബി) വിക്രമോർവശീയം
(സി) ഋതുസംഹാരം (ഡി) രഘുവംശം
54. അവസാനത്തെ നന്ദരാജാവ്:
(എ) മഹാനന്ദൻ (ബി) നന്ദിവർദ്ധനൻ
(സി) ബൃഹദ്രഥൻ (ഡി) ധനനന്ദൻ
55. ഇന്ത്യാ ചരിത്രത്തിലെ ചക്രവർത്തിമാരിൽ ഏറ്റവും മഹാനായി കണക്കാക്കപ്പെടുന്നത്:
(എ) ചന്ദ്രഗുപ്ത മൗര്യൻ(ബി) അശോകൻ
(സി) വിക്രമാദിത്യൻ (ഡി) ഹർഷവർദ്ധനവൻ
56. ശതവാഹനവംശം സ്ഥാപിച്ചത്:
(എ) സിമുഖൻ (ബി) ഹാലൻ
(സി) മാധവീപുത്രൻ (ഡി) ശതകർണി
57. 'അലഹബാദ് പ്രശസ്തി'യിൽനിന്നും ഏതു ഭരണാധികാരിയെക്കുറിച്ചുള്ള വിവരങ്ങളാണ് ലഭിക്കുന്നത്?
(എ) അശോകൻ (ബി) സമുദ്രഗുപ്തൻ
(സി) അജാതശത്രു (ഡി) ബിംബിസാരൻ
58. കനിഷ്കന്റെ തലസ്ഥാനം:
(എ) പുരുഷപുരം (ബി) ഗിരിവ്രജം
(സി) ശ്രാവസ്തി (ഡി) ഉജ്ജയിനി
59. അശോകനെ ഏറ്റവും മഹാനായ രാജാവെന്നു വിശേഷിപ്പിച്ച ചരിത്രകാരൻ:
(എ) മാക്സ്മുള്ളർ (ബി) എച്ച് ജി വെൽസ്
(സി) വിൻസെന്റ് സ്മിത്ത് (ഡി) റൊമില ഥാപ്പർ
60. പാകിസ്താനിലെ റാവൽപിണ്ടി നഗരത്തിനു സമീപം കാണപ്പെടുന്നത് ഏത് പ്രാചീന സർവകലാശാലയുടെ അവശിഷ്ടങ്ങളാണ്?
(എ) നളന്ദ (ബി) വിക്രംശില
(സി) തക്ഷശില (ഡി) ഉജ്ജയിനി
61. 'യൂചി' വർഗത്തിൽപെട്ട വംശം:
(എ) കുഷാന (ബി) മൗര്യ
(സി) ഹൂണ (ഡി) ഗുപ്ത
62. തന്റെ നാണയങ്ങളിൽ ബുദ്ധന്റെ രൂപം മുദ്രണംചെയ്ത ആദ്യ രാജാവ്:
(എ) അശോകൻ (ബി) കനിഷ്കൻ
(സി) ഹർഷൻ (ഡി കുമാരഗുപ്തൻ
63. പുരാണങ്ങളിൽ ആന്ധ്രജൻമാർ എന്ന പേരിൽ പരാമർശിക്കപ്പെടുന്ന രാജവംശം:
(എ) ഗുപ്തൻമാർ (ബി) ശതവാഹനൻമാർ
(സി) പല്ലവൻമാർ (ഡി) രാഷ്ട്രകൂടർ
64. 'ഹിന്ദുകാലഘട്ടത്തിലെ അക്ബർ' എന്നു വിളിക്കപ്പെട്ടത്:
(എ) അശോകൻ (ബി) കനിഷ്കൻ
(സി) ഹർഷൻ (ഡി) വിക്രമാദിത്യൻ
65. 'കവിരാജ' എന്നറിയപ്പെട്ടത്:
(എ) ചന്ദ്രഗുപ്തൻ (ബി) സമുദ്രഗുപ്തൻ
(സി) കാളിദാസൻ (ഡി) അമോഘവർഷൻ
66. രാഷ്ട്രകൂട രാജാവായ അമോഘവർഷൻ രചിച്ച കൃതി
(എ) കവിരാജമാർഗം (ബി) സപ്തശതകം
(സി) രത്നാവലി (ഡി) രാജതരംഗിണി
67. ആരുടെ സദസ്യനായിരുന്നു ദണ്ഡി?
(എ) ഹർഷൻ (ബി) കനിഷ്കൻ
(സി) നരസിംഹവർമൻ (ഡി) വിക്രമാദിത്യൻ
68. ഇന്ത്യയെന്നത് ഒരു രാജ്യമാണെന്നും അതിന് ഒരേ സംസ്കാരമാണുള്ളതെന്നും ആദ്യമായി തെളിയിച്ച ഭരണാധികാരി:
(എ) ബിംബിസാരൻ (ബി) ബിന്ദുസാരൻ
(സി) ചന്ദ്രഗുപ്തമൗര്യൻ(ഡി) അശോകൻ
69. 'ഏറ്റവും മഹാനായ രാജാവ്' എന്ന് എച്ച് ജി വെൽസ് വിശേഷിപ്പിച്ചതാരെയാണ്?
(എ) വിക്രമാദിത്യൻ (ബി) അശോകൻ
(സി) കനിഷ്കൻ (ഡി) ഹർഷൻ
70. പുഷ്യമിത്രസുംഗന്റെ കാലത്തെ നിരവധി സംഭവങ്ങളെക്കുറിച്ച് പരാമർശിക്കുന്ന പതഞ്ജലിയുടെ കൃതി:
(എ) ബുദ്ധചരിതം (ബി) കഥാസരിത് സാഗരം
(സി) ദശകുമാരചരിതം (ഡി) മഹാഭാഷ്യം
71. 'ശകാരി' എന്ന ബിരുദം സ്വീകരിച്ച ഗുപ്തരാജാവ്:
(എ) വിക്രമാദിത്യൻ (ബി) സമുദ്രഗുപ്തൻ
(സി) പുരഗുപ്തൻ (ഡി) കുമാരഗുപ്തൻ
72. ഹിന്ദുമതം സ്വീകരിച്ച യവന അംബാസഡർ
(എ) ഡമട്രിയസ് (ബി) ഹീലിയോഡോറസ്
(സി) ഡയമാക്കസ് (ഡി) മെഗസ്തനീസ്
73. 'മിലിന്ദ പാൻഹോ' എന്ന കൃതിയുടെ ഇതിവൃത്തം ആരൊക്കെ തമ്മിലുള്ള സംഭാഷണമാണ്?
(എ) ശ്രീബുദ്ധനും ആനന്ദനും
(ബി) മഹാവീരനും ജമാലിയും
(സി) മെനാൻഡറും നാഗാർജുനനും
(ഡി) ചന്ദ്രഗുപ്തമൗര്യനും ഭദ്രബാഹുവും
74. ബുദ്ധമത ഗ്രന്ഥങ്ങൾ പ്രധാനമായും ഏതു ഭാഷയിലാണ് രചിക്കപ്പെട്ടത്:
(എ) പാലി (ബി) സംസ്കൃതം
(സി) തമിഴ് (ഡി) ഹിന്ദി
75. താഴെപ്പറയുന്നവരിൽ ആരെയാണ് 'ഇന്ത്യൻ ഐൻസ്റ്റീൻ' എന്നു വിശേഷിപ്പിക്കുന്നത്?
(എ) ആര്യഭടൻ (ബി) നാഗാർജുനൻ
(സി) വസുമിത്രൻ (ഡി) കണാദൻ

## Answers

26(a) 27(b) 28(b) 29(b) 30(a) 31(a) 32(b) 33(a) 34(c) 35(b) 36(a) 37(a) 38(b) 39(b) 40(b) 41(a) 42(b) 43(c) 44(b) 45(a) 46(a) 47(c) 48(b) 49(a) 50(d) 51(b) 52(a) 53(c) 54(d) 55(b) 56(a) 57(b) 58(a) 59(b) 60(c) 61(a) 62(b) 63(b) 64(c) 65(b) 66(a) 67(c) 68(c) 69(b) 70(d )71(a) 72(b) 73(c) 74(a) 75(b)

SSLC/HSC Level

# Indian Geography-1

1. സിന്ധുനദിക്ക് ഇന്ത്യയിലെ പഞ്ചാബിൽ എത്ര പോഷകനദികളാണുള്ളത്?
(എ) 5 (ബി) 6
(സി) 10 (ഡി) 7
2. ഗേറ്റ്‌വേ ഓഫ് ഇന്ത്യ എവിടെ സ്ഥിതിചെയ്യുന്നു?
(എ) ന്യൂഡൽഹി (ബി) ചെന്നൈ
(സി) കൊൽക്കത്ത (ഡി) മുംബൈ
3. നാഷണൽ ഹിസ്റ്ററി മ്യൂസിയം എവിടെയാണ്?
(എ) ഡെൽഹി (ബി) കൊൽക്കത്ത
(സി) പൂണെ (ഡി) ഡാർജിലിങ്
4. ഇന്ത്യൻ യൂണിയന്റെ ഭാഗമായ ലക്ഷദ്വീപ് ഏതു സമുദ്രത്തിലാണ് സ്ഥിതിചെയ്യുന്നത്?
(എ) അറബിക്കടൽ (ബി) ബംഗാൾ ഉൾക്കടൽ
(സി) ഇന്ത്യൻ മഹാസമുദ്രം(ഡി) മാന്നാർ ഉൾക്കടൽ
5. ഏഷ്യാവൻകരയിൽ ഏറ്റവും കൂടുതൽ ഭക്ഷ്യധാന്യം കയറ്റുമതിചെയ്യുന്ന രാജ്യം:
(എ) മ്യാൻമാർ (ബി) ഫിലിപ്പൈൻസ്
(സി) മലേഷ്യ (ഡി) ഇന്ത്യ
6. ഭിലായ് സ്റ്റീൽ ഫാക്ടറി ഏത് സംസ്ഥാനത്താണ്?
(എ) ഛത്തിസ്ഗഢ് (ബി) മഹാരാഷ്ട്ര
(സി) ഉത്തർപ്രദേശ് (ഡി) ഒറീസ
7. ഇന്ത്യയിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളം?
(എ) തിരുവനന്തപുരം (ബി) ലക്നൗ
(സി) പാറ്റ്ന (ഡി) സിംല
8. ഏത് ഇന്ത്യൻ സംസ്ഥാനത്താണ് മൗണ്ട് അബു?
(എ) അരുണാചൽ പ്രദേശ്(ബി) അസം
(സി) രാജസ്ഥാൻ (ഡി) ഹിമാചൽപ്രദേശ്
9. രണ്ടു തലസ്ഥാനങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം?
(എ) മധ്യപ്രദേശ് (ബി) മേഘാലയ
(സി) ജമ്മുകാശ്മീർ (ഡി) പശ്ചിമബംഗാൾ
10. ഏറ്റവും കൂടുതൽ വനപ്രദേശമുള്ള ഇന്ത്യൻ സംസ്ഥാനം?
(എ) അസം (ബി) മധ്യപ്രദേശ്
(സി) കർണാടകം (ഡി) കേരളം
11. കണ്ടൽ വനങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത്?
(എ) ഉത്തരാഞ്ചൽ (ബി) കർണാടകം
(സി) പശ്ചിമബംഗാൾ (ഡി) മധ്യപ്രദേശ്
12. ഏത് തെന്നിന്ത്യൻ സംസ്ഥാനത്താണ് പോയിന്റ് കാലിമെർ എന്ന വന്യജീവി- പക്ഷിസങ്കേതം സ്ഥിതിചെയ്യുന്നത്?
(എ) പോണ്ടിച്ചേരി (ബി) തമിഴ്നാട്
(സി) കർണാടകം (ഡി) കേരളം
13. മുംബൈ നഗരത്തിലുള്ള ഒരു പ്രശസ്തമായ വനം ഇപ്പോൾ ഒരു ദേശീയോദ്യാനമാണ്. ഏതാണത്?
(എ) ബിർള നാഷണൽ പാർക്ക്
(ബി) സഞ്ജയ്ഗാന്ധി നാഷണൽ പാർക്ക്
(സി) രാജീവ് ഗാന്ധി നഷണൽപാർക്ക്
(ഡി) ടാറ്റ നാഷണൽ പാർക്ക്
14. ഗീർവനങ്ങൾ ഏത് സംസ്ഥാനത്താണ്?
(എ) ഗുജറാത്ത് (ബി) കേരളം
(സി) അസം (ഡി) കർണാടകം
15. ഭൂമധ്യരേഖയ്ക്കടുത്ത് സ്ഥിതിചെയ്യുന്ന ഇന്ത്യൻ മെട്രോപോളിറ്റൻ നഗരം?
(എ) ഡെൽഹി (ബി) മുംബൈ
(സി) ചെന്നൈ (ഡി) കൊൽക്കത്ത
16. മുല്ലപ്പെരിയാർ ഡാം തർക്കവുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങൾ?
(എ) കേരളം- കർണാടകം
(ബി) കേരളം- പോണ്ടിച്ചേരി
(സി) കേരളം- തമിഴ്നാട്
(ഡി) തമിഴ്നാട്- കർണാടകം
17. ഇന്ത്യയിൽ ലിഗ്നൈറ്റ് കാണപ്പെടുന്ന സംസ്ഥാനം?
(എ) മധ്യപ്രദേശ് (ബി) ഉത്തർപ്രദേശ്
(സി) പഞ്ചാബ് (ഡി) തമിഴ്നാട്
18. സർദാർ സരോവർ അണക്കെട്ട് ഏത് നദിയിലാണ്?
(എ) മഹാനദി (ബി) നർമദ
(സി) കൃഷ്ണ (ഡി) സബർമതി
19. ഇന്ത്യയിലേറ്റവും കൂടുതൽ പരുത്തി ഉൽപാദിപ്പിക്കുന്ന സംസ്ഥാനം?
(എ) ഉത്തർപ്രദേശ് (ബി) ഗുജറാത്ത്
(സി) രാജസ്ഥാൻ (ഡി) മധ്യപ്രദേശ്
20. താഴെപ്പറയുന്നവയിൽ ഏത് സംസ്ഥാനത്താണ് എണ്ണ ശുദ്ധീകരണശാല ഇല്ലാത്തത്?
(എ) ആന്ധ്രപ്രദേശ് (ബി) കേരളം
(സി) മധ്യപ്രദേശ് (ഡി) തമിഴ്നാട്
21. നാസിക് ഏത് നദിയുടെ തീരത്താണ്?
(എ) ഗോദാവരി (ബി) നർമദ
(സി) തപ്തി (ഡി) ഗംഗ
22. ഉത്തർപ്രദേശിലെ ഫിറോസാബാദ് എന്തിനാണ് പ്രസിദ്ധം?
(എ) തുകൽ വ്യവസായം (ബി) ഗ്ലാസ്‌വ്യവസായം
(സി) റബർവ്യവസായം (ഡി) പരുത്തിവ്യവസായം
23. വിസ്തീർണാടിസ്ഥാനത്തിൽ ലോകത്ത് ഇന്ത്യയുടെ സ്ഥാനം?
(എ) ഒന്ന് (ബി) പത്ത്
(സി) ഏഴ് (ഡി) രണ്ട്
24. താഴെ പറയുന്നതിൽ അന്താരാഷ്ട്ര പദ്ധതി ഏത്?
(എ) ചംബൽ പദ്ധതി (ബി) തുംഗഭദ്ര
(സി) നാഗാർജുനസാഗർ (ഡി) കോസിപദ്ധതി
25. ഫറാക്ക പിന്നിട്ട് ബംഗ്ലാദേശിലെത്തുമ്പോൾ ഗംഗ എന്തു പേരിൽ അറിയപ്പെടുന്നു?
(എ) പദ്മ (ബി) ഗംഗാസാഗർ
(സി) സ്വർണഗംഗ (ഡി) മേഘ്ന
26. ഘാന പക്ഷിസങ്കേതം എവിടെയാണ്?
(എ) ഭരത്പൂർ (ബി) ചെന്നൈ



(സി) മൈസൂർ (ഡി) സുൽത്താൻപൂർ
27. ഇന്ത്യക്കും പാകിസ്ഥാനുമിടയ്ക്ക് സർവീസ് നടത്തുന്ന തീവണ്ടി?
(എ) സംജോധാ എക്സ്പ്രസ്
(ബി) മൈത്രി എക്സ്പ്രസ്
(സി) രാജധാനി എക്സ്പ്രസ്
(ഡി) സദ്ഭാവന എക്സ്പ്രസ്
28. ലക്ഷദ്വീപിലെ ഭാഷ?
(എ) ഹിന്ദി (ബി) മലയാളം
(സി) തെലുങ്ക് (ഡി) ഇംഗ്ലീഷ്
29. ഡച്ചിഗാം വന്യജീവി സങ്കേതം എവിടെയാണ്?
(എ) ലഖിംപൂർഖേരി(യുപി) (ബി) ശ്രീനഗർ
(സി) ഇടുക്കി (ഡി) ഹസാരിബാഗ്
30. ടാറ്റാ അയൺ ആന്റ് സ്റ്റീൽ ഫാക്ടറി സ്ഥിതിചെയ്യുന്ന സ്ഥലം?
(എ) ഭദ്രാവതി (ബി) റൂർക്കല
(സി) ചിത്തരഞ്ജൻ (ഡി) ജംഷഡ്പൂർ
31. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നഗരവൽകൃതമായ സംസ്ഥാനം?
(എ) മഹാരാഷ്ട്ര (ബി) കർണാടകം
(സി) തമിഴ്നാട് (ഡി) ഗോവ
32. പ്രതിശീർഷ വരുമാനം ഏറ്റവും കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം?
(എ) ബിഹാർ (ബി) കാശ്മീർ
(സി) രാജസ്ഥാൻ ഡി) കേരളം
33. സതേൺ റെയിൽവെയുടെ മുഖ്യ ആസ്ഥാനം എവിടെയാണ്?
(എ) തിരുവനന്തപുരം (ബി) ചെന്നൈ
(സി) പാലക്കാട് (ഡി) ഷൊർണൂർ
34. ജമ്മുവിനെയും കന്യാകുമാരിയെയും ബന്ധിപ്പിച്ച് ഓടുന്ന ട്രെയിൻ ഏതാണ്.?
(എ) രാജധാനി എക്സ്പ്രസ്
(ബി) ജയന്തിജനത എക്സ്പ്രസ്
(സി) കേരള എക്സ്പ്രസ്
(ഡി) ഹിമസാഗർ എക്സ്പ്രസ്
35. കോളാർ സ്വർണഖനി ഏത് സംസ്ഥാനത്തിലാണ്?
(എ) കേരളം (ബി) ആന്ധ്രപ്രദേശ്
(സി) തമിഴ്നാട് (ഡി) കർണാടക
36. സൂര്യോദയവും സൂര്യാസ്തമയവും കാണാവുന്ന



സ്ഥലം?
(എ) കോവളം (ബി) കന്യാകുമാരി
(സി) രാമേശ്വരം (ഡി) ഹിമാലയം
37. ലോകത്തിൽ ഏറ്റവും കൂടുതൽ സ്വർണം ഉപയോഗിക്കുന്ന രാജ്യം ഏത്?
(എ) ഇന്ത്യ (ബി) റഷ്യ
(സി) ചൈന (ഡി) അമേരിക്ക
38. 'കിഴക്കിന്റെ സ്കോട്‌ലൻഡ്' എന്നറിയപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം?
(എ) മണിപ്പൂർ (ബി) മിസൊറാം
(സി) മേഘാലയ (ഡി) ഹിമാചൽപ്രദേശ്
39. ബ്രിട്ടീഷ് ഇന്ത്യയുടെ മധ്യഭാഗത്തുള്ള നഗരമേതായിരുന്നു?
(എ) ഭോപ്പാൽ (ബി) നാസിക്
(സി) നാഗ്പൂർ (ഡി) ജബൽപൂർ
40. റബർകൃഷി ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം:
(എ) കർണാടകം (ബി) തമിഴ്നാട്
(സി) തെലങ്കാന (ഡി) കേരളം
41. കാവേരിയുടെ പോഷകനദി?
(എ) കബനി (ബി) പയസ്വിനി
(സി) നെയ്യാർ (ഡി) ഗോദാവരി
42. ഇന്ത്യയിലെ ലോകപ്രസിദ്ധമായ ധാതുമേഖല?
(എ) ഡക്കാൺ പീഠഭൂമി
(ബി) ഛോട്ടാ നാഗ്പൂർ പീഠഭൂമി
(സി) ഷില്ലോങ് പീഠഭൂമി
(ഡി) വടക്കുകിഴക്കൻ അതിർത്തി
43. ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം?
(എ) ബീഹാർ (ബി) ഒറീസ
(സി) ഉത്തർപ്രദേശ് (ഡി) മധ്യപ്രദേശ്
44. ഏത് രാജ്യത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഒറീസയിലെ റൂർക്കേല സ്റ്റീൽപ്ലാന്റ് നിർമിച്ചത്?
(എ) റഷ്യ (ബി) ജർമനി
(സി) ബ്രിട്ടൺ (ഡി) യുഎസ്എ
45. നാഷണൽ എൻവയോൺമെന്റ് എഞ്ചിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്?
(എ) ജംഷഡ്പൂർ (ബി) കട്ടക്ക്
(സി) റാഞ്ചി (ഡി) നാഗ്പൂർ
46. വിക്രം സാരാഭായ് സ്പേസ്സെന്റർ എവിടെയാണ്?
(എ) തിരുവനന്തപുരം (ബി) അഹമ്മദാബാദ്
(സി) ശ്രീഹരിക്കോട്ട (ഡി) ബാംഗ്ലൂർ
47. 'ഇന്ത്യയുടെ പൂന്തോട്ടം' ഏത്?
(എ) കാശ്മീർ (ബി) ഊട്ടി
(സി) ബാംഗ്ലൂർ (ഡി) ഇതൊന്നുമല്ല
48. കൊങ്കൺ റെയിൽവെയുടെ നീളം?
(എ) 600 കി.മീ. (ബി) 760 കി.മീ
(സി) 800 കി.മീ (ഡി) 900 കി.മീ
49. ഏതു നദിയുടെ പോഷകനദികളിൽനിന്നാണ് പഞ്ചാബിന് ആ പേരുലഭിച്ചത്?
(എ) ഗംഗ (ബി) കൃഷ്ണ
(സി) സിന്ധു (ഡി) കാവേരി
50. ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമം ഏത് സംസ്ഥാനത്തിലാണ്?
(എ) ബിഹാർ (ബി) ഹരിയാന
(സി) പശ്ചിമബംഗാൾ (ഡി) ഉത്തർപ്രദേശ്

## Answers

1 (a) 2 (d) 3 (a) 4 (a) 5 (d) 6 (a)7 (a) 8 (c) 9 (c) 10 (b) 11 (c) 12 (b) 13 (b) 14 (a)15 (c) 16 (c) 17 (d) 18 (b) 19 (b) 20 (c) 21 (a) 22 (b) 23 (c) 24 (d) 25 (a) 26 (a) 27 (a) 28 (b) 29 (b) 30 (d) 31 (d) 32 (a) 33 (b) 34 (d) 35 (d) 36 (b) 37 (a)38 (c) 39 (c) 40 (d) 41 (a) 42 (b) 43 (c) 44 (b) 45 (d) 46 (a) 47 (a) 48 (b) 49 (c) 50 (d)

Fact Finder

# ലിപികളുടെ റാണി

* അങ്ങാടിപ്പുറത്തെ തിരുമാന്ധാംകുന്ന് ദേവീക്ഷേത്രനടയിൽനിന്നാണ് മാമാങ്കത്തിന് ചാവേറുകൾ പുറപ്പെട്ടിരുന്നത്.
* മാമാങ്കസമയത്ത് സാമൂതിരി നിൽക്കുന്ന സ്ഥലമാണ് നിലപാട് തറ എന്നറിയപ്പെട്ടിരുന്നത്.
* കേരളത്തിലെ ആദ്യത്തെ ക്രൈം മ്യൂസിയം തിരുവനന്തപുരത്താണ്.
* തിരുവമ്പാടി ബീച്ച് വർക്കലയ്ക്ക് സമീപമാണ്.
* അയ്യങ്കാളി ജലോൽസവം നടക്കുന്നത് മൂന്നാം ഓണനാളിൽ വെള്ളായണിക്കായലിലാണ്. ചിറയിൻകീഴ് ജലോൽസവം നടക്കുന്നത് അഞ്ചുതെങ്ങ് കായലിലാണ്. വാമനപുരം നദി അഞ്ചുതെങ്ങ് കായലിൽ ചേരുന്ന പുളിമൂട് എന്ന സ്ഥലത്തെ കടവിലാണ് ജലോത്സവം.
* ഏറ്റവും കൂടുതൽ എണ്ണക്കുരുക്കൾ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം ഉത്തർ പ്രദേശാണ്.
* ഇന്ത്യയിലെ ഏറ്റവും വലിയ ജുഡിഷ്യൽ കോംപ്ലക്സ് ചെന്നൈയിലാണ്.
* മനുഷ്യരിലെ ഏറ്റവും ചെറിയ ക്രോമസോം 21 –മത്തേതാണ്. ഏറ്റവും വലുത് ഒന്നാമത്തെയും.
* രാഷ്ട്ര നയ നിർദ്ദേശക തത്ത്വങ്ങളെ Instruments of Instructions എന്ന് വിശേഷിപ്പിച്ചത് ഡോ.അംബേദ്കർ ആണ്.
* പദവിയിലെത്തുംമുമ്പ് ഭാരത രത്ന ലഭിച്ച ആദ്യ പ്രസിഡന്റ് ഡോ.സക്കീർ ഹുസൈനാണ്.
* ജവാഹർലാൽ നെഹ്രു കഴിഞ്ഞാൽ കാലാവധിയായ അഞ്ചുവർഷം പൂർത്തിയാക്കിയശേഷം വീണ്ടും അധികാരത്തിലെത്തിയ ഏക നേതാവ്.
* ക്യാമൽസ് ഹംപ് മൗണ്ടൻസ് എന്നറിയപ്പെടുന്ന വെള്ളരിമല കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്നു. വെള്ളരിമലയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ വാവുൾമല (2339 മീ.) പശ്ചിമ ഘട്ടത്തിൽഷ്യ നീലഗിരിക്ക് വടക്കായിട്ടുള്ള ഏറ്റവും ഉയരം കൂടിയ ഭാഗമാണ്.
* 'മിനി ലാസ' എന്നറിയപ്പെടുന്നത് ധർമശാല.
* ഖനികളുടെ നഗരം എന്നറിയപ്പെടുന്നത് ധൻബാദ് ആണ്.
* ഹിമാലയൻ പ്രദേശങ്ങളിലെ വൃക്ഷങ്ങളെയും ജീവികളെയും സംരക്ഷിക്കുന്നതിന് രൂപം നൽകിയ പ്രസ്ഥാനമാണ് ചിപ്കോ പ്രസ്ഥാനം. ചമോലി ജില്ലയിലെ മണ്ഡൽ ഗ്രാമത്തിൽ 1973–ൽ ആണ് സംഘടന രൂപംകൊണ്ടത്. ചണ്ഡിപ്രസാദ് ഭട്ട് എന്ന ഗ്രാമീണന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഈ പ്രസ്ഥാനം മരങ്ങളെ കെട്ടിപ്പിടിച്ചുനിന്ന് അവയെ സംരക്ഷിക്കുന്ന സമരമുറയാണ് സ്വീകരിച്ചത്. ചിപ്കോ എന്ന വാക്കിനർഥം കെട്ടിപ്പിടിക്കുക എന്നാണ്. സുന്ദർലാൽ ബഹുഗുണ നേതൃത്വത്തിലൂടെയാണ് ഈ പ്രസ്ഥാനം ലോകശ്രദ്ധയിലെത്തിയത്.
* കഴുകൻമാരില്ലാത്ത വൻകരകളാണ് ഓസ്ട്രേലിയയും അന്റാർട്ടിക്കയും.
* മലയാളത്തിലെ ചില ലിപികൾ തുളുവിൽ ഇല്ല എങ്കിലും തുളു ലിപിക്ക് ഏറ്റവും കൂടുതൽ സാദൃശ്യം ഉള്ളത് മലയാള ലിപിയോടാണ്.
* ഹൈക്കോടതി ജഡ്ജിയായ ആദ്യ വനിത അന്നാചാണ്ടിയാണ്. കേരള ഹൈക്കോടതിയിൽ 1959–67 കാലയളവിൽ ജഡ്ജിയായിരുന്നു. ഹൈക്കോടതി ചീഫ് ജസ്റ്റിസായ ആദ്യ വനിത ലീലാ സേത്ത് ആണ്. ഹിമാചൽ പ്രദേശ് ഹൈക്കോടതിയിലാണ് അവർ മുഖ്യ ന്യായാധിപ ആയത് (1991).
* രുക്മിണി ദേവി അരുണ്ടേൽ ചെന്നൈയ്ക്കടുത്ത് അഡയാറിൽ കലാക്ഷേത്ര സ്ഥാപിച്ചത് 1936–ൽ ആണ്.
* ലിപികളുടെ റാണി എന്ന് ആചാര്യ വിനോബ ഭാവെ വിശേഷിപ്പിച്ചത് കന്നഡ ലിപിയെയാണ്.
* ഹോൺബിൽ ഫെസ്റ്റിവൽ (Hornbill Festival) നടക്കുന്ന ത് കൊഹിമയ്ക്കടുത്ത് കിസാമയിലാണ്. ഇത് വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ സാസ്കാരിക ഉത്സവമാണ്.
* സെപ്തംബറിലെ ആദ്യ ശനിയാഴ്ച ഇന്റർനാഷണൽ വൾച്ചർ അവയർനെസ് ഡേ ആയി ആചരിക്കുന്നു.
* കേരളത്തിലെ ആദ്യത്തെ സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിങ് ലബോറട്ടറി ആരംഭിച്ചത് തിരുവനന്തപുരത്താണ് (2016 സെപ്തംബർ).ഇന്ത്യയിൽ ഇത്തരത്തിലുള്ള പ്രഥമസംരംഭം തുടങ്ങിയത് ചണ്ഡിഗഢിലാണ് (2016 ഏപ്രിൽ)
* ത്രിഭാഷാ പദ്ധതി നടപ്പിൽവരുത്താത്ത സംസ്ഥാനം തമിഴ്നാടാണ്. സി.എൻ.അണ്ണാദുരൈയുടെ നിലപാടായിരുന്നു ഇതിന് കാരണം.
* തെലങ്കാനയെയും റായലസീമയെയും വേർതിരിക്കുന്ന നദിയാണ് കൃഷ്ണ.
* ബ്രഹ്മപുത്രയുടെ പാട്ടുകാരൻ എന്നറിയപ്പെട്ടിരുന്നത് ഭൂപൻ ഹസാരിക (1926–2011) ആണ്.
* ആന്ധ്രാപ്രദേശിന്റെ തെക്കേ അറ്റത്തെ മലനിരകളാണ് നാഗലാപുരം മലകൾ.
* പാരാലിംപിക്സിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിത ദീപാ മാലിക് ആണ്. 2016–ൽ ഷോട്പുട്ടിൽ വെള്ളി മെഡൽ നേടി.
* യൂറോപ്യൻമാർ ഒരിക്കൽ ജെന്തു എന്നു വിളിച്ചിരുന്ന ഭാഷയാണ് തെലുങ്ക്.
* 1949–ൽ ബംഗാളിനോട് ചേർക്കപ്പെട്ട നാട്ടുരാജ്യമാണ് കുച്ച് ബിഹാർ. ജയ്പൂരിലെ രാജമാതാവ് എന്ന നിലയിൽ പ്രസിദ്ധയായ ഗായത്രിദേവി (1919–2009) കുച്ച് ബിഹാറിലെ രാജകുമാരിയായിരുന്നു. ജയ്പൂരിലെ അവസാനത്തെ ഭരണാധികാരിയായിരുന്ന സവായ് മാൻസിങ് രണ്ടാമനെയാണ് അവർ വിവാഹം കഴിച്ചത്.
* അഹമ്മദാബാദിൽ നിന്ന് അച്ചടിച്ചിരുന്ന നവജീവൻ എന്ന പ്രസിദ്ധീകരണത്തിലാണ് ഗാന്ധിജിയുടെ ആത്മകഥ ആദ്യമായി മഷിപുരണ്ടത്. പിന്നീട് ഇംഗ്ളിഷ് പരിഭാഷ യങ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചു. ഇംഗ്ലിഷ് തർജമ തയ്യാറാക്കിയത് മഹാദേവ് ദേശായിയും പ്യാരേലാലുമാണ്. 29 മുതൽ 43 വരെയുള്ള അധ്യായങ്ങളാണ് പ്യാരേലാൽ മൊഴിമാറ്റം നടത്തിയത്. ഇംഗ്ലിഷ് പരിഭാഷ രണ്ട് വോള്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചത്. ആദ്യത്തേത് 1927–ലും രണ്ടാമത്തേത് 1929–ലുമാണ് പുറത്തുവന്നത്.
* ഗാന്ധിജിയുടെ ആത്മകഥയുടെ ഗുജറാത്തി ഭാഷയിലെ ശീർഷകം സത്യാന പ്രയോഗ അഥവാ ആത്മകഥ എന്നായിരുന്നു. ആദ്യ ഹിന്ദി പരിഭാഷ സത്യ കെ പ്രയോഗ് എന്നും ആദ്യ ബംഗാളി പരിഭാഷ സത്യേർ പ്രയോഗ് എന്നും ഉള്ള പേരുകളിലാണ് പ്രസിദ്ധീകൃതമായത്. ആദ്യ തമിഴ് പരിഭാഷ തയ്യാറാക്കിയ കൽക്കി (ആർ.കൃഷ്ണമൂർത്തി) സത്യ ശോധനൈ എന്ന പേരാണ് സ്വീകരിച്ചത്. നവശക്തി എന്ന പ്രസിദ്ധീകരണത്തിലാണ് അത് ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത്.
* കേരളത്തിലെ ആദ്യത്തെ ജയിൽ മ്യൂസിയം സ്ഥാപിക്കാൻ തീരുമാനിച്ചത് കണ്ണൂർ ജയിലിലിലാണ്.
* കേരളത്തിലെ ആദ്യത്തെ ഹൈ സെക്യൂരിറ്റി ജയിൽ സ്ഥാപിച്ചത് വിയ്യൂരിലാണ് (2016).
* ചൂലന്നൂർ മയിൽ സങ്കേതത്തിലെ 200 ഹെക്ടർ സ്ഥലം കുഞ്ചൻ നമ്പ്യാരുടെ സ്മരണയ്ക്കായി കുഞ്ചൻ നമ്പ്യാർ സ്മൃതിവനം എന്ന് നാമകരണം ചെയ്തിരിക്കുന്നു.
* ഇന്റർനെറ്റ് ലഭ്യത മനുഷ്യാവകാശമായി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ച വർഷമാണ് 2011.
* ജാർഖണ്ഡിലെ ഏറ്റവും ഉയർന്ന ഭാഗമാണ് പരസ്നാഥ്. ഇവിടെ പ്രസിദ്ധമായ ഒരു ജൈനക്ഷേത്രമുണ്ട്.
* ഗ്രാമീണ മേഖലയിൽ സമ്പൂർണ ശൗചാലയ പദ്ധതി പൂർത്തിയാക്കിയ കേരളത്തിലെ ആദ്യത്തെ ജില്ല തൃശ്ശൂരാണ്.
* ഏറ്റവും കൂടുതൽ സംസ്ഥാനങ്ങൾ (അസം, അരുണാചൽ, നാഗാലാൻഡ്, മിസൊറം) പരിധിയിൽ വരുന്ന ഹൈക്കോടതി (4) ഗുവഹത്തിയാണ്. ഏറ്റവും കൂടുതൽ ജഡ്ജിമാരുള്ളത് അലഹബാദ് ഹൈക്കോടതിയിലാണ്.
* രാജ്യത്തെ ആദ്യത്തെ ശർക്കര മ്യൂസിയം സ്ഥാപിക്കുന്നത് ഇടുക്കി ജില്ലയിലെ മറയൂരിലാണ്.
* നാലു സംസ്ഥാനങ്ങൾ അധികാര പരിധിയിൽ വരുന്ന ഹൈക്കോടതി ഗുവഹത്തി. രണ്ട് സംസ്ഥാനങ്ങളും (മഹാരാഷ്ട്ര, ഗോവ) രണ്ട് കേന്ദ്രഭരണപ്രദേശങ്ങളും (ദാമൻ–ദിയു, ദദ്ര–നഗർ ഹവേലി) കീഴിലുള്ള ഹൈക്കോടതി മുംബൈ.
* ഏറ്റവും കൂടുതൽ സംസ്ഥാനങ്ങൾ പരിധിയിൽ വരുന്ന ഹൈക്കോടതി ഗുവഹത്തി. ഏറ്റവും കൂടുതൽ ജില്ലകൾ അധികാരപരിധിയിലുള്ള ഹൈക്കോടതി അലഹബാദ്.
* ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ വിമാനത്താവളം എന്ന നേട്ടം കൈവരിച്ചത് ന്യൂഡെൽഹിയിലെ ഇന്ദിരാഗാന്ധി ഇന്റർനാഷണൽ വിമാനത്താവളമാണ്.

## കേരള നവോത്ഥാനം



# പാമ്പാടി ജോൺ ജോസഫ്

* കേരളത്തിലെ ദളിത് വിമോചനപ്രസ്ഥാനത്തിന്റെ സമുന്നത നേതാവായിരുന്ന പാമ്പാടി ജോൺ ജോസഫ്, പുലയ സമുദായത്തിൽനിന്ന് മതപരിവർത്തനം നടത്തപ്പെട്ട ഒരാളുടെ മകനായി 1887–ൽ തിരുവല്ലയ്ക്കടുത്ത് ജനിച്ചു.
* ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കിയശേഷം അധ്യാപകനായി കോട്ടയത്തിനടുത്തുള്ള പാമ്പാടി എന്ന സ്ഥലത്ത് ജോലിയിൽ പ്രവേശിച്ചു. പേരിന് മുന്നിൽ പാമ്പാടി എന്ന സ്ഥലം വന്നത് അങ്ങനെയാണ്.
* ഒന്നാം ലോക മഹായുദ്ധക്കാലത്ത് 1914–ൽ ജോലി ഉപേക്ഷിച്ച് പട്ടാളത്തിൽ ചേർന്നു. പട്ടാളസേവനത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം തന്റെ സമുദായത്തിന്റെ അവശതകൾ പരിഹരിക്കുന്ന കാര്യങ്ങളിൽ സജീവമായി.
* 1921 ജനുവരി 14–ന് തിരുവിതാംകൂർ ചേരമർ മഹാസഭ സ്ഥാപിച്ചു. 1919–ൽ ജോൺ ജോസഫിന്റെ നേതൃത്വത്തിൽ ആരംഭിച്ച സാധുജനദൂതൻ എന്ന മാസിക പിന്നീട് സംഘടനയുടെ മുഖപത്രമായി. ഇതിന്റെ പ്രസിദ്ധീകരണം 1924 വരെ തുടർന്നു.
* പുലയർ കേരളത്തിലെ ആദിമ നിവാസികളാണ് എന്ന് വിശ്വസിച്ച ജോൺ ജോസഫ് തന്റെ സമുദായത്തിന്റെ പേര് കേരളത്തിലെ ജനങ്ങൾ എന്നർഥമുള്ള ചേരമർ എന്ന് പരിഷ്കരിച്ചു. തങ്ങളുടെ നഷ്ടപ്പെട്ട അവകാശങ്ങൾക്കായി ചേരമർ മഹാസഭ പോരാടി. ചേരമർ, പുലയർ, പറയർ, കുറവർ തുടങ്ങിയ സമുദായങ്ങൾ കേരളത്തിലെ ആദിദ്രാവിഡ വിഭാഗങ്ങളാണ് എന്നദ്ദേഹം വിശ്വസിച്ചു.
* കേരള നവോത്ഥാനസംഭവത്തിലെ ഒരു സുപ്രധാനസംഭവമാണ് തന്റെ സമുദായത്തിന്റെ ആത്മാഭിമാനം വീണ്ടെടുക്കുന്നതിന് ജോൺ ജോസഫ് ഐക്കര നാടുവാഴിക്ക് സ്വീകരണം സംഘടിപ്പിച്ചത്. ചേരവംശത്തിലെ അവസാനത്തെ നാടുവാഴിയുടെ പിന്മുറക്കാരാണ് ഐക്കരക്കുറുപ്പൻമാർ എന്നറിയപ്പെടുന്നത്. അവരിൽ ഒരാളായ കൃഷ്ണാദി ആശാനായിരുന്നു അക്കാലത്ത് ഐക്കര തറവാട്ടു കാരണവർ.
* 1923 മാർച്ച് ഒൻപതിന് ഐക്കര യജമാനന് തിരുവനന്തപുരത്ത് സ്വീകരണം സംഘടിപ്പിക്കുകയും തങ്ങളുടെ പുത്തൻ നാടുവാഴിയായി പ്രഖ്യാപിക്കുകയും ചെയ്തു.
* ജോൺ ജോസഫ് എഴുതിയ സവർണ ക്രിസ്ത്യാനികളും അവർണ ക്രിസ്ത്യാനികളും എന്ന പുസ്തകം സവർണ ക്രിസ്ത്യാനികൾക്കിടയിൽ വലിയ പ്രതിഷേധത്തിന് ഇടവരുത്തി.
* സാറയാണ് ജോൺ ജോസഫിന്റെ ജീവിത പങ്കാളിയായിരുന്നത്.
* 1931–ൽ ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിലിലേക്ക് ജോൺ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. അയ്യങ്കാളിക്കും പൊയ്കയിൽ അപ്പച്ചനും ഒപ്പം ഭൂമി സംഘടിപ്പിച്ച് ദളിതർക്കിടയിൽ വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.
* 1935 ഏപ്രിൽ 24–ന് ദളിതർക്ക് മറ്റുള്ളവർക്കൊപ്പം പൗരാവകാശങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബ്രിട്ടിഷ് പാർലമെന്റിൽ നിവേദനം സമർപ്പിച്ചു.
* 1940 ജൂലൈയിൽ അന്തരിച്ചു.

# Test Your GK


**ഒക്ടോബർ 1 ലക്കം ബുള്ളറ്റിനിന്റെ അടിസ്ഥാനത്തിൽ പൊതുവിജ്ഞാന നിലവാരം വിലയിരുത്തുന്നതിനുള്ള ഒരു ചോദ്യപേപ്പറാണിത്. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക്. തെറ്റിയാൽ 0.33 നെഗറ്റീവ് മാർക്ക്.**

**48 മാർക്ക് മുതൽ 50 വരെ** Excellent, **43-47** Very Good, **36-42-** Good, **26-35-** Average. **25 മാർക്കിനു താഴെയാണെങ്കിൽ കൂടുതൽ മനസ്സിരുത്തിയും ആവർത്തിച്ചുമുള്ള വായന അനിവാര്യം.**

1. താഴെപ്പറയുന്നവർക്ക് ഭാരത രത്നം ലഭിച്ചതിന്റെ ശരിയായ ക്രമം തിരഞ്ഞെടുക്കുക: 1. ഡോ.രാജേന്ദ്രപ്രസാദ് 2. ഡോ. എസ് രാധാകൃഷ്ണൻ 3. ഡോ.സക്കീർ ഹുസൈൻ
(എ) 1,2,3 (ബി) 2,1,3
(സി) 2,3,1 (ഡി) 1,3,2
2. ആദ്യത്തെ ശീതകാല പാരലിംപിക്സ് നടന്ന വർഷം:
(എ) 1960 (ബി) 1924
(സി) 1976 (ഡി) 1988
3. ഗവർണർ പദവിയിലിക്കെ അന്തരിച്ച ആദ്യ മലയാളി:
(എ) പട്ടം താണുപിള്ള
(ബി) എ.ജെ.ജോൺ
(സി) വി.കെ.വേലപ്പൻ
(ഡി) ഡോ.എ.ആർ.മേനോൻ
4. സ്വരാജ്ഭൂമിയിൽ അന്ത്യനിദ്ര കൊള്ളുന്നത്:
(എ) ഡോ.അംബേദ്കർ
(ബി) കെ.ആർ.നാരായണൻ
(സി) മഹാദേവ് ദേശായി
(ഡി) ബാലഗംഗാധര തിലകൻ
5. ഗേറ്റ്‌വേ ഓഫ് ഇന്ത്യ ഉദ്ഘാടനം ചെയ്ത വൈസ്രോയി:
(എ) ഇർവിൻ (ബി) ഡഫറിൻ
(സി) റീഡിങ് (ഡി) കഴ്സൺ
6. ഉജിനി തണ്ണീർത്തടം ഏത് സംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) മധ്യപ്രദേശ്
(സി) ഒഡിഷ (ഡി) ഗുജറാത്ത്
7. ഏത് സംഘടനയുടെ ആഭിമുഖ്യത്തിലാണ് 1885-ൽ മുംബൈയിൽ ഫെർഗുസൻ കോളേജ് സ്ഥാപിച്ചത്?
(എ) ഇന്ത്യൻ നാഷണൽ കോൺഗ്രസ്
(ബി) ഡെക്കാൺ എഡ്യുക്കേഷൻ സൊസൈറ്റി
(സി) തിയോസഫിക്കൽ സൊസൈറ്റി
(ഡി) ബോംബെ പ്രസിഡൻസി അസോസിയേഷൻ
8. താഴെപ്പറയുന്നവരിൽ ആരാണ് ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ സമയത്തെ പഞ്ചാബ് ഗവർണറായിരുന്ന മൈക്കൽ ഒഡയറുമായി നിയമയുദ്ധത്തിൽ ഏർപ്പെട്ടത്?
(എ) വി.പി.മേനോൻ
(ബി) സി.ശങ്കരൻ നായർ
(സി) ഉദ്ദം സിങ് (ഡി) കെ.കേളപ്പൻ
9. പറവൂർ ടി.കെ.നാരായണപിള്ള രാജിവച്ചപ്പോൾ തിരു-കൊച്ചി മുഖ്യമന്ത്രിയായത് ആരാണ്?
(എ) എ.ജെ.ജോൺ
(ബി) പനമ്പിള്ളി ഗോവിന്ദമേനോൻ
(സി) സി.കേശവൻ
(ഡി) പട്ടം താണുപിള്ള
10. ഫിറോസ് ജീജാഭായ് ടവേഴ്സിൽ പ്രവർത്തിക്കുന്ന പ്രശസ്തമായ സ്ഥാപനം:
(എ) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
(ബി) നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്
(സി) ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്
(ഡി) മുംബൈ ഹൈക്കോടതി
11. വില്യം ലോഗന്റെ മലബാർ മാന്വൽ പ്രസിദ്ധീകൃതമായ വർഷം:
(എ) 1887 (ബി) 1888
(സി) 1889 (ഡി) 1890
12. ഗോവയുടെ വിമോചനത്തിന് നേതൃത്വം നൽകിയത്?
(എ) എ.എസ്.വൈദ്യ
(ബി) കെ.കെ.ചേറ്റൂർ
(സി) ലഫ്.ജനറൽ കണ്ടേത്ത്
(ഡി) സോമനാഥ് ശർമ
13. ക്ഷണക്കത്ത് ദേവനാഗരി ലിപിയിലായതിനാൽ പദ്മശ്രീ നിരസിച്ച നേതാവാര്?
(എ) കെ.കേളപ്പൻ (ബി) എം.ജി.ആർ.
(സി) സ്വാമി രംഗനാഥാനന്ദ
(ഡി) ബാബാ ആംതെ
14. ഉൽക്കാ പതനത്തിന്റെ ഫലമായി രൂപംകൊണ്ട തടാകം:
(എ) ചിൽക്ക (ബി) സാംഭാർ
(സി) വുലാർ (ഡി) ലോണാർ
15. പദ്മ ബഹുമതികൾ നിലവിൽവന്ന വർഷം:
(എ) 1954 (ബി) 1950
(സി) 1956 (ഡി) 1947
16. നസ്രാണി സാഹിത്യ പ്രകാശിക എന്ന പേരിൽ പ്രസിദ്ധീകരണം തുടങ്ങാൻ ആദ്യം ഉദ്ദേശിച്ചിരുന്ന പത്രം:
(എ) മലയാള മനോരമ (ബി) ദീപിക
(സി) കേരള പത്രിക (ഡി) രാജ്യസമാചാരം
17. ഇന്ത്യൻ ഉപഭൂഖണ്ഡത്തിനുവെളിയിൽ ജനിക്കുകയും ഇന്ത്യയുടെയും പാകിസ്താന്റെയും പരമോന്നത ബഹുമതികൾ ലഭിക്കുകയും ചെയ്ത ഏക വ്യക്തി:
(എ) മദർ തെരേസ
(ബി) അതിർത്തി ഗാന്ധി
(സി) മൊറാർജി ദേശായി
(ഡി) നെൽസൺ മണ്ടേല
18. 1888-ൽ തിരുവിതാംകൂറിലെ ആദ്യത്തെ റിസർവ് വനമായി പ്രഖ്യാപിക്കപ്പെട്ടത്:
(എ) നെല്ലിക്കാംപട്ടി (ബി) ചെന്തുരുണി
(സി) അഗസ്ത്യകൂടം (ഡി) കോന്നി
19. 1949-ൽ തിരു-കൊച്ചി സംയോജനം നടന്ന സമയത്ത് കൊച്ചിയിലെ ഭരണസാരഥി ആരായിരുന്നു?
(എ) കെ.അയ്യപ്പൻ (ബി) ഇക്കണ്ടവാര്യർ
(സി) പനമ്പിള്ളി ഗോവിന്ദമേനോൻ
(ഡി) ടി.കെ.നായർ
20. 1957-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ വി.കെ.കൃഷ്ണമേനോൻ ജയിച്ച മണ്ഡലം:
(എ) തിരുവനന്തപുരം
(ബി) ബോംബെ നോർത്ത്
(സി) ബോംബെ സൗത്ത്
(ഡി) ഔട്ടർ ഡെൽഹി
21. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യ യോഗത്തിൽ അധ്യക്ഷത വഹിച്ച ദിവാൻ:
(എ) മാധവറാവു
(ബി) സി.പി.രാമസ്വാമി അയ്യർ
(സി) പി.രാജഗോപാലാചാരി
(ഡി) രാമറാവു
22. ശിവസാഗർ തടാകം ഏത് സംസ്ഥാനത്തിലാണ്?
(എ) രാജസ്ഥാൻ (ബി) ഉത്തരാഖണ്ഡ്
(സി) മഹാരാഷ്ട്ര (ഡി) കർണാടകം
23. ജോർജ് അഞ്ചാമൻ രാജാവ് ഇന്ത്യയിൽ വന്ന വർഷമേത്?
(എ) 1911 (ബി) 1912
(സി) 1913 (ഡി) 1914
24. സെൻസെക്സ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്:
(എ) ദീപക് മൊഹാനി
(ബി) കെ.എൻ.രാജ്
(സി) ജാക്വസ് ഡ്രെസെ
(ഡി) മഹലനോബിസ്
25. എത്ര വർഷത്തെ കാലാവധി നിശ്ചയിച്ചാണ് 1885-ൽ മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവച്ചത്?
(എ) 100 (ബി) 99
(സി) 999 (ഡി) 1000

## Answers

1(b) 2(c) 3(b) 4(d) 5(c) 6(a) 7(b) 8(b) 9(c) 10(c) 11(a) 12(c) 13(b) 14(d) 15(a) 16(b) 17(d) 18(d) 19(b) 20(b) 21(d) 22(c) 23(a) 24(a) 25(c)



## കേരളചരിത്രം

# പഴശ്ശി സമരങ്ങൾ (1793-1805)



* ബ്രിട്ടീഷുകാർക്കെതിരെ മലബാറിലെ ആദ്യത്തെ ശക്തവും ജനകീയവുമായ സമരം നടത്തിയത് വടക്കൻ കോട്ടയത്തെ കേരള വർമ പഴശ്ശിരാജയാണ്. കോട്ടയം രാജകുടുംബത്തിന്റെ ഒരു ശാഖയായ പുറനാട്ടു സ്വരൂപത്തിലെ പടിഞ്ഞാറേ കോവിലകത്താണ് പഴശ്ശി രാജയുടെ ജനനം (1753). ഇംഗ്ലിഷുകാരും മൈസൂരുമായുള്ള യുദ്ധത്തിൽ പഴശ്ശി രാജ ഇംഗ്ലിഷുകാരുടെ പക്ഷത്തായിരുന്നു. എന്നാൽ, പിന്നീട് അവർ പഴശ്ശിയോട് നീതിരഹിതമായ സമീപനമാണ് പുലർത്തിയത്. പഴശ്ശിക്ക് സ്വന്തം രാജ്യം നഷ്ടമായി. മാത്രമല്ല, കോട്ടയം രാജ്യത്തിന്റെ ഏതാനു ഭാഗത്തുനിന്ന് നികുതി പിരിക്കാനുള്ള അവകാശം ഈസ്റ്റിന്ത്യാക്കമ്പനി കുറുമ്പ്രനാട് രാജാവായ വീരവർമയെ ഏൽപിക്കുകയും ചെയ്തു. പഴശ്ശിയുടെ മാതുലനായിരുന്നു കുറുമ്പ്രനാട് രാജാവ്. അനുദിനം കൂടിക്കൊണ്ടിരിക്കുന്ന ബ്രിട്ടിഷ് വിരുദ്ധവികാരം മുതലെടുത്ത് പഴശ്ശിരാജ ഒരു ജനകീയ സമരം ആവിഷ്കരിച്ചു. നികുതി പിരിവിനെ എതിർത്ത പഴശ്ശി കമ്പനിയെ ധിക്കരിച്ചുകൊണ്ട് സ്വന്തം നാട്ടിൽ ഭരണം നടത്തി. പഴശ്ശിയുടെ കലാപത്തെ അമർച്ച ചെയ്യാൻ കമ്പനി നടപടികളാരംഭിച്ചു. പഴശ്ശി വയനാടൻ വനാന്തരങ്ങളിലേക്ക് പിൻവാങ്ങി ഒളിപ്പോർ തന്ത്രം പ്രയോഗിച്ചു. പഴശ്ശിയുടെ ഗറില്ലാ യുദ്ധമുറകളിലൂടെ കമ്പനിക്ക് പല തിരിച്ചടികളും നേരിടേണ്ടിവന്നു. തത്ഫലമായി 1797-ൽ കമ്പനി പഴശ്ശിയുമായി ഒരു താത്കാലിക സന്ധിക്ക് തയ്യാറായി. അതുപ്രകാരം കുറുമ്പ്രനാട് രാജാവിന് നികുതി പിരിക്കാനുണ്ടായിരുന്ന അവകാശം റദ്ദാക്കി. കൂടാതെ, പഴശ്ശിക്ക് പ്രതിവർഷം എണ്ണായിരം രൂപ പെൻഷൻ അനുവദിക്കുകയും ചെയ്തു. ഈ യുദ്ധവിരാമത്തിന് മധ്യസ്ഥത വഹിച്ചത് ചിറയ്ക്കൽ രാജാവായിരുന്നു.
* 1799-ൽ നാലാം ആംഗ്ലോ-മൈസൂർ യുദ്ധാനന്തരമുണ്ടായ ഉടമ്പടി പ്രകാരം വയനാട് പ്രദേശംകൂടി ഇംഗ്ലിഷുകാർക്ക് ലഭിച്ചു. എന്നാൽ, പഴശ്ശി വയനാടിനുമേൽ അവകാശമുന്നയിക്കുകയും ബ്രിട്ടിഷുകാരെ എതിർക്കുകയും ചെയ്തു. രണ്ടാം പഴശ്ശി സമരമെന്നറിയപ്പെടുന്ന ഈ സംഘർഷം ആരംഭിച്ചത് 1800-ൽ ആണ്. നായന്മാർ, കുറിച്യർ, മാപ്പിളമാർ തുടങ്ങിയവരുൾപ്പെട്ട വലിയ സൈന്യത്തെ അദ്ദേഹം സജ്ജമാക്കി. കമ്പനി സൈന്യവും പഴശ്ശി സൈന്യവും തമ്മിൽ നിരവധി ഏറ്റുമുട്ടലുകളുണ്ടായി.
* തലശ്ശേരി സബ്കലക്ടറായി ചുമതലയേറ്റ തോമസ് ഹാർവി ബാബർ പഴശ്ശിയെ തോൽപിക്കാൻ തന്ത്രങ്ങൾ മെനഞ്ഞു. 1805 നവംബർ 30ന് പുൽപള്ളി മാവിലത്തോടിന് സമീപംവച്ചുണ്ടായ ഏറ്റുമുട്ടലിൽ വെടിയേറ്റ് പഴശ്ശി മരണമടഞ്ഞു (അദ്ദേഹം ആത്മഹത്യ ചെയ്തതാണെന്നും പറയപ്പെടുന്നു).
* പഴശ്ശി കുടീരം മാനന്തവാടിയിലും പഴശ്ശി മ്യൂസിയം കോഴിക്കോട് ഈസ്റ്റ് ഹില്ലിലും പഴശ്ശി അണക്കെട്ട് കണ്ണൂർ ജില്ലയിലുമാണ് .
* കണ്ണവത്ത് ശങ്കരൻ നമ്പ്യാർ, കൈതേരി അമ്പു എന്നിവർ രാജയുടെ ഉദ്യമങ്ങളിൽ പിന്തുണപകർന്നവരാണ്. പഴശ്ശിയുടെ വലംകൈയായിരുന്ന മറ്റൊരു പ്രമുഖനാണ് എടച്ചേന കുങ്കൻ. പഴശ്ശിയെ സഹായിച്ച കുറിച്യനേതാവാണ് തലയ്ക്കൽ ചന്തു.
* പഴശ്ശി സമരങ്ങളുടെ വേദിയായിരുന്ന പുരളിമല തലശ്ശേരി താലൂക്കിലാണ്. കോട്ടയം രാജാക്കന്മാരുടെ മറ്റൊരു പേരാണ് പുരളീശ്വരൻമാർ. ശ്രീപോർക്കലി ഭഗവതിയാണ് ഭരദേവത.
* പഴശ്ശിയെ തോൽപിക്കാൻ പരിശ്രമിച്ച ബ്രിട്ടിഷ് മേജർ ജനറലായ ആർതർ വെല്ലസ്ലി അക്കാലത്ത് ഗവർണർ ജനറലായിരുന്ന റിച്ചാർഡ് കോളി വെല്ലസ്ലിയുടെ അനുജനായിരുന്നു. റിച്ചാർഡ് കോളി വെല്ലസ്ലിയുടെ കാലാവധി 1805 മാർച്ചിൽ അവസാനിച്ചതിനെത്തുടർന്ന് ഇരുവരും സ്വദേശത്തേക്ക് മടങ്ങി.
* സർദാർ കെ.എം.പണിക്കരാണ് പഴശ്ശി രാജയെ 'കേരള സിംഹം' എന്ന് വിശേഷിപ്പിച്ചത്.

# EXAMINATION PROGRAMME - DECEMBER 2016

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 1 | 01/12/2016<br>Thursday<br>07.30 AM*<br>to 09.15 AM | **LIBRARIAN GRADE IV**<br>**KERALA COMMON POOL LIBRARY**<br>(By Transfer from graduate with Degree in Library and Information Science)<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational Qualification **Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **17/11/2016** | 504/2015 |
| 2 | 01/12/2016<br>Thursday<br>07.30 AM*<br>to 09.15 AM | **LIBRARIAN GRADE IV**<br>**KERALA COMMON POOL LIBRARY**<br>(By Transfer from candidate with SSLC and Diploma in Library Science)<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational Qualification **Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **17/11/2016** | 505/2015 |
| 3 | 01/12/2016<br>Thursday<br>07.30 AM*<br>to 09.15 AM | **LIBRARIAN GRADE IV**<br>**KERALA COMMON POOL LIBRARY**<br>(By Transfer from candidates with SSLC and Certificate in Library Science)<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational Qualification **Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **17/11/2016** | 506/2015 |
| 4 | 01/12/2016<br>Thursday<br>07.30 AM*<br>to 09.15 AM | **LIBRARIAN GRADE IV**<br>**KERALA COMMON POOL LIBRARY**<br>(Direct Recruitment)<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational Qualification **Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **17/11/2016** | 507/2015 |
| | | **COMMON TEST FOR SL.No. 1, 2, 3 & 4 ABOVE** | |
| 5 | 02/12/2016<br>Friday<br>07.30 AM*<br>to 09.15 AM | **TRADESMAN (TURNING)**<br>**TECHNICAL EDUCATION DEPARTMENT**<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post<br>**Part I :** Questions based on Technical Qualification **Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-ENGLISH)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **18/11/2016** | 529/2015<br>IDK |
| 6 | 06/12/2016<br>Tuesday<br>07.30 AM*<br>to 09.15 AM | **TECHNICAL SUPERVISOR**<br>**KERALA ARTISANS DEVELOPMENT CORPORATION LIMITED**<br>**Syllabus :** An Objective Type Test (OMR Valuation)based on the qualification prescribed for the post.<br>**Part I** : Electrical Engineering **Part II** : Mechanical Engineering<br>**Part III** : Electronics Engineering **Part IV** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-ENGLISH)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **22/11/2016** | 658/2014<br>Further details regarding main topics are available on the website |
| 7 | 07/12/2016<br>Wednesday<br>07.30 AM *<br>to 09.15 AM | **DRAFTSMAN GRADE II/TOWN PLANNING SURVEYOR GRADE II**<br>**(SR FOR SC/ST)**<br>**TOWN AND COUNTRY PLANNING**<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational qualification prescribed<br>**Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-ENGLISH)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **23/11/2016** | 428/2015 |
| 8 | 08/12/2016<br>Thursday<br>07.30 AM*<br>to 09.15 AM | **PHARMACIST GRADE II**<br>**INSURANCE MEDICAL SERVICES**<br>**Syllabus :** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational qualification prescribed<br>**Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-ENGLISH)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.infrom **24/11/2016** | 515/2015<br>TVM, KLM<br>EKM, TSR<br>KKD |
| 9 | 08/12/2016<br>Thursday<br>07.30 AM*<br>to 09.15 AM | **COMPOUNDER**<br>**(PHARMACIST)/COMPOUNDER**<br>**PLANTATION CORPORATION OF KERALA LIMITED/**<br>**STATE FARMING CORPORATION OF KERALA LIMITED**<br>**Syllabus** : An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Part I :** Questions based on Educational qualification prescribed<br>**Part II** : General Knowledge, Current Affairs & Renaissance of Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-ENGLISH)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.infrom **24/11/2016** | 165/2016 |
